
കൗമുദി
ആഴ്ചപതിപ്പു



ആണ്ടു അവസാനിക്കുകയാണു

നിങ്ങൾക്കു പുതുവർഷത്തെ
കണക്കുകൾ എഴുതണ്ടേ?

ആഫീസ് ആവശ്യത്തിനുള്ള എല്ലാവിധ അക്കൗണ്ടുബുക്കുകളും

ഭംഗിയും മനോഹരമായും

★

അച്ചടിച്ചു തയാറാക്കി തരുന്നതാണ്

നേരത്തെ ബുക്കുകൾ തയ്യാറാക്കിക്കുക

ഇന്ദിരാ പ്രിൻറിംഗ് വർക്ക്സ്,

പേട്ട — തിരുവനന്തപുരം

Reg: T. 168. Reg: M. 5661

പത്രാധിപർ—കെ. ബാലകൃഷ്ണൻ

കൗമുദി മാസികയുടെ പ്രത്യേകപതിപ്പ്

പുസ്തകം 1 | 1126 വൃശ്ചികം 12 തിങ്കൾ | ലക്കം 37

സാഹിത്യത്തിലെ വഴക്കുകൾ

(കെ. ബാലകൃഷ്ണൻ)

എല്ലാദിവസവും പത്രമെടുത്തു നോക്കിയാൽ സാഹിത്യത്തിലെ ചേരിതിരിവിനെപ്പറ്റിയോ സാഹിത്യകാരന്റെ കടമകളെപ്പറ്റിയോ ഒരു പ്രസംഗികൻ നടത്തിയ പ്രസംഗത്തിന്റെ റിപ്പോർട്ട് കാണാറുണ്ട്. ചില റിപ്പോർട്ടുകളിൽ കെ. ബാലകൃഷ്ണന്റെ "തലകുത്തിമറിച്ചിലും" "രാഷ്ട്രീയ പാപ്പരത്വവും" മഠയം ചർച്ചാവിഷയമായിരിക്കുന്നതായും കാണുന്നുണ്ട്. എന്താണ് പറഞ്ഞതെന്നു വിശദമായ റിപ്പോർട്ടുകളിലൊന്നുംതന്നെ കാണുകയുമില്ല. എന്നു എതിർക്കുന്നതിൽ എനിക്കു വലിയ വ്യാമോഹമോ അസഹിഷ്ണുതയോ ഇല്ല. എതിർക്കപ്പെട്ടാൽ തെറിച്ചുപോകുമെന്നു ഞാൻ തികയുകയുള്ളെങ്കിൽ തെറിച്ചതന്നെ തീരുകയേ നിവൃത്തിയുള്ളൂ.

പക്ഷെ ഒരുകാര്യം ഞാൻ ശ്രദ്ധയോടെ നോക്കിക്കാണുന്നുണ്ട്. വിപ്ലവസാഹിത്യത്തിന്റെ പേരിൽ പ്രസംഗിക്കാനിറങ്ങുന്ന പലരും അവർക്കു നിശ്ചയമില്ലാത്ത കാര്യങ്ങളെപ്പറ്റിയാണു ആവേശംകൊള്ളുന്നതെന്നു്. ഇതു ഞാൻപറഞ്ഞാൽ ചിന്താശൈഥില്യമുണ്ടാക്കുന്നുഎന്ന ആരോപണം വന്നേക്കുമെന്നു കരുതി കൂടുതൽ കൂടുതൽ അറിയുവാനും പഠിക്കുവാനും ഞാൻ ശ്രമിച്ചു. ഇവിടെ ചിലർ സാഹിത്യത്തിന്റെ പേരിൽ പറഞ്ഞുകൊണ്ടു നടക്കുന്ന കാര്യങ്ങൾ അവരുടെ "സ്വയംകൃതാനർത്ഥങ്ങളാണെന്നു" അങ്ങനെ എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. പൊരുതുന്ന സാഹിത്യത്തെപ്പറ്റിയും സാഹിത്യകാരന്റെ കടമയെപ്പറ്റിയുമൊക്കെ ചില കാര്യങ്ങൾ അവർ ധരിച്ചുവച്ചിട്ടുണ്ട്. ആ രീതിയിൽ എഴുതുന്ന സാഹിത്യമേതാണെന്നു കണ്ടുപിടിക്കാൻ അതു കഴിവില്ലാത്തതുകൊണ്ടു ആരെഴുതുന്നു എന്നു നോക്കി ഒരഭിപ്രായമെഴുന്നള്ളിപ്പാണു പതിവു്. ഇങ്ങനെ കുറേ അഭിപ്രായക്കാർ നടക്കുന്നതിൽ ആക്ഷേപമില്ലെങ്കിലും വിഷമമുണ്ടായിട്ടില്ല. അതാണ് പുതിയ സോവിയറ്റ് ചിന്താഗതി എന്ന ധാരണ അവരെപ്പറ്റി തെറ്റിദ്ധാരണയുള്ളവരുടെ ഇടയിലെങ്കിലും പരത്തുവാൻ അവർക്കു കഴിയുന്നുണ്ട്. ഇന്നു കമ്മ്യൂണിസ്റ്റ് പാർട്ടി അംഗീകരിച്ചിട്ടുള്ള രാഷ്ട്രീയ ചിന്താഗതിയുമായിപ്പോലും ബന്ധമില്ലാത്ത രീതിയിലാണ് ഇവിടെ പല സാഹിത്യ വിപ്ലവകാരികളും പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്നതു്. പൊരുതുന്ന സാഹിത്യത്തേയും സാഹിത്യകാരന്റെ കടമയേയുംപറ്റി ചിലതെല്ലാം അവർ ധരിച്ചുവച്ചിട്ടുണ്ട്. ആ ധാരണകൾക്കു അടിസ്ഥാനമിട്ട ഗ്രന്ഥങ്ങളോ ലേഖനങ്ങളോ ചോലുമോ വായിക്കുകയും മനസ്സിലാക്കുകയുമില്ലതാനും. പല വിനോദങ്ങളും കേൾക്കാൻ കഴിയുന്നുണ്ട്. "ഞാൻ ഒരു രാഷ്ട്രീയപാർട്ടിയിലുമില്ല" എന്നു ഒരുവരയോടെ പ്രസംഗം തുടങ്ങുന്ന മാന്യൻ സാഹിത്യകാരനായിൽ നിൽക്കണമെന്നും ഇല്ലാത്തവൻ ബൂർഷ്വാ ഏജന്റാണെന്നും പിന്നാടെ മറ്റാരെയോ എതിർക്കുന്നതുപോലെ പ്രസംഗിക്കുന്നതു കേട്ടാൽ മന്ദഹസിക്കുകയേ നിവൃത്തിയുള്ളൂ. സാഹിത്യകാരൻ കർഷക-തൊഴിലാളിവിഭാഗത്തോടു ചേർന്നു പടക്കളത്തിലിറങ്ങി പൊരുതണമെന്നു പ്രസംഗിക്കുന്ന സാഹിത്യവിപ്ലവകാരി തന്റെ ആയുഷ്ക്കാലത്തിൽ കരിക്കലെങ്കിലും തൊഴിലാളിസമരത്തിലോ മറ്റേതെങ്കിലും ജനകീയസമരത്തിലോ ഒരു തുള്ളി വിയർപ്പെങ്കിലും പൊഴിച്ചവനായിരിക്കയില്ല. പക്ഷേ പ്രസംഗം ഗീർവ്വണത്തിലാണെന്നു തോന്നും. "പെണ്ണ്" എന്ന പദം ആരെങ്കിലും ഒരു കഥയിൽ ഉപയോഗിച്ചാൽ ലൈംഗിക അരാജകത്വമാണെന്നു വിമർശിക്കും. കൃഷ്ൻചന്ദർ "പുനിലാവിൽ" പോലുള്ള കഥകളെഴുതിയാൽ മിണ്ടാതിരിക്കും. കൃഷ്ൻചന്ദർ ചിന്താശൈഥില്യമുണ്ടാക്കുന്നോ തൊഴിലാളിസമരങ്ങളിൽനിന്നും ഒളിച്ചോടുന്നോ ഒരാരോപണം ഇന്നുവരെ ഞാൻ കേട്ടിട്ടില്ല. തന്റെ മരുമകളുടെ സുഖക്കേടു കഴിഞ്ഞു മടങ്ങിവന്നപ്പോഴുണ്ടായ ചിന്താഗതിയുടെ പ്രതിഫലനമെന്നോണം കൃഷ്ൻ ചന്ദർ രചിച്ച നവം. 12-നു- പ്രസിദ്ധീകരിക്കുവാൻ എന്ന നിർദ്ദേശത്തോടെ സർഗ്ഗംസിൻഡിക്കേറ്റ് റിലീസുചെയ്ത "പുനിലാവിൽ" എന്ന കഥ പുരോഗതിയുടെ താണ് എന്ന ഒരു മഹാപണ്ഡിതൻ പ്രസംഗിച്ചതായും ഞാൻ അറിഞ്ഞു. മറ്റൊരു വ്യാഖ്യാനവും ആ കഥയ്ക്കു നൽകുവാൻ കിട്ടാത്തതുകൊണ്ടായിരിക്കണം.

സാഹിത്യ സമ്മേളനങ്ങളുടെ പേരിൽ നടക്കുന്ന സമ്മേളനങ്ങളിൽ പ്രസംഗിക്കാൻചെല്ലുന്ന "പൊരുതുന്ന സാഹിത്യകാരന്മാരിൽ" ഭൂരിഭാഗവും സോവിയറ്റ് സാഹിത്യം വായിക്കാറില്ലെന്നു് അവരുടെ പല പ്രസംഗങ്ങളും വിളിച്ചു പറയുന്നുണ്ട്.


മാനുഷിക മൂല്യങ്ങൾക്കു—വേലയുടെ മഹാത്മ്യത്തിനു—നിസർഗ്ഗജമായ മനുഷ്യസ്നേഹത്തിനു—പ്രധാന്യംനൽകുന്ന കലാസൃഷ്ടികളാണു നമുക്കാവശ്യം. മനുഷ്യസ്നേഹം ശാസ്ത്രീയമാകുമ്പോൾ മാർക്സിസമാകാതെ തരമില്ല. വേലയുടെ മാഹാത്മ്യം—വേലയിൽനിന്നുള്ള പ്രതിഫലം—വേലയ്ൽ അടിസ്ഥാനപ്പെട്ടുത്തിയുള്ള സമൂഹഘടന—ഇതെല്ലാംതന്നെ മാർക്സിയൻ വ്യവസ്ഥിതിയുടെ ആണിക്കല്ലാണു്. മനോഹരമായ മനുഷ്യജീവിതത്തെ സ്വാർത്ഥതയുടെ മത്സരക്കമ്പോളത്തിലിട്ടുപിച്ചിച്ചീന്തുന്നതിനെതിരായാണ് ഇന്നിൽക്കൂടി നാളെ വരുവാനുള്ള കലാകാരൻ കലാസൃഷ്ടി നടത്തേണ്ടതു്. അവിടെ വർഗ്ഗസമരം തലയുയർത്തുന്നു. വർഗ്ഗസമരത്തിൽകൂടി നാം വൈരുദ്ധ്യാധിഷ്ഠിതമായ ഭൗതികവാദത്തിന്റെ വളർച്ച കാണുന്നു. വർഗ്ഗസമരത്തിനു പ്രോത്സാഹനം നൽ

മുഖചിത്രം:

സുപ്രസിദ്ധ സിനിമാതാരമായ
ശാന്താ ആപ്തെ

ചെറുകഥ

★ മനുഷ്യരും കല്ലുകളും



എം. എ. മസൂംദാർ

[കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്ന "അമ്മ" എന്ന റഷ്യൻ കഥയിൽ ചർച്ച ചെയ്തിരിക്കുന്ന അതേ വികാരം തന്നെയാണ് ഈ കഥയിൽ മസൂംദാർ ചർച്ചചെയ്യുന്നത്. ഒരു താരതമ്യപഠനം നടത്തുക നന്നായിരിക്കും. കെ. ബാലകൃഷ്ണൻ]

ആ ഭീമാകൃതിയായമലനിരകൾ പ്രകൃതിയുടെ രംഗമണ്ഡപമെന്നു തോന്നുംവിധം ഉയർന്നുനിൽക്കുന്നു. അതിനുപുറത്തായി ഒരു അണക്കെട്ടു പണിയാനുള്ള യത്നത്തിൽ മനുഷ്യരും കല്ലുകളും വ്യാപൃതരായിരിക്കയാണ്. ആ മലമ്പ്രദേശം മനുഷ്യന്റെയും യന്ത്രങ്ങളുടേയും പ്രവർത്തനശബ്ദങ്ങളാൽ മുഖരിതമായി. നേരം വെളുത്താൽ കറുക്കുന്നതുവരെ ചെവിപൊട്ടിക്കുന്ന ശബ്ദത്തിൽ ജോലിക്കാർ കല്ലുപൊടിച്ചു കണ്ണുമൂടുന്നവിധം പൊടിയും, ശ്വാസംമുട്ടിക്കുന്ന പുകയും ഉയർന്ന കല്ലുകളും നിർദ്ദേശങ്ങളും നൽകിക്കൊണ്ടു ഇഞ്ചിനീയർമാർ പ്രവൃത്തനിരതരായി പാഞ്ഞുനടന്നു. കോൺട്രാക്ടർമാർ ജോലിക്കാരെ പാട്ടവർകൊണ്ടടിക്കുകപോലും ചെയ്തു കല്ലുശരീരികളും, ആശരീരികളും, കൊല്ലന്മാർ, യന്ത്രപ്പണിക്കാർ എന്നുതുടങ്ങി എല്ലാ ജോലിക്കാരും വിയർപ്പൊഴുകെ പണിയെടുത്തു. കല്ലുപൊടിക്കുന്ന നകരത്തിന്റെ കീഴിൽ ആണുങ്ങളും പെണ്ണുങ്ങളും കുട്ടികളും ക്ഷീണിതരായി പതിനിന്നു ഒരു മോട്ടോർ മുഴക്കത്തോടെ പുറപ്പെട്ടുവിച്ചു; ഒരു യന്ത്രം പടപടശബ്ദം പുറപ്പെടുവിച്ചു; ഒരു ബീഡി കിരുകിരുത്തു. ഒരു തോക്കു പൊട്ടി. പുറികകൊടം ഉയരുന്നതും, യന്ത്രങ്ങൾ പ്രവൃത്തിക്കുന്നതും നിന്നുതുടങ്ങി ബഹളമയമായ ആ കാഴ്ചകൊടം നോക്കി ആകാശം മുകമായി നിന്നു. പിന്നിനികളിൽനിന്നും ഉയർന്ന പുകയുടെ പ്രവാഹം നീലാകാശത്തെ ഗ്രസിച്ചുകളയുമോയെന്നപോലെ മേല്പോട്ടുയർന്നു. മനുഷ്യനും യന്ത്രവും പ്രകൃതിയോടു യുദ്ധം ചെയ്യുകയാണ്.

യന്ത്രങ്ങളുടെ തിരക്കുനിറഞ്ഞ ഈ അന്തരീക്ഷത്തിൽനിന്നും ദൂരെയുള്ള ഒരു പാറക്കെട്ടിൽ കല്ലുവെട്ടുകാർ അവരുടെ ഘനമേറിയ പുറികകൊടം ഉയർത്തി കല്ലു പൊടിച്ചുകൊണ്ടിരുന്നു. ഈ വമ്പിച്ച യത്നത്തെ സാധിതമാക്കുന്നവരാണ് ആ കല്ലുവെട്ടുകാർ. വെളുത്താൽ അന്തിയാകുന്നതുവരെ അവർ പുറികകൊണ്ടു കല്ലുകൊടം അടിച്ചു പൊട്ടിക്കുകയും, അവ ഇരുമ്പുപാത്രങ്ങളിലാക്കി കല്ലുപൊടിക്കുന്ന യന്ത്രത്തിൽകൊണ്ടു പോയിടും ആ യന്ത്രപ്പിശാചു് ഞൊടിയിടയിൽ അതെല്ലാം ചെറിയ കഷണങ്ങളാക്കി മാറും. ഈ ചെറു പാറക്കല്ലുകൊടം അണയുടെ ബ്രഹ്മാണ്ഡമായ അടിത്തറക്കുപയോഗിക്കുന്നതിനാണ്, ആ കാഴ്ച ആകെകൂടി കാണേണ്ടതു തന്നെയാണ് കല്ലുവെട്ടുകാർ വരിവരിയായി കുനിഞ്ഞു

---

* വിവർത്തകൻ

കെ. എ. സുകുമാരൻ,

ടാറാപുരം.

കുന്ന ലേഖനങ്ങളിലും കവിതകളിലും കൂടി നാം മനുഷ്യസ്നേഹത്തിനു സർവ്വപ്രധാനമായ പ്രാധാന്യം നൽകുക എന്ന നമ്മുടെ കർത്തവ്യം നിറവേറുന്നു. മനുഷ്യന്റെ സ്നേഹനിർഭരമായ ഹൃദയം മറ്റു പല വികാരങ്ങൾക്കും അധീനമാണ്. പാവപ്പെട്ട ഒരമ്മ തന്റെ പാവപ്പെട്ട പുത്രനെപ്പറ്റി സപ്നം കാണുന്ന കാഴ്ച കലാഭംഗിയോടുകൂടി വരച്ചുചേർത്താൽ അതു സ്നേഹത്തിന്റെ ഒരു താജ്മഹാൽപോലെ മനോഹരമായിരിക്കും. അത്തരം സാഹിത്യകൃതികൾക്കു ഹൃദയത്തിൽ ചലനമുണ്ടാക്കാനുള്ള കഴിവുണ്ട്. ആ ചലനം ക്രിയാത്മകമായ ഭാവം കൈക്കൊണ്ടില്ലെന്നു വരാം. ഏറ്റവും വിപ്ലവകരമായ ഒരു കലാസൃഷ്ടി എല്ലാവരിലും (ഒരേവർഗ്ഗത്തിലുള്ളവരിൽ തന്നെ) ഒരേ വിധത്തിലുള്ള പ്രതികരണമുണ്ടാക്കണമെന്നില്ല. പാവപ്പെട്ട അമ്മയുടെ പുത്രസ്നേഹം സപ്നം കാണുന്ന പൂവാടിയിൽ ചിലപ്പോൾ ഒരു മൊട്ടുപോലും വികസിച്ചില്ലെന്നു വരാം. പക്ഷേ മനുഷ്യത്വത്തിനെതിരായ ശക്തികളുടെ രാക്ഷസത്വം നമുക്കു അവിടെ കാണാൻ കഴിയും. കൃഷ്ണ ചന്ദറുടെ "പെഷവാർ എക്സ്പ്രസ്" എന്ന കഥയോ "എനിക്കു മരിക്കാൻ സാധ്യമല്ല" എന്ന സഹോദരന്റെ എഴുത്തു പരിശോധിച്ചാലും അവിടെ പ്രാധാന്യം നൽകിയിരിക്കുന്നതു മനുഷ്യസ്നേഹത്തിനെതിരായി ഉയർന്നുനിൽക്കുന്ന ശക്തികളുടെ ഹൈരാചികത്വത്തിനാണെന്നു കാണാം. ആ കൃതികളുടെ "ഹൃദയത്തെ സാഹിത്യമില്ലാത്തതിനാൽ ചീത്തരിപ്പുമാണ്" എന്നു പ്രസംഗിച്ചാൽ പാടുകയില്ല,

സാഹിത്യകാരൻ തന്റെ ചുറ്റുപാടുകൾക്കതീതനാണെന്നും അവൻ സർവതന്ത്ര സ്വതന്ത്രനാണെന്നുമുള്ള വാദത്തോടു ഞാൻ അശേഷം യോജിക്കുന്നില്ല. ഇന്നത്തെ ഘട്ടത്തിൽ സാഹിത്യകാരനു മനുഷ്യനോടും മനുഷ്യത്വത്തോടുമുള്ള കർത്തവ്യം നിറവേറുവാൻ ഏറ്റവും ഫലപ്രദമായി ചെയ്യുവാനുള്ള പ്രവർത്തനം വർഗ്ഗസമരത്തിനു പ്രോത്സാഹനം നൽകുന്ന കലാസൃഷ്ടി നടത്തുകയാണെന്നുള്ള കാര്യത്തിലും രണ്ടു പക്ഷമില്ല. പക്ഷേ ശർക്കര തൂകുന്നതുപോലെയോ തേക്കുംതോടി അളക്കുന്നതുപോലെയോ കട്ടിയും സ്വീയിലുമായുള്ള സാഹിത്യകൃതികൾ അളക്കേണ്ടതല്ല. വർഗ്ഗസമരത്തിനു പ്രോത്സാഹനം നൽകുവാനെന്ന ആഗ്രഹത്തോടുകൂടി എഴുതിയിട്ടുള്ള പൈതനുമോ ജീവനോ ഇല്ലാത്ത കുറേറെ കഥകൾ ഞാൻ വായിച്ചിട്ടുണ്ട് അവയൊക്കെ പൊരുതുന്ന സാഹിത്യമാണെന്ന ധാരണ എനിക്കില്ല. ഒരു "പൊരുതുന്ന സാഹിത്യകാരൻ" പറഞ്ഞതായി ഞാൻ അറിഞ്ഞു "നിങ്ങളുടെ കലാസൃഷ്ടി മനോഹരമാക്കാൻ ശ്രമിക്കരുതു്. എങ്ങനെ വേണമെങ്കിലിരിക്കട്ടെ. പറയുന്ന കാര്യം ശരിയായിരുന്നാൽ മതി" എന്നു്. ഈ അഭിപ്രായം ശുദ്ധവിഡ്ഢിത്തമാണെന്നു സോവിയറ്റു സാഹിത്യകാരന്മാർ എഴുതിയ പുസ്തകങ്ങളിലും ലേഖനങ്ങളിലുംനിന്നു കിട്ടിയിട്ടുള്ള വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ വിശ്വസിക്കുന്നു, വർഗ്ഗസമരത്തിനു പ്രോത്സാഹനം നൽകുന്നവയെന്നു എഴുത്തുകാരൻ തോന്നിയാൽ പോരാ, വായിക്കുന്നവർക്കു തോന്നണം. ഇല്ലാത്തുള്ള വിപ്ലവസാഹിത്യം ഒരു പൊതുയോഗത്തിൽ ലാത്തിചാർജ്ജുണ്ടാകുമ്പോൾ ഉപയോഗിക്കുന്നതിനുവിധം കുട്ടിയിരിക്കുന്ന പാറച്ചില്ലുകളോടുപമിക്കാം. അതു വായിച്ചാൽ ചിലർക്കു ദേഷ്യമുണ്ടായേക്കാമെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ എതിരാളിക്കു വിരോധമുണ്ടാക്കുകയല്ല അനുയായിക്കു പ്രോത്സാഹനം നൽകുകയായിരിക്കണം സാഹിത്യസൃഷ്ടിയുടെ ലക്ഷ്യം

— കാണുക

നിന്നു ഭൂമിയിലേക്കു കല്ലുകടം പൊട്ടിച്ചു കൂട്ടം. ഘനമേറിയ ഭാരംവഹിച്ച ചിലർ പാളി നിലംപതിക്കുന്നുണ്ടായിരുന്നു. സൂര്യന്റെ കിരണങ്ങളിൽ കറുത്ത മാർബിളിൽക്കൊത്തിയ ഒരു ആർട്ടിസ്റ്റിന്റെ സ്വപ്നമെന്നോണം ആ വേലക്കാർ പണിയെടുത്തു.

ആ കല്ലുവെട്ടുകാർ ഒരു പ്രത്യേകതരം കൂലിവേലക്കാരായിരുന്നു. കഠിനമായ കൂലിക്ക്, അപകടകരമായ ചുറ്റുപാടുകളിൽ എല്ലു മുറുക്കെ അവർ പണിയെടുത്തു. ഒരിടത്തു ചുട്ടുപഴുത്ത സൂര്യൻ മറവുശത്തു പൊട്ടിത്തെറിക്കുന്ന പാറകഷണങ്ങളും! പിന്നെ പരിക്കുകളും, ഭയങ്കര അപായങ്ങളും! ഒരു കല്ലിൻ കഷണം പെട്ടെന്നു തെറിച്ചു ഒരാളുടെ കണ്ണിൽക്കൊണ്ടു് അയാളെ എന്നെന്നേക്കും അന്ധനാക്കിയെന്നു വരാം. ഒരു വെടിയുടെ ഉന്നം തെറ്റി, പാറയുടെ ഇറക്കിൽ കല്ലുവെട്ടുന്ന ഒരു പറ്റം ജോലിക്കാരെ രക്തം ചിന്തി മരിക്കാനിടയാക്കിയെന്നു വരാം. ഒരു കോടാലി സ്ഥാനം തെറ്റി വെട്ടുകാരന്റെ കാലിൽക്കൊണ്ടു അയാളുടെ പാദം രണ്ടുണ്ടാക്കിയേക്കാം. അതുമല്ലെങ്കിൽ പാറപ്പൊത്തിൽ നിന്നും ഒരു ഭയങ്കര സർപ്പം പെട്ടെന്നു തല നീട്ടി ഒരുരാറു കൊത്തിനു ഒരു കല്ലുവെട്ടുകാരനെ കൊന്നെന്നും വരാം. ഈ അപകടങ്ങളുടെ മദ്ധ്യത്തിൽ ജോലിചെയ്തുൽത്തുന്ന ഒരു കല്ലുവെട്ടുകാരനു ദിവസത്തിൽ നാലണ യാണു കൂലികിട്ടുക. ഒരു 'തഗാര' കല്ലിനു മൂന്നു പൈയെന്നതാണു കൂലിനിരക്ക്. ഏറ്റവും ശക്തിയേറിയ കല്ലുവെട്ടുകാരനുപോലും ദിവസത്തിൽ പതിനാറോ ഇരുപതോ 'തഗാര'യിൽ കൂടുതൽ കല്ലുവെട്ടുവാൻ കഴികയില്ല.

ആ കരിംനീലപ്പാറയ്ക്കുമേൽ മദ്ധ്യാഹ്നസൂര്യൻ തന്റെ പൊങ്കനൽ വാരിക്കോരിയൊഴിച്ചുകൊണ്ടിരുന്നു. പാറയുടെ മുകൾഭാഗം കനൽതട്ടി തിളങ്ങി കാണപ്പെട്ടു. പാറയുടെ പാർശ്വങ്ങളിൽ സൂര്യരശ്മി പ്രവഹിക്കുകയും, നടപ്പാതകളും കൽപ്പഴുതുകളും ചുട്ടുപഴുക്കുകയും ചെയ്തു. ആ ഭീഷിപ്പിക്കുന്ന നരകം ഒരു ശ്മശാനം പോലെ ഭീകരമായിരുന്നു. എങ്ങും കാറ്റുപോലുമില്ല: പാറയുടെ വിള്ളലുകളിൽ ചിലയിടത്തു വളർന്നുനിന്ന കാട്ടുപുല്ലുകൾ വെയിലേറ്റു മൂർച്ഛിച്ചു കിടന്നു. അങ്ങകലെ ഒരു കീഴ്വൻമരത്തിലെ ഇലകൾ, തോക്കിന്റെ നേരെ മാറുകട്ടി നിൽക്കുന്ന തടവുപുള്ളികളെപ്പോലെ നിശ്ചലമായി തൂങ്ങിനിന്നു? പടിഞ്ഞാറവശത്തു നിന്നുയരുന്ന കോടാലികളുടേയും യന്ത്രങ്ങളുടേയും ശബ്ദം ആ അന്തരീക്ഷത്തെ കൂടുതൽ ഭീകരമാക്കിത്തീർത്തു.

കല്ലുവെട്ടുകാരനായ കട്ടാഡ ഒന്നു ശ്വാസം കഴിക്കുവാനായി ജോലി നിറുത്തി. വരണ്ട വായിൽകൂടെ ഒരു 'കുട്ടന്' വായു അകത്താക്കി ചൂളിവീണ നെറ്റി പരുപരുത്ത കൈപ്പത്തിയാൽ തുടച്ചു, ഘനമേറിയ ആയുധം ഒരിടത്തു ചാരി

വാസുദേവവിലാസം
ധന്വന്തരി ഔഷധശാല
പല്ലുകൾക്കു നല്ല ഉറപ്പും വണ്ണവും നൽകുന്നു
വാസുദേവവിലാസം
ആയുർവ്വേദ ഫാർമസി
കോട്ടയ്ക്കം, തിരുവനന്തപുരം.

വെച്ചു് അല്പനേരം നിവർന്നു നിന്നു. ചുരുണ്ട തലമുടിയും ചുവന്ന കണ്ണുകളും, രോമം നിറഞ്ഞ മാറിടവും, ഞരമ്പു ഏഴുന്നു നിൽക്കുന്ന വണ്ണം കറഞ്ഞ പാങ്ങുള്ള കൈകളും എല്ലാം കൂടി കട്ടാഡ ഒരു മരക്ഷണംപോലെ ഇരുണ്ട മെലിഞ്ഞയാളായിരുന്നു. ബട്ടണില്ലാത്ത ഒരു ബനിയനും, ഴുക്കു നിറഞ്ഞ ഒരു കൊച്ചു മുണ്ടുമാണു് അയാൾ ആകെ ധരിച്ചിരുന്നതു്.

ആ ഉണങ്ങിവരണ്ട അന്തരീക്ഷത്തിൽ ഒരു ശബ്ദം ഉയർന്നു.

"ഹോ!"

കട്ടാഡ ആ ശബ്ദംകേട്ട ദിക്കിലേക്കു ഒരു കാക്കയെപ്പോലെ ജാഗരിച്ചുനോക്കി. അയാളുടെ വലത്തുഭാഗത്തു ഏകദേശം നാല്പതടി താഴെയായി കട്ടാഡയുടെ കൂട്ടുകാരൻ ഭിക്ഷു നിന്നിരുന്നു.

"ഹേയ്, കട്ടാഡോ!" ഭിക്ഷു വിളിച്ചു.

"എന്താ—"

"ആരെങ്കിലുമുണ്ടോ?"

"ഏയ്, ആരുല്ല"

"എന്നാ—ഒരു പുകവലിക്കാ—"

"കാ, എന്റെ പീത്രക്കാ!"

"ചിത്രക്കൻ നിന്റെ തന്തയാണു്. ഇപ്പ ഇങ്ങോട്ടിറങ്ങി വാ—"

"അവിടെയെങ്ങാൻ 'ഹുക്ക'ണ്ടോ?

"ഹുക്കി'ല്ല"

'ഹുക്കെ'ന്നു പറയുന്നതു ഓവർസീയറാണു്. ആ അപകടംപിടിച്ച മനുഷ്യൻ എപ്പോഴാണു വരുന്നതെന്നറിഞ്ഞുകൂടാ. ജോലിയിൽ എന്തെങ്കിലും ഒരു പെറിയ ഉദാസീനത കണ്ടാൽ യാതൊരു ദയയും കൂടാതെ അയാൾ ജോലിക്കാരുടെമേൽ ചാടിവീഴും.

പുകവലിയെന്നു പറഞ്ഞപ്പോൾ ക്ഷീണനായ കട്ടാഡയിൽ ഒരു പുതിയ ജീവൻവീണു. അയാൾ ചുറ്റിക ഒരിടത്തു ചാരിവെച്ചു്, സസന്തോഷം ആ ചങ്ങാതിയുടെ അടുത്തേക്കിറങ്ങിച്ചെന്നു. ഇരുവരും പാറക്കെട്ടിലിരുന്നു പുകവലിച്ചു അവക്കു് അതു പുതിയ ശക്തിയും ജീവനും നൽകി.

"എത്ര 'തഗാര'യായി?" ഭിക്ഷു ചോദിച്ചു. ഒരു 'തഗാര'യെന്നാൽ ഒരുറുപ്പു എന്നാണർത്ഥം

"അഞ്ചാമത്തേതു തീന്നു" കട്ടാഡ പറഞ്ഞു

"കൂടാ കറക്കാ! ഞാൻ നാലാമത്തേതു തന്നെ തീർത്തിട്ടില്ല."

"ഓ, അതു നീ ഇപ്പോത്തന്നെ ശരിപ്പെടുത്തുമല്ലൊ"

"ആട്ടെ, നിന്റെ നാരായണനു സുഖമാണോ?"

"ആ—അവനു നല്ല ആരോഗ്യമുണ്ടു്"

"ഇപ്പോൾ എത്രവയസ്സായി?"

"അടുത്ത കറുത്തവാവു വരുമ്പോൾ പതിനാലുതികയും"

"അവന്റെ വിവാഹക്കാര്യത്തെക്കുറിച്ചു നീയും തീരുമാനിച്ചില്ലേ?"

"ഉവ്വ്, അടുത്ത വെള്ളിയാഴ്ച അവന്റെ കല്ല്യാണമാണു്"

കട്ടാഡ അഭിമാനപൂർവ്വം ഒരു പുകകൂടി വലിച്ചു. അയാളുടെ ഹൃദയാലുവായ അതിഥി പൂരികം വളച്ചു്, കണ്ണുരുട്ടി ഉൽക്കണ്ഠയോടെ പോദിച്ചു.

"എടാ കള്ളാ! എന്നിട്ടു നീ ഇതേവരെ എന്നോടു പറഞ്ഞില്ലല്ലൊ. എന്താ, ഇത്രവേഗം കല്യാണം തീർച്ചയാക്കിയതു്?"

"അന്നു ഏറ്റവും നല്ല മുഹൂർത്തമാണെന്നു പൂജാരി പറയുന്നു"

"ഓ, അതുപോലെ നല്ലമുഹൂർത്തങ്ങൾ ഇനി യുണ്ടാകുമല്ലൊ."

"നമ്മളൊന്നും രാജാക്കന്മാരല്ലല്ലൊ, ഭിക്ഷു! ഒരു നല്ലകാര്യം നീട്ടിവെയ്ക്കാൻ പാടില്ല. ആരറിഞ്ഞു, നാളെ ഞാൻ മരിച്ചുപോകയില്ലെന്നു്—എന്റെ മകന്റെ വിവാഹം എനിക്കു കാണേണ്ടേ?"

"ഓ, നീ അതു കാണുകതന്നചെയ്യും കൂടാഡാ! നീ മരിക്കുകയാണെങ്കിൽത്തന്നെ നീ പ്രേതമായി വന്നെങ്കിലും ആ വിവാഹത്തിൽ പങ്കെടുക്കും. നിനക്കു നാരായണനെ ജീവനാണെന്നു ഞങ്ങൾക്കെല്ലാമറിയാം."

"എന്റെ ഭിക്ഷു! ഞാൻ മരിക്കാൻ പാടില്ല"

"അപ്പോൾ—നിന്റെ വരാനിരിക്കുന്ന മരുമകൾ ഒരു രത്നമായിരിക്കുമല്ലോ"

"ഇതുവരെ കണ്ടിട്ടുള്ളതിൽവെച്ചു ഏറ്റവും ശോഭകൂടിയ രത്നം. അവളെ വീട്ടിൽക്കൊണ്ടുവരുവാൻ ഞാൻ തിടുക്കം കാണിക്കുന്നതു അതുകൊണ്ടാണു് ഒരു രത്നം ചിലപ്പോൾ അപഹരിക്കപ്പെട്ടേക്കാം."

"നിനക്കു ഇരട്ട ഭാഗ്യമാണു വരുന്നതു്. ഒരു മകൻ; പിന്നെ അവന്റെ വിവാഹം!"

"ദൈവം എന്റെ നേരെ ദയകാണിക്കുന്നുണ്ടു്, ഭിക്ഷു!"

"നിന്റെ കഴിഞ്ഞ ജന്മത്തിൽ നീ അതിസമർത്ഥനായിരുന്നിരിക്കാം. അതാണു ഈ ഭാഗ്യമെല്ലാം നിനക്കു വരുന്നതു്. നിന്നെ ദൈവം കാക്കട്ടെ. എങ്കിലും, ഞാൻ ദരിദ്രനെയല്ലാം. ഒരു സഹായം ക്ഷണിച്ചില്ലല്ലൊ"

"ഞാൻ ക്ഷണിക്കാം"

"എന്തൊക്കെയുണ്ടാവും തിന്നാൻ?"

സഭ്യയുടെ വിവേങ്ങളുടെ പേരുകൾ പറഞ്ഞ ഭിക്ഷുവിന്റെ വായിൽ വെള്ളമൂറിക്കുവാൻ കൂട്ടാഡ വിചാരിക്കയായിരുന്നു. അപ്പോഴേക്കും ഒരു ഓവർസിയർ അങ്ങോട്ട് കടന്നുവന്നു. കല്ലുവെട്ടുകാർ ഇരുവരും സംഭ്രമത്തോടെ എഴുന്നേറ്റുനിന്ന അധികാരിയെനോക്കി വീറച്ചു തുടങ്ങി. രണ്ടു നിമിഷത്തിനുശേഷം കൂട്ടാഡയുടെയും ഭിക്ഷുവിന്റെയും നേരെ തുറിച്ചുനോക്കിയ ശേഷം അയാൾ ഇരുവരുടേയും പള്ളയ്ക്കു കയ്യിലിരുന്ന വടികൊണ്ടു ഓരോകുത്തു കൊടുത്തു. കൂട്ടാഡയും ഭിക്ഷുവും തങ്ങളുടെ ജോലിസ്ഥലത്തേക്കു പാഞ്ഞു.

അധികാരി പോയി.

ടോങ്ങ്.....ടോങ്ങ്.....ടോങ്ങ്..... പുറകിലും പിന്നെയും കല്ലിൽത്തട്ടി മുഴങ്ങിക്കൊണ്ടിരുന്നു.

കൂട്ടാഡ കരിങ്കല്ലിനോടു യുദ്ധം ചെയ്തു. എന്നാൽ ഇപ്പോൾ അയാൾ പ്രവൃത്തിയിൽ വലിയ ശ്രദ്ധകാണിച്ചില്ല. അതങ്ങനെ യാന്ത്രികമായി നടന്നുകൊണ്ടിരുന്നു അയാളുടെ മനസ്സുവിടെയെല്ലായിരുന്നു. അതു എൽസിയത്തിലെ അന്തരീക്ഷത്തിലേക്കു പറന്നുപോയി. അതെ, ആ പുറകിലും കല്ലിലുംനിന്നും ദൂരെയായി എൽസിയത്തിലേക്കു്. എൽസിയത്തിലാണു് ആയാളുടെ മധുര സ്വപ്നങ്ങളുടെ വീഥികൾ തുന്നിച്ചേർത്തതു്. അവിടെയാണു് അയാൾക്കേറ്റവും പ്രിയകരമായ ആശയത്തിന്റെ ആസ്ഥാനം. അയാളുടെ മകന്റെ വിവാഹം. ഏക പുത്രന്റെ വിവാഹം!

നാരായണൻ അയാളുടെ അഭിമാനമാണു്. ഒരുദിവസം പതിനാറു 'തഗാര' കല്ലു വെട്ടുവാൻ തക്ക ആരോഗ്യവും ശേഷിയുമുള്ള അവൻ പതിനാലു വസന്തങ്ങൾ കണ്ടിട്ടുണ്ടു് ജോലികഴിഞ്ഞാൽ സ്നേഹിതന്മാരെ ഒരു ഗുസ്തിക്കു ക്ഷണിക്കാൻതക്ക ആരോഗ്യവും ചുറുചുറുക്കുമുള്ളവൻ! അങ്ങനെയൊരു മകനുണ്ടാവുക, ഓ, അതൊരു ഭാഗ്യമാണു് അവൻ അവിടെ—ആ പുറകുന്നിൻപുറത്തു് - ഹനുമന്തപ്പോലെ പുറകിലുഴറി കല്ലുപൊട്ടിക്കുകയാണു്. തന്റെ അനർഘനിധിയായ നാരായണന്റെ വിവാഹം കൂട്ടാഡയുടെ ജീവിതാഭിലാഷമാണു് അവനു് അനുരൂപയായ ഒരു വധുവിനെയാണു കണ്ടുവെച്ചിരിക്കുന്നതു്. ഏറ്റവും സുന്ദരിയും പ്രവൃത്തിശീലയും ആയ ഒരു ദേവകന്യകയെ. അഞ്ചുദിവസം കഴിഞ്ഞാൽമതി. ആ മംഗളദിനം സമാഗതമാകും. അന്നാണു വിവാഹദിനം. അതിനെക്കുറിച്ചു ചിന്തിച്ചപ്പോൾ കൂട്ടാഡയുടെ മനസ്സിൽ ആനന്ദം പതച്ചുപൊങ്ങി. ഒരു മകനുണ്ടാവുക എന്തൊരു ഭാഗ്യമാണു്! ആ മകൻ വിവാഹിതനാകുന്നതുകണ്ടു കണ്ണടക്കുവാൻ അപൂർവ്വഭാഗ്യശാലികൾക്കേ കഴിയുകയുള്ളൂ. വിവാഹത്തിനായി വാങ്ങേണ്ട വസ്ത്രങ്ങൾ, ആഭരണ സാധനങ്ങൾ, എന്നിവയെക്കുറിച്ചു അയാൾ ഓർത്തു. പിന്നെ പൂജാരിയും വാദ്യമേളക്കാരും, അതിഥികൾ, ഹാ— വിവാഹമോഷയാത്ര! അന്നു അയാൾ ബന്ധുക്കളാൽ അനുമോദിക്കപ്പെടും പുതിയ മരുമകൾ കുടുംബത്തിലേക്കു എന്തെന്തു ആനന്ദങ്ങളാണു കൊണ്ടുവരിക! പിന്നെ ത്ത മകനു സ്വതാനമുണ്ടാവുക. അതും ഒരു ആൺകുട്ടിയായിരിക്കുക. ഓ, എന്റെ ദൈവമേ! ഒരു പൌത്രൻ! ഒരു ദിവസം ആ കുഞ്ഞിനെ മടിയിലിരുത്തി ലാളിക്കുവാൻ ഭാഗ്യമുണ്ടാവുക! ചിന്ത ഇവിടെയെത്തിയപ്പോൾ കൂട്ടാഡ കൂടുതൽ ശക്തിയോടെ, കല്ലുവെട്ടിത്തുടങ്ങി.....

സൂര്യൻ ആകാശത്തിന്റെ ഒത്ത നടുക്കു പ്രകാശിച്ചു നിന്നു കൂട്ടാഡ പിന്നേയും ക്ഷീണിതനായി. അയാളുടെ കണ്ണിനു മുന്നിൽ പൊന്നീച്ചകൾ പറന്നു. ഹൊ, എന്തൊരു ചൂടു്. അയാൾ ആകെ വിയർത്തു വിവശനായി. കിതപ്പുമാറാനായി പുറകിൽ ഒരിടത്തു പാരിവെച്ചു അയാൾ ദീർഘമായൊന്നു നിശ്വസിച്ചു.

ആ പാറയുടെ ഉച്ചിയിൽ നിന്നുനോക്കിയാൽ കീഴെ നിലം നിരപ്പാക്കുന്ന കാഴ്ചകാണാം. സൂര്യോഷ്ണത്തിൽ അതൊരു ഭീമാകൃതമായ കണ്ണാടിയെന്നു തോന്നി. അയാൾ അങ്ങനെ നോക്കി നിൽക്കവെ ആ തിളങ്ങുന്ന പരിസരത്തിൽ എന്തോ ഒരു കറുത്ത പാടുകണ്ടു. അതനങ്ങുന്നുണ്ടു്, അതിനു വലിപ്പം വെയ്ക്കുകയാണു്. സാവധാനം വലുതാകുന്നു. ഒരു വലിയ സമൂഹം "ആളുകൾ കൂട്ടം കൂടുകയാണു്" കൂട്ടാഡ സ്വയം പറഞ്ഞു പൊട്ടിച്ചിരിച്ചു "അവർ എന്തിനിങ്ങിനെ കൂടുന്നു? ഒരു ഗ്രൂഢാലോചനയുണ്ടോ?" അയാൾക്കു് പിന്നേയും ചിരിഅടക്കുവാൻ കഴിഞ്ഞില്ല.

അപ്പോഴാണു് അയാൾ തന്റെ സ്വപ്നത്തിൽ നിന്നുണർന്നതു്. ആ പരിസരത്തെങ്ങും ആരും തന്നെയില്ല. അയാൾ ഭിക്ഷുവെ വിളിച്ചു യാതൊരു മറുപടിയുമില്ല പുറകു നോക്കിയ ശേഷം അയാൾ ഭിക്ഷു നിന്നിരുന്ന സ്ഥലത്തേക്കു ഇറങ്ങിച്ചെന്നു. അവിടെ ഭിക്ഷു ഇല്ല. അയാളുടെ അഭാവം, അത്ഭുതമായ തിരക്കു്, ശൂന്യമായ അന്തരീക്ഷം, അകലെക്കണ്ട ആൾക്കൂട്ടം എല്ലാം കൂടി എന്തോ ഒരു ഭീതി അയാളിൽ ഉളവാക്കി.

കൂട്ടാഡയ്ക്കു് താൻ ഏകനാണെന്നും, നിസ്സഹായനാണെന്നും തോന്നി. ഇന്നതെന്നു പറയാൻ വയ്യാത്ത ഭീതി അയാളെ വലയം ചെയ്തു താൻ എന്താണു ചെയ്യുന്നതെന്നറിയാതെ അയാൾ മലയിടുക്കിലൂടെ കീഴോട്ടിറങ്ങി. പതിവഴിയായപ്പോൾ അയാളെപ്പോലെ മറ്റു കല്ലുവെട്ടുകാരും നിരത്തിലേക്കിറങ്ങിയോടുന്നതു അയാൾ കണ്ടു. കറുത്ത വിയർപ്പു പുരണ്ടികെട്ട മനുഷ്യശരീരങ്ങൾ അയാളുടെ തോളിൽ ഉരസി മുന്നോട്ടു പാഞ്ഞു. ഈ വീരന്മാരോട്ടത്തിന്റെ കാരണമെന്തെന്നറിയാൻ, ഒരാളെയെങ്കിലും പിടിച്ചു നിറുത്തി കാരണമന്വേഷിക്കാൻ അയാൾക്കവസരം ലഭിച്ചില്ല. അയാൾ ആകെ ഭയചകിതനായി. മറ്റുള്ളവരെപ്പോലെ അയാളും കീഴോട്ടു, കീഴോട്ടു ഇറങ്ങി.....

ഒടുവിൽ കൂട്ടാഡ മലയുടെ താഴ്വാരത്തിലെത്തി. എങ്ങോട്ടാണിവരെല്ലാം പോകുന്നതു്?.... അയാൾക്കൊന്നും മനസ്സിലായില്ല.....

"ഭാ, കൂട്ടാഡാ വരുന്നു! വഴിമാറിക്കൊടുക്കു. അയാളങ്ങു കടക്കട്ടെ." ആരോ വിളിച്ചു പറഞ്ഞു.

ആ ആൾക്കൂട്ടത്തിനിടയിൽ വഴിതെളിഞ്ഞു. ഇരുവശവും തിങ്ങിനിന്ന അജ്ഞമിമാത്രാവശേഷരായ കല്ലുവെട്ടുകാരുടെ മദ്ധ്യത്തിലൂടെ അയാൾ മുന്നോട്ടു പാഞ്ഞു.

അയാളുടെ തലച്ചോറു ശൂന്യമായിരുന്നു..... സ്വന്തം നെഞ്ചിടിക്കുന്ന ശബ്ദം അയാൾതന്നെ കേട്ടു. അവിടെ ചില വൃദ്ധന്മാരും കൂടിയിട്ടുണ്ടു്. ആ പണിക്കാരുടെ കൂട്ടത്തിലെ പ്രായം ചെന്ന ആളുകൾ. അല്പം ദൂരെ തന്റെ ഭാര്യയേയും കുഞ്ഞുങ്ങളേയും കണ്ടു കൂട്ടാഡ പകച്ചു നിന്നു.

"ഹൊ, ഇതെന്താണു്? എന്തു പറ്റി?" അയാൾ ഒച്ചവിലപ്പോടെ ചോദിച്ചു.

ആരും ഒന്നും മിണ്ടിയില്ല.

ഒരു വൃദ്ധൻ കൂട്ടാഡയുടെ തോളിൽ കൈവെച്ചുകൊണ്ടു പറഞ്ഞു

"എന്റെ മകനേ! ഒരു അ.....പ.....കടം"

"എന്തപകടം?....കുന്നു പാറയ്യ."

പിന്നേയും നിശ്ശബ്ദത.

"ആരും എന്നോടതു പറകയില്ലേ?...." കൂട്ടാഡ ദീനതയെപ്പോലെ ചോദിച്ചു.

"അവൻ ആ പൊക്കത്തായ പാറക്കെട്ടിൽനിന്നും വീണു. എന്റെ മകനേ, ഇശ്വരഹിതം നടക്കാതെ നിവൃത്തിയുണ്ടോ?

എന്നിട്ടും അയാൾക്കൊന്നും മനസ്സിലായില്ല. അയാൾ ഭാര്യയുടെ മുന്നിലെത്തി.


"എന്റെ പെണ്ണേ! എന്താണിതു്?"

അവൾ പൊട്ടിക്കരഞ്ഞതല്ലാതെ ഒരക്ഷരം ഉരിയാടിയില്ല. നിലത്തു കിടക്കുന്ന ഒന്നിന്റെ നേർക്കു അവൾ വിരൽചൂണ്ടിക്കാണിക്കുമാത്രം ചെയ്തു. ഒരു മുഷിഞ്ഞ തുണികൊണ്ടു മൂടിയ എന്തോ ഒന്നു അവിടെ കിടന്നിരുന്നു.....

അയാൾ അതു വലിച്ചുനീക്കി. ആ പ്രേതവസ്ത്രത്തിനടിയിൽനിന്നു് നാരായണന്റെ ചേതനയറ്റ മുഖം അയാളെ തുറിച്ചുനോക്കി.....

ടോങ്ങ്....ടോങ്ങ്....ടോങ്ങ്.....അങ്ങകലെ പാറപ്പുറത്തെങ്ങോ കല്ലു പൊട്ടിക്കുന്ന ശബ്ദം പിന്നേയും തുടർന്നുകേട്ടു.....

———



ഒത്തുതീർപ്പ്

വിടുവാക്യം

മന്നംശങ്കർമാരെ ദേവസ്വംബോർഡിൽനിന്നും മാറ്റാൻ പാടില്ലെന്നും, എപ്പോഴും വേണമെങ്കിലും ബോർഡിനെ പിരിച്ചുവിട്ട് വീണ്ടും തെരഞ്ഞെടുപ്പു നടത്താനുള്ള അധികാരം അസംബ്ലിക്കു സംവരണം ചെയ്യുന്ന ഒരു വകുപ്പു ദേവസ്വംബില്ലിൽ ഉൾപ്പെടുത്തിയാൽ മതിയെന്നും സഹോദരൻ അയ്യപ്പൻ കോൺഗ്രസ്സ് പാർലമെന്ററി റിപ്പോർട്ടിയിൽ വീറോടെ വാദിച്ചതിന്റെ ഫലമായി ആ നിർദ്ദേശം പാർട്ടി അംഗീകരിച്ച ബില്ലിൽ വേണ്ട വ്യവസ്ഥ ചെയ്യുകിലും, സ്റ്റോറ്റ്സ്മീനിസ്റ്റ് ആ വകുപ്പ് എടുത്തുകളയുകയും, അങ്ങിനെ ആദ്യത്തെ ദേവസ്വംബോർഡ് പിരിച്ചുവിട്ട് പുതിയ ബോർഡു രൂപീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തതോടെ കോൺഗ്രസ്സുപാർട്ടിയിലെ ഹിന്ദുമണ്ഡലം കക്ഷിയും മണ്ഡലവിരോധക്കക്ഷിയും തമ്മിൽ യാതൊരൊത്തുതീർപ്പിനും നിവൃത്തിയില്ലാത്തവണ്ണം പിണങ്ങിമാറി പരസ്പരം തെറിപറയാനും വെല്ലുവിളിക്കാനും ആരംഭിക്കുകയും, ആ അകൽച്ച ആലപ്പുഴ കൊട്ടാരത്തിൽവച്ചു മണ്ഡലക്കാരെ കോൺഗ്രസ്സിൽനിന്നും പുറംതള്ളിയതോടെ ബദ്ധശത്രുതാമയി കലാശിക്കുകയും, കോൺഗ്രസ്സിനു് ക്രിസ്ത്യൻകോൺഗ്രസ്സെന്ന ബഹുമതിബിരുദം സമ്പാദിച്ചുകൊടുക്കുകയും ചെയ്തു. ഒത്തുതീർപ്പു വിദഗ്ദ്ധനായ അയ്യപ്പൻ സന്ധിശ്രമങ്ങൾ മതിയാക്കി കോൺഗ്രസ്സിന്റെ വൈതാളികനായിത്തീർന്നു അങ്ങനെ കാലം മുമ്പോട്ടു പോയ്ക്കൊണ്ടിരുന്നതിനിടയ്ക്കു തിരുവനന്തപുരത്തുനിന്നും കൊച്ചിയിലെ രാഷ്ട്രീയാന്തരീക്ഷം കുന്നിക്കുന്നു പുതുതായി കേട്ടുകൊണ്ടു നിറയുകയും, ഒടുവിൽ അതു് ശ്വാസം മുട്ടിയ്ക്കുന്ന ഒരവസ്ഥയിൽചെന്നു കലാശിയ്ക്കുകയുംചെയ്തു. അതിനിടയ്ക്കു പുത്തൻ ആവേശത്തിൽ ഹിന്ദുമഹാമണ്ഡലം കുറെയേറെ മുമ്പോട്ടു നീങ്ങിയെങ്കിലും, ആ ആവേശം നെടുനാൾ കൊണ്ടുപോകുവാൻ [illegible]യുമാണെന്നു മണ്ഡലം നേതാക്കന്മാർക്കുതന്നെ സംശയം തോന്നിത്തുടങ്ങി. മണ്ഡലത്തിന്റെ ഘടനയിൽത്തന്നെ ചില പുഴുക്കുത്തുകൾ ദൃശ്യമായി. വിവിധഘടകങ്ങളെ പരസ്പരം ഒട്ടിച്ചേർത്ത പശ ഇളകിത്തുടങ്ങി പെരുന്ന മുതൽ തിരുനക്കരവരെ മന്നംശങ്കർമാർ കഴിഞ്ഞ ഏഴുമാസമായി ചെയ്ത മണ്ഡലപ്രസംഗങ്ങൾ "ഹരി:" എന്നു തന്നെയിരിക്കുന്നതെയുള്ളുവെന്നും, അതിൽ ഇനിയും ഒരു ശ്രീ കൂടി ഉൾപ്പെടുത്തുവാൻ ഇവരെക്കൊണ്ടു സാധ്യമല്ലെന്നും ബുദ്ധിമാന്മാർ കണ്ടുപിടിച്ചു. ഭാഗ്യത്തിനു കൈവന്ന ശബരിമല തീവയ്പു പോലും പ്രയോജനകരമായി മുതലെടുക്കുന്നതിൽ നേതൃത്വം പരാജയപ്പെട്ട അതോടുകൂടി രാജ്യത്തുണ്ടായിരുന്ന കോൺഗ്രസ്സ് വിരുദ്ധ സംഘടനകളും തകർന്നു താഴോട്ടായിത്തുടങ്ങി. കമ്യൂണിസ്റ്റു പാർട്ടിയുടെ നയപരിപാടികളിൽ അതിലെ നേതാക്കന്മാർ തമ്മിൽത്തന്നെ അഭിപ്രായവ്യത്യാസമുണ്ടായി. കെ. എസ്സ് പി ക്കാർ തമ്മിലടിച്ച രണ്ടായിപിളർന്നു. ബാംബെപണിമുടക്കം ആലുവാപണിമുടക്കം അടഞ്ഞപക്കേറെന്മാരെന്ന ചാരുകസേരപ്പാളിറാഘവൻസിന്റെ പുതുരക്തം കുത്തിവയ്ക്കലും കൊണ്ടു കെ. എസ്സ്. പിയും തുലഞ്ഞു. തമിഴ്നാട് കോൺഗ്രസ്സ് ഛിന്നഭിന്നമായി. മുസ്ലീം ലീഗിന്റെ പച്ചക്കൊടി പ്രസ്ഥാനം പൊളിഞ്ഞു. അങ്ങിനെയിരിക്കവെ മലയാളരാജ്യം അവരുടെ പഴയ ദേശീയ പ്രസ്ഥാനം വീണ്ടും ഉൽഘാടനവും ചെയ്തു.

വീണ്ടും ഒത്തുതീർപ്പ്

ഇവിടത്തെ രാഷ്ട്രീയ കാര്യങ്ങൾ ഇങ്ങിനെയൊരു വെട്ടിൽചെന്നു വീണതുകണ്ട് പഴയ ഒത്തുതീർപ്പു വിദഗ്ദ്ധനായ അയ്യപ്പൻ കേരളകൗമുദിപ്രത്രാധിപരും ഹിന്ദുമണ്ഡലത്തിന്റെ ഉരുക്കുതിരശ്ശീലയുടെ ഉള്ളിലുള്ള രണ്ടുതലയിൽ ഒന്നുമായ സുകുമാരനെ കാണാൽ പേട്ടയിലേയ്ക്കു പുറപ്പെട്ടു. നാലുമണിക്കൂർ നീണ്ടുനിന്ന ഒരു ഇൻക്യുമാറ്റാ സെഷനുശേഷം അയ്യപ്പൻ മടങ്ങിപ്പോയി.

പത്രറിപ്പോർട്ട്

അതിരഹസ്യമായി നടന്ന പ്രസ്തുതകൂടിയാലോചനയെപ്പറ്റി കേരളകൗമുദിയുടെ രാഷ്ട്രീയ ലേഖകൻ ഇങ്ങനെ റിപ്പോർട്ടുചെയ്തു — അയ്യപ്പനും സുകുമാരനുമായി നടന്ന സംഭാഷണത്തിന്റെ പൂർണ്ണരൂപം ലഭിച്ചിട്ടില്ലെങ്കിലും അതു് ഇവിടത്തെ രാഷ്ട്രീയ മണ്ഡലങ്ങളിൽ വിപ്ലവപരമായ ചില പരിവർത്തനങ്ങൾ ഉണ്ടാക്കുമെന്നുള്ളതു് തീർച്ചയാണു്. ഈ കൂടിയാലോചനയുടെ ഫലമായി ഹിന്ദുമണ്ഡലവും ഡെമോക്രാറ്റിക്ക് കോൺഗ്രസ്സുമൊക്കെ മാതൃസംഘടനയായ കോൺഗ്രസ്സിൽ ലയിച്ചേയ്ക്കുമെന്നും ശ്രീ. പട്ടംതാണുപിള്ളയും അനുയായികളും കോൺഗ്രസ്സിലേയ്ക്കു ഒരു ജൈത്രയാത്ര നടത്തിയേയ്ക്കുമെന്നും ഉള്ളിടത്തോളം സംഭവവികാസങ്ങൾ പെന്നെത്തിയേയ്ക്കുമെന്നും പ്രവചിക്കുവാൻ എനിക്കു സാധിക്കും

സ്ഥിരീകരിക്കാത്ത വാർത്ത

അയ്യപ്പ—സുകുമാര സംഭാഷണത്തെക്കുറിച്ചു മലയാളി ഇങ്ങിനെ റിപ്പോർട്ടു ചെയ്തു:—

അടുത്ത പൊതുതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനുതന്നെ ഭൂരിപക്ഷം കിട്ടുമെന്നുള്ള കാര്യത്തിൽ അയ്യപ്പനും സുകുമാരനും ഏകാഭിപ്രായക്കാരാണ്. അങ്ങിനെ കോൺഗ്രസ്സു വീണ്ടും അധികാരത്തിൽ വരുമ്പോൾ ഇഴഞ്ഞവരുടെ കാര്യം ശരിക്കു നോക്കുവാനായി മന്ത്രിസഭയിൽ പ്രബലന്മാരായ സമുദായനേതാക്കന്മാർ ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. അയ്യപ്പനും സി. കേശവനും അടുത്ത തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി നിൽക്കുന്നില്ല. പിന്നെ ആ ഭാരം വഹിക്കേണ്ടതു് ശങ്കറും സുകുമാരനുമാണ്. അതിനാൽ ശങ്കറും സുകുമാരനും ഹിന്ദുമണ്ഡലത്തിൽനിന്നും തിരിച്ചുപോരണമെന്നായിരുന്നു അയ്യപ്പന്റെ വാദം. ഈ വാദഗതിയിൽ സുകുമാരൻ തത്വപരമായി യോജിച്ചെങ്കിലും, ചില സാങ്കേതികതടസ്സങ്ങൾ ഉന്നയിച്ചതായിട്ടാണറിയുന്നതു്. പക്ഷെ അയ്യപ്പന്റേയും കേശവന്റേയും ഈ കണിശതയിൽ വീഴത്തക്ക ബുദ്ധിശൂന്യത മി. ശങ്കർക്കില്ലെന്നും, അതിനാൽ ഈ ശ്രദ്ധാലോചന ഇവിടെവച്ചതന്നെ തകർന്നുപോകുമെന്നും ഉള്ള കാര്യം തീർച്ചയാണ്.

ശങ്കുണ്ണിപ്പിള്ളയുടെ ബുദ്ധി

അന്നു രാത്രിതന്നെ സുകുമാരനും ശങ്കുണ്ണിപ്പിള്ളയുമായി കോട്ടയത്തുവച്ചു ഒരു രഹസ്യസംഭാഷണം നടന്നു. സംഭാഷണം ഏകദേശം നേരം പുലരുന്നതുവരെ നീണ്ടുനിന്നു. പിറേന്നു പുലർച്ചയ്ക്കുതന്നെ തിരുവനന്തപുരത്തേക്കു മടങ്ങിയ സുകുമാരന്റെ മുഖം പ്രസന്നമായി കാണപ്പെട്ടു. ശരിയായ ഒരു പ്ലാനും പദ്ധതിയും ശങ്കുണ്ണിപ്പിള്ളയും സുകുമാരനുംകൂടി ആസൂത്രണം ചെയ്തുകഴിഞ്ഞിരിക്കുന്നുവെന്നും, സകല കഴപ്പങ്ങൾക്കും പ്രതിവിധി കണ്ടു

ഏറ്റവും കൃത്യമായും വിജയകരമായും നടത്തിവരുന്ന

S. N. V. ചിട്ടിഫണ്ട്, മുഹമ്മ

ചിട്ടി No. III

വീണ്ടും 10000 രൂപയുടെ

ദ്വിമാസലേലച്ചിട്ടി ഉടനെ ആരംഭിക്കുന്നു

പിടിച്ചവർക്കും പിടിക്കാത്തവർക്കും വീതപ്പുഴിശ ഒന്നുപോലെ.

A.	50 രൂപാ വീതം	40 തവണ	രൂ:	2000x2
B.	30 "	40 "	രൂ:	1200x2
C.	20 "	40 "	രൂ:	800x2
D.	10 "	40 "	രൂ:	400x3
E.	5 "	40 "	രൂ:	200x4

ചിട്ടിയിൽചേരുന്നതിനുള്ളവർ തലയ്ക്കുലയുടെ രണ്ടു പ്രതികം ഒപ്പിട്ട് അഡ്രസ്സ് സഹിതം 1950 ഡിസംബർ 15-നകം തലയുള്ളിനെ എല്പിച്ചിരിക്കണം.

മുഹമ്മ, 25-11-'50 .... പി. കെ. രഘവൻ. തലയുള്ളിനെ:-

പിടിയ്ക്കപ്പെട്ടവനും ശങ്കുണ്ണിപ്പിള്ളയുമായി അടുത്ത സമ്പർക്കം പുലർത്തുന്ന ഒരു കേന്ദ്രത്തിൽ നിന്നും ഒരു വാർത്ത അല്പാല്പമായി വെളിയ്ക്കുവന്നുതുടങ്ങി.

ദൂതന്മാർ ഓടുന്നു

സുകുമാരന്റെ മൊഴിയും വഹിച്ചുകൊണ്ട് ശേഖരപ്പണിക്കർ കൊല്ലത്തേയ്ക്കും, ശങ്കുണ്ണിയുടെ ദൂതുംകൊണ്ടു കണ്ണാറഗോപാലപ്പണിക്കർ പേട്ടയിലേക്കും, ശങ്കുണ്ണിപ്പിള്ളയുടെ ദൂതനായി മന്നത്തുപത്മനാഭപിള്ള പട്ടത്തേയ്ക്കും, പട്ടത്തിന്റെ ദൂതനായി ബാലകൃഷ്ണൻതമ്പി കോട്ടയത്തേയ്ക്കും തിരിച്ചു. അതിന്റെ ഫലമായി പേട്ടയിൽ ജാതിക്കാബംഗ്ലാവിൽവച്ചു എം. ഗോവിന്ദന്റെ അദ്ധ്യക്ഷതയിൽ അയ്യപ്പൻ, സി. കേശവൻ, ആർ. ശങ്കർ, കെ. സുകുമാരൻ, എ. കെ. ഭാസ്ക്കർ, കണ്ണാറ ഗോപാലപ്പണിക്കർ, വയ്ക്കം മാധവൻ, തഴവാ കേശവൻ എന്നിവരുടെയും, പട്ടത്തു ബാലകൃഷ്ണൻതമ്പിയുടെ വീട്ടിൽവച്ചു പട്ടം താണുപിള്ളയുടെ അദ്ധ്യക്ഷതയിൽ ശങ്കുണ്ണിപ്പിള്ള, മന്നത്തു പത്മനാഭൻ, കളത്തിൽ വേലായുധൻ നായർ, ബാലകൃഷ്ണൻതമ്പി, മലയാളരാജ്യം രാഘവൻപിള്ള, മലയാളി രാമകൃഷ്ണപ്പൻ എന്നിവരുടെയും ഒരോ കൺഫറൻസുകൂടി

അച്ചുതണ്ടുശക്തികൾ

ശങ്കുണ്ണിപ്പിള്ളയും സുകുമാരനും എന്ന അച്ചുതണ്ടുശക്തികൾ കാലേകൂട്ടി ആസൂത്രണം ചെയ്ത പ്രകാരം പദ്ധതിയുമനുസരിച്ചുതന്നെ പേട്ടയിലേയും പട്ടത്തേയും കൺഫറൻസുകൾ പുരോഗമിച്ചു. അടുത്ത ദിവസത്തെ ദേശബന്ധുവിൽ "ഇഴവപ്രസ്ഥാനം" എന്ന പേരിൽ ഒരു ദീർഘമായ മുഖപ്രസംഗം പ്രത്യക്ഷപ്പെട്ടു. പിറേന്നത്തെന്ന അതു കേരളകൗമുദിയിലും പകർത്തി. ഹിന്ദുമണ്ഡലത്തിന്റെ പേരിൽ സഹോദരസമുദായസംഘടനകളിൽ ഭിന്നിപ്പുണ്ടാകുന്നതു ശരിയല്ലെന്നും, എസ്. എൻ. ഡി. പി. യുടെ കയ്യേത്തിൽ നായന്മാരോ, എൻ. എസ്. എസിന്റെ കയ്യേത്തിൽ ഇഴവരോ തലയിടരുതെന്നും, എസ്. എൻ ഡി. പി യും, എൻ എസ് എസും ഹിന്ദുമണ്ഡലത്തിൽ ലയിക്കണമെന്നോ ലയിച്ചെന്നോ ഉള്ള ഭാവത്തിലൊക്കെ അവസാനിപ്പിച്ചു്, "അവനവനിക്ക് അവനവൻ" എന്ന തത്വം അനുസരിച്ചു പെരുമാറണമെന്നും, പൊതുവായി പ്രവർത്തിക്കാനുള്ള മണ്ഡലങ്ങൾ ഉണ്ടെങ്കിൽ അവയിൽമാത്രം എസ്. എൻ. ഡി. പി. യും, എൻ. എസ്. എസും യോജിച്ചു പ്രവർത്തിച്ചാൽ മതിയെന്നും ഒക്കെയായിരുന്ന "ഇഴവപ്രസ്ഥാന"ത്തിൽ ശങ്കുണ്ണിപ്പിള്ള ഉപദേശിച്ചതു്.

ഒത്തുതീർപ്പു വ്യവസ്ഥകൾ

പേട്ടയിലെയും പട്ടത്തേയും കൺഫറൻസുകളുടെ തീരുമാനങ്ങളിൽ കണ്ട ഐകരൂപ്യം അത്ഭുതാവഹമായിരുന്നു. ആ തീരുമാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളാവിതു്:—

1. മന്ത്രിസഭയുടെ അംഗസംഖ്യ ഏഴായി വർദ്ധിപ്പിക്കണം—നാലു ഹിന്ദുക്കളും മൂന്നു ഹിന്ദുക്കളും

2. പ്രധാനമന്ത്രി ഹിന്ദുവായിരിക്കണം.

3. ടാൻസ്പോർട്ട് ദേശീകരണപദ്ധതി നിർത്തിവയ്ക്കണം. ആ അടിസ്ഥാനത്തിൽ വിദ്യുല്ലയദേശീകരണ നടപടികളും ഉപേക്ഷിക്കാവുന്നതാണ്.

4 ഹൈഡ്മാസ്റ്റർമാരായി 'അച്ചു'ന്മാരെ നിയമിക്കാൻ കഴിയാത്തവിധം മാനേജ്മെന്റുകൾക്കും സ്വാതന്ത്ര്യം നൽകുന്ന വകുപ്പുകൂടി പബ്ലിക്ക് പ്രോഗ്രസ്സ് പദ്ധതിയിൽ ഉൾപ്പെടുത്തുവാനുണ്ടു്.

5. കൺഗ്രസ്സിൽനിന്നും അച്ചടക്ക നടപടിയെടുത്തു പുറത്താക്കിയ പട്ടം ഗ്രൂപ്പിനെയും മണ്ഡലം ഗ്രൂപ്പിനെയും നിരുപാധികമായി കൺഗ്രസ്സിൽ തിരിച്ചെടുക്കണം.


6 മേൽപറയുന്ന വ്യവസ്ഥകൾ കൺഗ്രസ്സ് അംഗീകരിക്കുന്നതിനെതുടർന്നു ഹിന്ദുമഹാമണ്ഡലം പിരിച്ചുവിടേണ്ടതാകുന്നു.

പുതിയ മന്ത്രിസഭ രൂപീകരിക്കുന്നു

വ്യവസ്ഥകൾ അംഗീകരിച്ചതിനെ തുടർന്നു് പട്ടംതാണുപിള്ള പ്രധാനമന്ത്രിയായും, പനമ്പിള്ളി ഗോവിന്ദമേനോൻ, ആർ. ശങ്കർ, എം ഗോവിന്ദൻ, ജോസഫ് മുണ്ടശ്ശേരി, സേശമണി, അബ്ദുള്ളാ എന്നിവർ മന്ത്രിമാരായുമുള്ള പുതിയ മന്ത്രിസഭ സത്യപ്രതിജ്ഞചെയ്തു ചാർജ്ജെടുത്തു. ആ പുണ്യദിനത്തിൽ തന്നെ ഹിന്ദുമഹാമണ്ഡലം പിരിച്ചുവിട്ടിരിക്കുന്നതായി മന്നത്തിന്റെ ആഫീസിൽ നിന്നും പ്രഖ്യാപനവുമുണ്ടായി. എസ്. എൻ. ഡി. പി, എൻ എസ്. എസ്. എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ രാജ്യമാസകലം ആഹ്ലാദങ്ങൾ കൊണ്ടാടി. വരാപ്പുഴ, കോട്ടയം, ചങ്ങനാശ്ശേരി, കൊല്ലം, തിരുവനന്തപുരം എന്നീ ഭദ്രാസനാരമനകളിൽ നിന്നും ആശംസകളും, എല്ലാ ഇടവകകളിൽ നിന്നും കൂട്ടമണിനാദവും ഉയർന്നു. "നമ്മുടെരാശ്ശ—നേശമണിരാശ്ശ"—എന്ന നാടൻപാട്ടുകൾ ആത്മവിശ്വാസം.

പ്രതിഷേധങ്ങൾ

സോഷ്യലിസ്റ്റ് പാർട്ടി സെൻട്രൽ ആഫീസിൽവച്ചു നടന്നുകൊണ്ടിരുന്ന ഭാസ്ക്കറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രതിഷേധയോഗത്തിൽ സഖാക്കൾ അലമേലുവും, സരസ്വതിയും പട്ടം താണുപിള്ളയുടെ വൻചതിയെ പൊളിച്ചുകാട്ടിക്കൊണ്ടു ഘോരഘോരമായി പ്രസംഗിച്ചു. "തൊഴിലാളിവഞ്ചകൻ—പട്ടം മുർദ്ദാബാദ്" എന്നുള്ള മുദ്രാവാക്യങ്ങൾ മുഴക്കിയ പ്ലക്കാർഡുകൾ വഹിച്ചുകൊണ്ടു നഗരംചുറ്റി ഒരു ഘോഷയാത്രയുമുണ്ടായിരുന്നു. വെള്ളയമ്പലം സ്റ്റേയറിൽ എത്തിയപ്പോൾ ഘണ്ടാകാരം ഘോഷയാത്രക്കാരിൽ നിന്നും പ്ലക്കാർഡുകൾ പിടിച്ചുവാങ്ങിയതാ



കെ. സുഗതൻ, പാലക്കുന്ന്

ചന്ദ്രിക ചേച്ചിയല്ല, ഉഷചേച്ചിയാണ് മറുപടി എഴുതുന്നത്. എഴുത്തെഴുതാൻ പി ലവായ നാലണ നാലുപൈസ അയച്ചത രട്ടോ? എങ്കിൽ കൊള്ളാമായിരുന്നു. അല്ലേ. ഈ കുട്ടുകാരനെഴുതു. എം സോമശേഖരൻ നായർ, താലക്കോണത്തുവീട്, പൂജപ്പുര, തിരുവനന്തപുരം. കൊളംബിൽനിന്നു അടുത്തയാഴ്ച പരിചയപ്പെടുത്തിതരാം. കണ്ണുനീരിന്റെ പാടുകണ്ടു വ്യസനിക്കുന്നു.

ജി വിജയകുമാരി, തൈക്കാട്

ചേച്ചിക്കെഴുത്തയച്ചാലല്ലെ മറുപടി എഴുതാൻസാധിക്കൂ. കൊച്ചുനടിയുടെ ഫോട്ടോ പത്രാധിപക്കയച്ചുകൊടുത്തു ഇതുവരെ ആരുംപ്പെട്ട കുട്ടുകാരി. റ്റി. എൻ. ജയപ്രഭ C/o മി. റ്റി. എൻ. ജയദേവ് തൈവാലത്തു, കുക്കുമ്പേരി, തൃശ്ശൂർ.

എ. ഇബ്രാഹിംകുട്ടു, നം: 514. കണ്ണിയാപുരം.

ഇതിലുണ്ടായിരുന്ന എഴുത്തു ചേച്ചിയുടേതല്ല. ചേച്ചി നേരിട്ടാക്കും എഴുതാറില്ല. രണ്ടണ കൊടുത്തു കാർഡു വാങ്ങിയോ? വിവരം വേഗം ചേച്ചിയെ അറിയിക്കണേ. ആരോപ റ്റിച്ചതാണ്. ഒരു "പ്രിയസുഹൃത്തി"നെ പരിചയപ്പെടുത്തിത

[കൗമുദിലിഗിന്റെ മാറ്റർ ആഫീസിൽ വന്നുചേരുന്നതിനു താമസിച്ചതുകൊണ്ടാണ് കഴിഞ്ഞയാഴ്ച ലീഗുക്രൂടാതെ വാരിക പുറത്തിറക്കേണ്ടിവന്നതു്.

പത്രാധിപർ]

രട്ടോ? പി ലെനിൻ, ത്യാഗവനം, കന്നിമേൽ കിളികൊല്ലൂർ, കൊല്ലം എഴുത്തിന്റെ കാര്യം തീരുമാനിയറിയിക്കണം.

കെ. കെ. സൂസിലി, ചെറായി. മറുപടി താമസിച്ചോ? കൈലേസു അയച്ചതതു. ഇതാ ആവശ്യപ്പെട്ട കുട്ടുകാരിയുടെ മേൽവിലാസം. ഡി. ഓമന, C/o മി: കെ ദാമോദരൻ ബി. എ. പേട്ട, തിരുവനന്തപുരം. കാർട്ടൺ സ്വന്തമാണോ?

കെ. കെ. ജിന്നാ, ചെറായി നാടകം പ്രസിദ്ധീകരിക്കാൻ ശ്രമിക്കാം. ലീഗിൽനിന്നു ചേച്ചി ജിന്നടയ മാറുമോ? പത്രാധിപർ സാറിനു സുഖമാണോ? എന്നാണ് മാസിക പുറപ്പെടുന്നതു്?

എം. ലളിതാമണി, ചെറിനാട്. ചേച്ചിക്കു സംഗീ

യി ഒരു ശ്രുതി പരന്നു. അതുകേട്ട പേട്ടയിൽ നിന്നും ഒരു സംഘം ആർ. എസ്. പി. ക്കാർ പുതിയ പ്ലക്കാർഡുകളുമായി വെള്ളയമ്പലത്തെത്തി ഗ്രൗണ്ടുകളെ വെല്ലുവിളിക്കുകയും, "ആർ. എസ്. പി. സിന്ദാബാദ്—കാൺഗ്രസ്സ് മുർദാബാദ്" എന്ന മുദ്രാവാക്യങ്ങളും ഭീകകഥാ പൊട്ടുമാറ് വിളിച്ചുപറയുകയുംചെയ്തു.

മുസ്ലീംലീഗുപ്രസിഡണ്ടു പി. കെ കുഞ്ഞിന്റെ അഭിപ്രായമനുസരിച്ച് കായംകുളം കുമ്പോളത്തിലും കണ്ണിയാപുരം പന്തയിലും ഹർത്താൽ ആചരിക്കപ്പെട്ടു.

മന്നത്തിന്റെ സന്തപനം

അന്നൊരുരാത്രി മന്നത്തുപത്മനാഭൻ പെരുന്നയിലുള്ള സ്വവസതിയിൽ ഉറങ്ങിക്കിടക്കവെ അടുത്തുനിന്നു ആരോ വിങ്ങിവിങ്ങിക്കരയുന്നതായിട്ടു് ആ വൃദ്ധൻ ചാടിയെണീറ്റു. കഷ്ടം! ഹിന്ദുമണ്ഡലം എന്ന സ്വന്തം പുത്രി പിതാവിന്റെ മുമ്പിൽനിന്നു് തലയിലും നെഞ്ഞത്തും അടിച്ചു നിലവിളിക്കുകയാണ്. "മകളെ! കരയാതെ, നിന്നെ ഞാൻ ഉപേക്ഷിക്കുകയില്ല." എന്നുള്ള മന്നത്തിന്റെ സാന്ത്വനവാക്കുകൾ കേട്ട അവൾ ഒരുവിധത്തിൽ അടങ്ങി.

തം വലിയ ഇഷ്ടമാണ്. ലളിത പഠിപ്പിച്ച തരമോ? ഇതല്ലേ ആവശ്യപ്പെട്ട കൂട്ടുകാരി ബി രാജേശ്വരിഅമ്മ, തേവർവിൻകീഴ് മേക്കേ പുത്തൻവീട്ട്, ആനയറ, പേട്ട, തിരുവനന്തപുരം.

കെ. എ. ജയാർജ്ജനൻ, ക്ലാക്കഞ്ചേരി. മറപടി എഴുതാൻ താമസിച്ചതിൽ വ്യസനിക്കണ്ട. മത്സരത്തിൽ പങ്കെടുക്കണേ. ഏങ്കിൽ ഒരു കാര്യം പറയാം. ആരോടും പറയല്ലേ. സമ്മാനം അനുജനുതന്നെ കിട്ടും ആരുടെ കല്യാണത്തിനാണ്, തിരുവനന്തപുരത്തു വരുന്നത്? ഈ കൂട്ടുകാരെനെഴുതുക. പി. കെ. രവീന്ദ്രൻനായർ, തിരുമുടിമഠം ശ്രീകണ്ഠേശ്വരം തിരുവനന്തപുരം.

ജി. പാകൃം, തമ്പാനൂർ. അനുജത്തിക്ക എഴുതണമെന്നു വിചാരിച്ചിട്ട കാച്ചുനുള്ളായി. പാഠിയില്ല. ഇതുനാളും കാത്തിരുന്നതിനു വളരെ ഉപകാരം. വീട്ടിൽ ഇനിആരും കളിയാക്കുകയില്ല ചേച്ചിയുടെ ഫോട്ടോ താമസിയാതെ കാണാം. ഈ കൂട്ടുകാരിയെഴുതുക. ആനിമാത്യൂസ്, C/o ഗ്രേസ്മാത്യൂസ്, അലുമിനിയം ഇൻഡസ്ട്രീസ് കണ്ടാ.

കെ. കെ. ശാന്താറാം, വീട: പറവൂർ. കഥ പ്രസിദ്ധീകരിക്കാം. മത്സരത്തിൽ പങ്കെടുക്കണം. "അമ്മയുടെവിധി"യെപ്പറ്റിയുള്ള നിരൂപണത്തിൽ ചില ഭാഗങ്ങളോട് ചേച്ചി യോജിക്കുന്നില്ല അതിനെന്തു നല്ല വാചകശൂദ്ധിയില്ലേ? ഇനി സൂക്ഷിക്കണേ. പി. വേലായുധൻ, പുളിക്കൽ മേലെപുത്തൻവീട്, തിരുവനന്തപുരം. ഇതാണ് കൂട്ടുകാരന്റെ മേൽവിലാസം.

റ്റി. കുഞ്ഞമ്മ, പെരുന്ന. മറപടി എഴുതാൻ താമസിച്ചതിൽ ചേച്ചിക്കു സങ്കടമുണ്ട്. കൊല്ലത്തുനിന്നതന്നെയാണ് കൂട്ടുകാരി. എം. എസ്സ്. അംബികകുമാരി, വയലിൽവീട്, കൺറോൺമെൻറ്, കൊല്ലം. മത്സരത്തിൽ പങ്കെടുക്കണേ.

ആർ. നാരായണൻനായർ, രാമവർമ്മപുരം പുറന്നാള് കഴിഞ്ഞിട്ടാണോ അറിയിക്കുന്നത്. കൊള്ളാം പായസത്തിന്റെ കാര്യം പറഞ്ഞപ്പോഠംനാക്കിൽ വെള്ളമൂറുന്നു. ലതയെ ചേച്ചി ചോദിച്ചെന്നു പറയണം. ഫോട്ടോ അയച്ചുതരൂ. എത്ര വയസ്സായി ലതക്ക്? ചേച്ചി "പ്രസന്ന"കണ്ടില്ല. "ഹാം ലാറ"കണ്ടു, ഈ കൂട്ടുകാരനെഴുതുക കെ. എൻ. രാജഗോപാൽ, രാജവിലാസത്തുവീട്, ചെന്നീർക്കര, തുമ്പമൺ [ശാന്തച്ചേച്ചിയേയും, ലീലച്ചേച്ചിയേയും പോലിച്ചതായി പറയണം.

എൽ. വിജയകുമാരി പേട്ട. കൂട്ടുകാരിയെ തരാൻ ചേച്ചിയ്ക്കിഷ്ടക്കേടൊന്നാണ്? ഇതാണ് മേൽവിലാസം. സി. വി. സരസ്വതി, പെരകാട്ടുവീട്, മങ്ങാട്ട്, കൊല്ലം.

എസ്. ശിവദാസ്, ചവറ ചേച്ചിമാർ പറഞ്ഞതനുസരിച്ചതു വളരെ ശരിയാണ്. ഉഷച്ചേച്ചി പരിചയമുള്ളവർക്കേ എഴുതുകയുള്ള. അതാണ് ശിവദാസനും എഴുതുന്നത്. ടീച്ചറിക്കമ്മാവൻ പടക്കം വാങ്ങിത്തന്നോ? കൂട്ടുകാരനു ഈ മേൽവിലാസത്തിൽ എഴുതണം. ആർ. ധർമ്മരാജൻ, കോട്ടയിൽ, കിഴക്കേമുറി കാപ്പിൽ.

ഉമാദേവി, ചിറയിൻകീഴ്. ജന്മനാളിന്റെ തലേദിവസമാണോ അറിയിക്കുന്നത്. നേരത്തേ അറിയിച്ചിരുന്നെങ്കിൽ ചേച്ചി വരുമായിരുന്നല്ലോ. അയച്ച സാധനം കിട്ടി. പക്ഷേ ചേച്ചിയ്ക്കൊന്നും കിട്ടിയില്ല. ജന്മനാളിനു ചേച്ചിയ്ക്കൊന്നും തരാൻ സാധിച്ചില്ലത്രേ.

എം. എസ്. ബാബു, പെരിങ്ങാട്. ക്ലാപ്പനയിൽ നിന്നു കൂട്ടുകാരന്റെ എഴുത്തുവന്നോ? മാറ എല്ലാവർക്കും കൂട്ടുകാരെ കൊടുത്തല്ലോ ആഴ്ചപ്പതിപ്പു കാണാറില്ലേ പേട്ടയിൽ നിന്നു ഏതു കൂട്ടുകാരനെവേണം.

ബി. ശാരദാദേവി, കുമാരപുരം. എറണാകുളത്തു നിന്നു ഭാസുരയുടെ എഴുത്തു വന്നില്ലേ? ഇനിയും വന്നില്ലെങ്കിൽ അറിയിക്കണം എല്ലാവരെയും ചോദിച്ചതായി പറയണം. ചേച്ചിയുടെ വീട്ടിൽ വരണേ മറക്കരുത്.

ഡി. നടരാജൻ, കിളികൊല്ലൂർ, എന്തായിരുന്നു സുഖക്കേട്. ഭേദമായോ? കുട്ടപ്പനു കൂട്ടുകാരനെ കൊടുത്തുകൊണ്ട് കുട്ടപ്പനു എന്തുകൊണ്ടു എഴുതിക്കൂടാ. അനുജനും ഒരു കൂട്ടുകാരനെ തരാം. വി. വി. വിദ്യാധരൻ വടക്കേമുറിയിൽ, തിടനാട്, ഈരാറപേട്ട

സൈനബാബീവി, ചങ്ങനാശേരി ഫോട്ടോ അടുത്തതന്നെ പ്രസിദ്ധീകരിക്കാം. മത്സരത്തിൽ ഇത്തവണയും സമ്മാനത്തിനു ശ്രമിക്കണം.

പി. കസ്തൂരിഭായി, അയക്കോട് പടപ്രശ്നം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിനുമുമ്പു മറപടി എഴുതിയിരുന്നതു കണ്ടില്ലേ. കൂട്ടുകാരികളുടെ എഴുത്തു വന്നില്ലെങ്കിൽ അറിയിക്കണം. രണ്ടുപേക്കും വേറെ കൂട്ടുകാരികളെ പരിചയപ്പെടുത്തിത്തരാം.

ജെസ്റ്റിൻ ജേക്കബ്, തിരുവനന്തപുരം. ശിവദാസിന്റെ മേൽവിലാസം ഇതാണ്. എം. ശിവദാസ്, മങ്കുഴി, മനക്കുങ്ങര, മത്സരത്തിൽ പങ്കെടുക്കണം.

പി. കെ. ശങ്കരൻനായർ, കരമന. ചേച്ചിയെ തിരക്കി കുമുദി ആഫീസിൽ ചെന്നിരുന്നോ? ചേച്ചി ആഫീസിൽ പോകാറില്ല എഴുത്തെല്ലാം ഇങ്ങു എത്തിച്ചുതരികയാണു പതിവ്.

നിരൂപണങ്ങൾ

"മണ്ണിന്റെ മക്കൾ"

വി. വി. ശ്രീധരൻ, തിടനാട്.

"ഒരു വിപ്ലവസന്ദേശം "മണ്ണിന്റെ മക്കളിൽ"കൂടി നൽകുവാൻ ശ്രീധരനു കഴിഞ്ഞിട്ടുണ്ട്....." പി. ജവഹർ, തുമ്പൂർ.

"ആശയഗാംഭീര്യവും, പാകപ്പെട്ട മണ്ണിന്റെ മക്കൾക്കു വേണ്ടിയുള്ള തുഗേസന്നദ്ധതയും മുഴച്ചുകാണുന്നുണ്ട്. ശ്രമിച്ചാൽ ഇതിലും നന്നായി എഴുതാൻ സാധിക്കുമെന്നു തോന്നുന്നു. എന്റെ അനുമോദനസന്ദേശം." പി. രാധാകൃഷ്ണൻനായർ ആയ്വനാട്, നമ്പ: 464.

ഈ ആഴ്ചയിലെ അംഗങ്ങൾ

1141 കെ. ജെ. സേവിയർ, പെരിനാട്. 1142 പി റ്റി. പ്രസന്നൻ, മുണ്ടക്കയം. 1143 ആർ. രാജലക്ഷ്മി അമ്മാൾ, അഞ്ചൽ 1144 കെ. തമ്പി ഫെർണാൻഡസ് 1145 പി വിശ്വനാഥൻ നായർ, തിരുവനന്തപുരം. 1146 കെ പി സ്വയംപ്രഭ, ആയ്വനാട്. 1147 വസുമതി, പട്ടണക്കാട്. 1148 എൻ രവീന്ദ്രൻപിള്ള, കിളികൊല്ലൂർ 1149 പി. പത്മനാഭൻ നായർ, അയക്കോട്. 1150 എം. എൻ. രവീന്ദ്രപ്പണിക്കർ, തമ്പലക്കാട്. 1151 ജെ. പത്മകുമാരി, പേട്ട. 1152 ആർ. ഗോപകുമാർ, കൊല്ലം. 1 53 എം. എൻ. വസുമതി, തിടനാട്. 1154 എസ്. സുദേവൻ, ആറാഞ്ചൽ 1155 പി കമലാഭായിഅമ്മ, ഏരൂർ. 1156 കെ. എം. ശിവദാസ് അകത്തുമുറി. 1157. പി. ചന്ദ്രശേഖരൻ, പടി: കൊല്ലം. 1158 സ

—കുമുദി

നിവൻസ് നിൽക്കാറായി!

[ഒരു നാടകം]

★

വി. ടി. ഇന്ദുചൂഡൻ

കഥാപാത്രങ്ങൾ

1. കുഞ്ഞൻപണിക്കർ:—ഒരു വൃദ്ധനായ കൃഷിക്കാരൻ.
2. അമ്മു:—പണിക്കരുടെ മകൾ.
3. വാസു:—അമ്മുവിന്റെ കാമുകൻ.
4. മത്തായി:—ഒരു ജന്മിയും കച്ചവടക്കാരനും.
5. കരുണാകരമേനോൻ:—എം. എൽ. എ.
6. അന്തോണി:—മത്തായിയുടെ കാര്യസ്ഥൻ.
7. ചാക്കപ്പൻ:—മത്തായിയുടെ വേലക്കാരൻ.
8. കിട്ടണ്ണി:—കരുണാകരമേനോന്റെ വേലക്കാരൻ.

രംഗം. 4

അല്ലാണ്ടെന്താ? (കുഞ്ഞി മോന്തുന്നു. അല്പനേരത്തെ നിശ്ശബ്ദത) എടീ കാര്യം തകരാറായല്ലോ! ഇനി എന്താചെയ്യാനമ്മളു:

അമ്മു:—എന്താണച്ഛാ?

പണിക്കർ:—ആ മത്തായി മാപ്പിള കായ്യം കേസാക്കി. ഇത്‌വരെ പട്ടിണിയാർന്നെങ്കിലും കെടക്കാൻ ഒരു വീടണ്ടാർന്നു. ഞ്ഞി അതുല്യണ്ടുവാനാണ് യോഗം. ഞാൻ മൂന്നാലാഴ്ചെടെ അട്ത്ത് പണത്തിന്നു പോയി. ആരുടെ കയ്യിലുല്ലാ കാശ്. ഇതൊക്കെ സഹിയ്ക്കണ്ടി വന്നല്ലോ ഈശ്വരാ! വല്ലവിധേനേം പത്താ മതുർന്നു. അതിന്നു അദ്ദേഹം അങ്ങോട്ട് തിരിച്ചുവിളിയ്ക്കുന്നുല്ല. (കുഞ്ഞിമോന്തുന്നു) എടീ, അമ്മൂ കുറച്ച് ചമ്മന്തീം കൂടി താ (അമ്മു വിളമ്പിക്കൊടുക്കുന്നു) കരിഠ്‌വെളിച്ചെണ്ണയുണ്ടോടീ ഇതിലൊഴിയ്ക്കാൻ? ചമ്മന്തീല് വെളിച്ചെണ്ണയില്ലെങ്കിൽ കൊള്ളില്ല്യ....

അമ്മു:—വെളിച്ചെണ്ണയിലു....

പണിക്കർ:—പണ്ടാരം വെയ്ക്കാൻ എടീ മീനിയാന്നല്ലെ നാഴിവെളിച്ചെണ്ണ വാങ്ങീത്? ഇതെന്ത് ചിലവാണ്.

അമ്മു:—മീനിയാന്നല്ല, അച്ഛാ. കഴിഞ്ഞാഴ്ചയാണ് വെളിച്ചെണ്ണ വാങ്ങീത്.

പണിക്കർ:—എന്നാപ്പിന്നെ മീനിയാന്നൊന്നു വാങ്ങീത്? മുളകായിരിയ്ക്കും, അല്ലേ?

അമ്മു:—അതെ.

പണിക്കർ:—(കുഞ്ഞിമോന്തി ആലോചിച്ചുകൊണ്ട്) ആ ചെക്കനാണ് ഒന്നരക്കൊല്ലം ജേലിപ്പോയിരുന്നു. ദീനോം പിടിച്ച് നമ്മളെ വിട്ടുപോയീല്ലെ! കുടുംബം നോക്കാൻ ആളില്ലാണ്ടായ്ത്തീന്നു എല്ലാം വെണ്ണീറായീല്ലെ! ഞാൻ അന്നു് എത്രപറഞ്ഞു കുഞ്ഞിടകലംല്ലാണ്ട്; സൂക്ഷിക്കണം, സൂക്ഷിക്കണം എന്നു്, (കുഞ്ഞി പിന്നേം മോന്തുന്നു) അമ്മു, ഇത്തിരികഞ്ഞി കൂടിതാ. രുചി തോന്നണില്ല കുടിയ്ക്കാൻ എന്തെങ്കിലുമാകട്ടെ. ചാകാണ്ട് കിടക്കണ്ടെ, ഔഷിതം അന്വേഷിയ്ക്കാൻ. അമ്മൂ, അടി എളക്കാണ്ടെ എട്ടക്ക്, കല്ല് വീഴണ്ട (അമ്മു കഞ്ഞി വിളമ്പിക്കൊടുക്കുന്നു) ഒരു കയിലുംകൂടി ഒഴിച്ചോ. രുചിയില്ല. എന്നാലും എന്തെങ്കിലുമാകട്ടെ. മൂക്കപ്പൊത്തിപ്പിടിച്ചിട്ടങ്ങ്ട്ട് മോന്തിക്കളയാം.... ഒരു ഠാത്തൽ കിഴങ്ങ് പുഴുങ്ങാർന്നില്ലെടീ അമ്മൂ?

അമ്മു:—കെഴങ്ങ് റാത്തൽക്ക് 3 ണയാണച്ഛാ.

പണിക്കർ:—അയ്യോ! എന്നാവേണ്ടേയ്! മൂന്നണയ്! ഇരുപായുരപ്പാ! രണ്ട് ശില്ലിക്ക് കിട്ടുന്ന സാധനാണ്. കലി കലം മുഴുങ്ങി (കുഞ്ഞി മോന്തുന്നു) എനിയ്ക്ക് പിന്നേം ഏതൻറെ ചെക്കന്റെ കായ്യം കാത്തിട്ടാണ്. നല്ല പയ്യനപോലെ ഇരുന്നോന്ന ചെക്കൻ. നിനക്കവനെ കാർമ്മയുണ്ടോ, അമ്മൂ?

അമ്മു:—എനിയ്ക്കു നല്ല കാർമ്മയില്ല.

പണിക്കർ:—നിനക്കന്നെ പത്തു പന്ത്രണ്ട് വയസ്സേ ആയിട്ടുള്ളു കുഞ്ഞമ്മ ഉണ്ടാവില്ല.... ജീവിച്ചിരുന്നാ കുടുംബം നോക്കാൻ യോഗല്യ. എന്താപ്പെയ്യാ! അവന്റെ മനസ്സങ്ങനെ ആയിപ്പോയ്. ഞാനവനെ ആക്ഷേപിക്കുല്ല, കേട്ടോ, അമ്മൂ. നീയ്യ് അങ്ങനെ ധരിക്കണ്ടാ നമ്മളാരു കായ്യത്തിനാണവൻ പോയതു്. ഗാന്ധീടെകൂടെയല്ലേ. അവരങ്ങനെ ചെയ്യുകൊണ്ടാണല്ലോ ഇന്നു് നാട്ടിനു് മേമ്പറഞ്ഞതു്. അവൻ അന്നു് ജേലിപ്പോയതോണ്ട് നമ്മുടെ കുടുംബത്തിനും ഏതെങ്കിലും ഗുണം ഉണ്ടാവില്ലാന്നു് വിചാരിക്കേണ്ട. (കുഞ്ഞി മോന്തുന്നു) ഈ മത്തായിമാപ്പിളടെ കായ്യം എന്തു ചെയ്യും? അതാണിപ്പൊ കഴപ്പം. 800 രൂപാ മുതലും അഞ്ഞൂറാ‍ിചിലവാനം രൂപാ പലിശയും ഉണ്ട്. ഞാനത് എവിടന്നു കൊടുക്കണം ദൈവമേ! കിടക്കാനൊരു വീടുംകൂടില്ലാണ്ടായാൽ....

അമ്മു:—ഒഴിഞ്ഞ കൊട്ടക്കണ്ടാ എന്നു് പറേണ്ണ്ടല്ലോ അച്ഛാ?

പണിക്കർ:—ഒഴിഞ്ഞകൊട്ടക്കണ്ടെ: ആരു പറഞ്ഞെടീ, ഇതു്?

അമ്മു:—അങ്ങനെ ആളുകൾം പറയുന്നതു കേട്ടു.

പണിക്കർ:—ഏതാമ്മാടീ ഇതു് പറഞ്ഞതു്?

അമ്മു:—ചിലരങ്ങനെ പറയുന്നതു കേട്ടു.....

രാജേന്ദ്രൻ, കൊല്ലം. 1159. കെ. എ. ചിന്നമ്മ, എറണാകുളം. 1160 കെ. നാരായണൻ, വക്കല. 1161. വിലാസിനി, തൃശൂർ. 1162 എസ്. പ്രേമകുമാരി, കുന്നുകഴി. 1163. കെ പി. ശിവരാമൻനായർ തുമ്പമൺ. 1164. പി. സി തോമസ്, ആലപ്പുഴ 1165 കെ. സി വിക്ടോറിയാമ്മ, വെട്ടിക്കവല. 1166. ജെ അന്നമ്മ, അട്ടർ. 1167. കെ. എ സിദ്ധാർത്ഥൻ, മുത്തകുന്നം. 1168. കെ ജയപ്രസാദ്, വെണ്ണികോട്. 1169. പി. അനസൂയാദേവി, പെരിങ്ങനാട്. 1170. കെ ജി. തമ്പാൻ, കിഴക്കേകല്ലട 1171 വി. ഗോപകുമാർ, കിളിമാനൂർ 1172. പി. രാജഗോപാൽ, മയ്യനാട്. 1173. കെ അംബുജം, രാമവർമ്മപുരം 1174. ഡി സരോജം, കായംകുളം. 1175. എൻ. സുരേന്ദ്രൻ, ആലപ്പുഴ. 1176. കെ. സദാശിവൻ, പോത്തൻകോട്. 1177 സി. എൻ. സുഗതൻ, മങ്ങാട് 1178. പി. അംബികകുമാരി, കിളിമാനൂർ. 1179. എൻ. ഫാത്തിമാബായി, അട്ടർ. 1180. ജി. ധരൻ. മങ്ങാട്. 1181. വി. ആർ ഭാസ്കരനാഥൻ, വക്കല. 1182. കെ ഉണ്ണിക്കൃഷ്ണപിള്ള, ക്ലാപ്പന. 1183. സി. എൻ. സുരേഷ്, മങ്ങാട്. 1184. എൻ. പി. രാജൻ, കൊല്ലം. 1185. പി. രതീദേവി തിരുവനന്തപുരം. 1186. സി. എൻ. ശിവാജി, മങ്ങാട്. 1187. ജി മനോഹരൻ,, തെക്കുമങ്ങാട് 1188. വി. എസ്. മാധവൻനായർ, കൊട്ടാരക്കര. 1189. വി. വിശ്വംഭരൻനായർ, ഇടയ്ക്കാട്. 1190 വി. ലളിതാബായി, രാമവർമ്മപുരം 1191. കെ, എസ്. ബാലചന്ദ്രൻ, പുല്ലംകാ. 1192.. ഗോപിനാഥൻനായർ കവടിയാർ 1193 എൻ. ഗോപിആശാരി, കണ്ടിയാപുരം. 1194. എൻ. ഹേമചന്ദ്രൻ, പുത്തൂർ. 1195. പി. ആർ. വിജയൻ, ഉള്ളൂർ.

പണിക്കർ: – ആരാടി, അമ്മൂ, ആ 'ചിലരു'?

അമ്മു:—കഴിപ്പിക്കാൻ വരുമ്പോഴാ കഴിയാൻ കൂട്ടാക്കണ്ടാന്നു്.

പണിക്കർ:—കഴിയാൻ കൂട്ടാക്കണ്ടാന്നോ? കൊള്ളാം! ഇനി ആ കണ്ടാമണ്ടിയും കൂടിയേ വേണ്ടു. ബാക്കി എല്ലാം തികഞ്ഞു ആരാടീ, അമ്മൂ, നിന്നോടിതു പറഞ്ഞതു?

അമ്മു:—(പരുങ്ങിക്കൊണ്ടു്) അങ്ങനെ ഇവിടങ്ങളിലു് ചിലർ പറയുന്നതു കേട്ടു.

പണിക്കർ:—(ക്ഷമകെട്ടു്) പിന്നെയും പറയും പെണ്ണു് 'ചിലരു്', 'ചിലരു'ന്നു്. ഇതു് പറഞ്ഞാറിക്ക പേരില്ലെടീ.?

അമ്മു:—(പതിഞ്ഞ സ്വരത്തിൽ) തെക്കേലെ വാസുനായരു അങ്ങനെ പറയുന്നതു കേട്ടു

പണിക്കർ:—ഏ? ഏ? ആരു്? (അമ്മു ഒന്നും മിണ്ടുന്നില്ല) ഏ? ആരു് പറഞ്ഞൂന്നു്?

അമ്മു:—(പരുങ്ങിക്കൊണ്ടു്) തെക്കേതിലെ വാസുനായരു്.....

പണിക്കർ:—വിശേഷായി! കഴുവിടമ്പൽ കയറാൻ അവന്റെ കൂടെ നടന്നാൽമതി. അവന്റെ 'കമ്മ്യൂണിഷ്ട്ടു്' കണ്ടം നമുക്കു വേണ്ട. എടീ പെണ്ണേ, നീയാ പെക്കന്റെ കൂട്ടുകൂടാൻ പോയാല് അടിച്ചു് പന്തീമ്മലെ തോലു് ഞാൻ ഉരിയും. മനസ്സിലായോ?

അമ്മു:—ഞാൻ ആരുടെ കൂട്ടും കൂടീട്ടില്ല എനിക്കൊന്നും അറിയണ്ടം പാടില്ല. ഞാനിന്നു് തെക്കേവീട്ടിലു് ഇത്തിരി തീയ്യു് വാങ്ങാൻ പോയപ്പോഴാ ആ വാസുനായരു് അയാളുടെ അമ്മേടു് പറയുന്നതു് കേട്ടതാണു്.

പണിക്കർ: – നിയ്യു് കൂട്ടുകൂടീന്നു് ഞാൻ പറഞ്ഞില്ല. അതു് എന്നാണു് ഞാൻ പറഞ്ഞതു് അവന്റെ കമ്മ്യൂണിഷ്ട്ടിനും വക്കാണത്തിനും നമുക്കു കഴിയില്ല. ആരാന്റെം തല്ലുകൊണ്ടു് പാകണ്ട. അടുപ്പം അടുക്കാട്ടെ വിളിയ്ക്കുമ്പോ പോയാൽ മതി.... ആ വാസുന്റെ ജാതകം മോശാണു് കുജശേലു് ശനിടെ അപഹാരമാണു്. ആപത്തൊഴിഞ്ഞിട്ടുള്ള സമയമില്ല (കഞ്ഞി മോന്തുന്നു) എടീ, തേങ്ങയുണ്ടോ ഒരു കഷ്ണം കിട്ടാൻ? കല്പം നെല്പം കടിച്ചിട്ടു് വായ ചീത്തയായി (കഞ്ഞിമോന്തുന്നു, അമ്മു തേങ്ങ പൂളിക്കൊടുക്കുന്നു) ഇതു് മുത്തിട്ടില്ലല്ലോടീ പെണ്ണേ?

അമ്മു:—നല്ലവണ്ണം മൂത്തിട്ടില്ല.

പണിക്കർ:—മൂക്കാൻ എവിടെ സമയം, അല്ലേ? അച്ഛനും പണത്തിനു് മുട്ടായി, തേങ്ങ പറിയ്ക്കാൻ ധൃതിയായി ഈ ഉദിതം എന്നതിനും, ദൈവമേ? (കഞ്ഞി മോന്തുന്നു) എന്തായാലും വാസുന്റെ കൂട്ടുകെട്ടു വേണ്ടാ, തീർച്ച. കുജശേലു് ശനിടെ അപഹാരം എന്നു പറഞ്ഞാൽ മഹാകണ്ടാമണ്ടിയാണു്. നിന്റെ അമ്മയ്ക്കു് അതാണു്. പിന്നെ രക്ഷേണ്ടോ, മരിയ്ക്കുല്ലാണ്ടു്? ജ്വരംന്നു് പറഞ്ഞാമതിയോ? ഭയങ്കരജ്വരം! രാവും പകലുംങ്ങനെ തുള്ളാണ്ട പണം എത്ര ചിലവിട്ടു! ഒരു കായ്യോണ്ടായില്ല. കഴിഞ്ഞതൊക്കെ കഴിഞ്ഞു; അതു് പറഞ്ഞിട്ടു് കാര്യില്ല. (കഞ്ഞി മോന്തുന്നു) ഞാനി അങ്ങോട്ടുള്ള കായ്യം നോക്കാം മത്തായി മാപ്പേടെ കേസ് തീർക്കാൻ ഞാനൊരു വഴികണ്ടിട്ടുണ്ടു്, അമ്മൂ, നമ്മുടെ ആ കരുണാകരമേനോനില്ലേ? ഓട്ടപിടിച്ചു് ജയിച്ച ആളു്, അദ്ദേഹത്തിനെ ഒന്നു് കണ്ടുനോക്കാം. അദ്ദേഹം കിങ്കർസ്സാണല്ലോ എന്റെ പെക്കൻ കിങ്കർസ്സിനു് വേണ്ടിയല്ലേ മരിച്ചതു്? അദ്ദേഹം എന്തെങ്കിലും ചെയ്യാണ്ടിരിക്കില്ല. ഏതാ, അമ്മൂ.

അമ്മു:—എന്തോ, എനിയ്ക്കറിയില്ല.

പണിക്കർ:—എന്താടീ നിനക്കൊരുശങ്ക? നീയാ വാസുന്റെ കൂട്ടുക്കല് പെട്ടിട്ടുണ്ടോ?

അമ്മു: – ഞാൻ ആരുടേയും കൂട്ടുക്കിൽ പെട്ടട്ടില്ല. അച്ഛൻ അദ്ദേഹത്തപ്പോയി കണ്ടുനോക്കുക വല്ലതും ചെയ്താൽ ഭാഗ്യമായി.

പണിക്കർ:—കാങ്കർസ്സു് നമുക്കുവേണ്ടി ഒന്നും ചെയ്യാതിരിക്കില്ല. പിന്നെ തിനാടി എന്റെ പെക്കൻ അതിനുവേണ്ടിയായി മരിച്ചതു്? അവരെന്തെങ്കിലും ചെയ്യാതിരിക്കില്ലാന്നു് തന്നാണു് എന്റെ വിശ്വാസം (കഞ്ഞി ബാക്കിമോന്തിയിട്ടു്) ഹാവു വയറു് വല്ലണ്ടു് നിറഞ്ഞു. രുചി ഉണ്ടായിട്ടല്ല ഹേതുത്തിലു് ജീവൻ കിടക്കണ്ടെ, ഒരു തും അനുവേഷിയ്ക്കാൻ.....എണീയ്ക്കട്ടെ.....വെള്ളം എവിടെ, അമ്മൂ കയ്യ് കഴുകാൻ? (പുറത്തേയ്ക്കു് കടന്നു്) ആ വിളക്കൊന്നു് കാണിയ്ക്കു് (അമ്മു വിളക്കു കാണിച്ചുകൊടുത്തു)

രംഗം, 5.

[കരുണാകരമേനോന്റെ വീട്ടിലെ ഒരു മുറി. സമയം രാവിലെ 9 മണി. മേനോൻ പത്രം വായിച്ചുകൊണ്ടിരിക്കുന്നു 40—45 വയസ്സു് പ്രായമായ ഒരാൾ കറുത്തു് മെലിഞ്ഞ ശരീരം. ഒരു പൊടിമീശയുണ്ടു് ഖദർവസ്ത്രങ്ങൾ മുറിഭംഗിയായി അലക്കുചിരിയ്ക്കുന്നു. നടക്കുമേശയും, ചുറ്റുപാടും സോഫകളും. ചുമരിന്മേൽ കോൺഗ്രസ്സു് നേതാക്കന്മാരുടെ പടങ്ങളും. മേനോൻ ഒരു സിഗാററ് കത്തിച്ചു് വലിയ്ക്കുന്നു. വേലക്കാരൻ കിട്ടണ്ണി പ്രവേശിക്കുന്നു]

കിട്ടണ്ണി:—മുതലാളി വന്നിട്ടുണ്ടു്.

മേനോൻ:—ഏതു മുതലാളി?

കിട്ടണ്ണി: —മത്തായി....

മേനോൻ:—വരാൻ പറ.

[കിട്ടണ്ണി പോകുന്നു മത്തായി പ്രവേശിക്കുന്നു ഒരു വെളുത്ത ഖദർമുണ്ടും, ജുബ്ബയും ആണു് ധരിച്ചിരിക്കുന്നതു്. ഒരു ഖദർവേഷ്ടി നീളത്തിൽ മടക്കി ചുമലിൽ ഇട്ടിട്ടുണ്ടു്. കഴുത്തിലെ സപ്പണ്ണച്ചെയിനിന്മേൽ കോർത്ത ഒരു ഹർട്ടിന്റെ പുറത്തിട്ടിരിക്കുന്നു മേനോൻ എഴുന്നേറ്റു് മത്തായിയെ സ്വീകരിച്ചതിനുശേഷം രണ്ടു പേരും ഇരിക്കുന്നു]

മേനോൻ:—എന്തെല്ലാമാണു്, മിസ്റ്റർ മത്തായി വിശേഷങ്ങൾ?

മത്തായി:—എന്തു വിശേഷം! സൈരമായിട്ടു് ജീവിക്കാൻ ഒക്കുല്ലാന്നു് വെച്ചാൽ പിന്നെന്തു ചെയ്യും?

മേനോൻ:—അതെന്താ?

മത്തായി:—നിങ്ങളും ഈ വീട്ടിനകത്തു് അടച്ചിരുന്നു് എന്തറിയുന്നു, മേന്നേ? ചട്ടമ്പിപ്പിള്ളേരുടെ വിളയാട്ടല്ലേ പിടിച്ചകേടു മുമ്പിലു് കൊടിയും പിടിച്ചുനിന്നു് കൂക്കിവിളിതന്നെ. ഞാൻ കരിഞ്ചന്ത നടത്തുന്നുന്നു്. എന്തൊരെടങ്ങാറാണു്, കർത്താവേ!

മേനോൻ:—ഞാൻ അതിനെപ്പറ്റി അന്വേഷിക്കാം.

മത്തായി:—എന്റെ മേന്നേ, പേടിച്ചു് വിറച്ചിട്ടാണു് തെങ്ങുടെ ജീവിതം. എപ്പുഴാണു്, എന്താണു് ഉണ്ടാവു് എന്നു് കണക്കാക്കിക്കൂടല്ലോ. കടലാസ്സു് വായിച്ചാൽ നിത്യവും കാണാം, അവിടെക്കൊള്ള, ഇവിടെക്കൊള്ള, ജന്മിയെക്കൊന്നു, മുതലാളിയെക്കൊന്നെന്നു്! ഇതു കേട്ടുംകൊണ്ടു് രാത്രി സമാധാനായിട്ടു് ഏങ്ങിനെ കിടന്നൊറങ്ങും കർത്താവേ?

മേനോൻ:—അങ്ങിനെയൊക്കെ വിചാരിച്ചു് ഭയപ്പെടാൻ തുടങ്ങിയാൽ അതിനൊരതിരുണ്ടോ, മി. മത്തായി?

മത്തായി:—അല്ല മേന്നേ, നാട്ടെ നമ്മുടെ പടിക്കലു്, ഈ ചോക്കിരിത്തരം ഉണ്ടാവൂന്നാ എന്താ ഉറപ്പു്?

മേനോൻ: – (ചിരിച്ചുകൊണ്ടു്) ഹേയ്! അങ്ങിനെയൊന്നും സംഭവിക്കില്ല.

മത്തായി:—എന്താ മേന്നേ 'കേയ്' എന്നു്? മേനോനു തമാശു; എനിയ്ക്കു് ഇതോർത്തു് രാത്രി ഒറക്കല്ലുന്നോം വെളുക്കുമ്പോ തലയ്ക്കു പൊകച്ചില്, ഞാൻ ഡോക്ടറുടെ അടുത്തുപോന്നു് മരുന്നു കഴിച്ചുനോക്കി, യാതൊരു മാറ്റമില്ല. എന്തു് ചെയ്താലും അടയില്ല കണ്ണിന്റെ പോള. സത്യം പറയട്ടെ, മേന്നേ, രണ്ടു മാസായി ഞാൻ മയ്യുടയായി കഴിച്ചിട്ടു്

മേനോൻ:—ഇത് വല്ലാത്ത കമ്പമാണ് മി. മത്തായീ!

മത്തായി:—മേന്നേ അങ്ങനെയൊക്കെ പറയാൻ തോന്നും. കത്താവിന്നും എനിയ്ക്കും അറിയാം എങ്കിലും വേവലാതി, കഴിഞ്ഞ മാസത്തിൽ എന്റെ പാമ്പിൽ താമസിക്കുന്ന ഒത്തനോട് ഒഴിയാൻ പറഞ്ഞപ്പോൾ 'മനസ്സില്ലാ'ന്ന് അവനും എന്റെ മോന്തക്ക് നോക്കി പറേണമെങ്കിൽ കാലംപോയപോക്ക്.....എന്റെ മേന്നേ രാത്രി ഒറക്കില്ലാണ്ട് കണ്ണും തലയും വല്ലാത്ത പൊകച്ചിലും. മുമ്പത്തെപ്പോലെ അല്പം വെള്ളം മോന്താൻ കിട്ടിയാൽ ആശ്വാസമുണ്ടായിരുന്നു....

മേനോൻ:—(ചിരിച്ചുകൊണ്ട്) എന്തുവെള്ളം, മാറ്റരോ?

മത്തായി:—മാറ്റരുതന്നെ, മേന്നേ അവനൊരു ഗ്ലാസ് അകത്തുചെന്നാൽ ഒരു ബലം കിട്ടും. രാത്രി ഒരു മോന്ത മോന്തിക്കിടന്നാൽ ഒറങ്ങണത് അറിയില്ല! നിങ്ങടെ കൂട്ടുക്കാരന്ന് അതും നിത്തിക്കളഞ്ഞില്ലേ?

മേനോൻ:—എന്താ ചെയ്യാ, നിവൃത്തിയില്ല. എന്തെങ്കിലും ഒരു പരിഷ്ക്കാരം ചെയ്യണമെന്നു വരുമ്പോഴല്ലേ.

മത്തായി.—പത്തുമുപ്പത്തു വർഷായി കൂടിച്ച ശീലിച്ച പോന്നതാണ്. പെട്ടെന്നു നിത്തിയപ്പോൾ തലയ്ക്കൂം ഒരു....ഒരു....എന്താ പറേണ്ടത്, മേന്നേ.....ഒരു ഇത്.....,ഒറക്കം തീരെ വരുന്നില്ല. ഒറങ്ങാതെ കിടക്കുമ്പോൾ വേണ്ടാത്ത വിചാരങ്ങളാ തലേല് വന്നുകേറുന്നു. കയ്യും നല്ലതന്നെ മേന്നെ കുടി നിത്തണതാവശ്യംതന്നെ പക്ഷേ തല പൊകച്ചിലാ സഹിച്ചൂടാ.

മേനോൻ:—നിങ്ങളാം ഏതെങ്കിലും നല്ലൊരു വൈദ്യരെക്കണ്ട് വല്ല മരുന്നും വാങ്ങിക്കഴിച്ചൂടെ

മത്തായി:—എന്തു മരുന്നു. മേന്നേ? കരി.കരങ്ങുലേഹ്യം, രസായനം, അരിഷ്ടം എന്നൊക്കെപ്പറഞ്ഞ്, പട്ടിടെ എറച്ചി പുഴുങ്ങിവിൽക്കുന്ന കച്ചോടല്ലേ? ഈ കച്ചോടത്തിന്റെ ഗ്രട്ട് ഏനിയ്ക്കറിയില്ലേ, മേന്നേ? പത്തുപതിനഞ്ചുകൊല്ലായി ഈ പണി തുടങ്ങീട്ട്.

[കിട്ടണ്ണി പ്രവേശിക്കുന്നു]

കിട്ടണ്ണി:—(കരുണാകരമേനോട്) എമ്മാനെ കാണാൻ ഒരാള് വന്നിട്ടുണ്ട്.

മേനോൻ—ആരാണത്?

കിട്ടണ്ണി:—കഞ്ഞൻപണിക്കർ എന്നാണത്രെ പേര്..

മേനോൻ:—എന്താ കാര്യം എന്നു ചോദിച്ചില്ല

കിട്ടണ്ണി:—എന്തോ ആവലാധി പറയാനുണ്ടത്രെ.

മേനോൻ:—എനിക്കിപ്പോൾ സൌകര്യമില്ല. പിന്നെ വരാൻ പറ.

കിട്ടണ്ണി—അയാൾക്കിപ്പോൾത്തന്നെ കണ്ടേ കഴിയുന്നുള്ളൂ.

മേനോൻ:—പോകാൻപറ പിന്നെ എപ്പോഴെങ്കിലും വരാൻ പറ (കിട്ടണ്ണി പോകുന്നു) ഒസ്സരം കെട്ടത്താൻ വലിഞ്ഞുകേറുന്നു ഒരോരുത്തര്! (അർത്ഥഗർഭമായി നോക്കിനിന്നുകൊണ്ട്) ഈ പുള്ളിയെ ഞാനറിയും മേന്നേ. ഇവിടെയുള്ളൊരു കൈവനാണ്. ആളെ പാറാക്കലാണ് ഇയാളുടെ പണി. എനിക്ക് ആയിരത്തി ചില്വാനം രൂപാ തരാനുണ്ട്. കൊല്ലം ഏഴായി. ഇന്ന്, നാളെ, ഇന്ന്, നാളെ എന്നുംപറഞ്ഞ് ഇതുവരെ കഴിച്ചുകൂട്ടി.....

മേനോൻ:—പണം വാങ്ങാൻ ഈ കൂട്ടർക്ക വലിയ ഉത്സാഹമായിരിയ്ക്കും തിരിച്ചുതരാൻ കാലത്തു ആളെക്കാണില്ല

മത്തായി:—അതീക്കൂട്ടരുടെ സ്വഭാവാണ്, മേന്നേ. ഒരു നൂറുതവണ എന്റെ പിള്ളേരു ഇയാൾടെ പിന്നാലെ നടന്നുകഴിഞ്ഞു കൈവനാണ്, ദിനകാരനാണ് എന്നുകരുതി ഞാൻ ക്ഷമിച്ച പക്ഷേ അതിനൊരു അതിരില്ലേ, മേന്നേ? പൊരേം പറമ്പും അടുത്തു ഞാൻ ജപ്തിചെയ്യും.....അക്കാര്യം ഇരിയ്ക്കട്ടെ, മേന്നേ. അന്നു പറഞ്ഞ സംഗതി എന്തായി?

മേനോൻ:—എന്ത്?

മത്തായി:—പെർമിറ്റിന്റെ സംഗതി?

മേനോൻ:—ഓ, അതു! (തലയാട്ടിക്കൊണ്ട്) അതു കുറച്ച് പ്രയാസമുണ്ട്.

മത്തായി:—അതെന്താ,മേന്നേ?

മേനോൻ:—ഞാനും മിനിസ്റ്ററും തമ്മിൽ നല്ല സുഖമില്ല.....

മത്തായി:—അതെന്താ അങ്ങനെപറ്റിയത്?

മോഹത്തിന്റെ മൊട്ടുകൾ

യൌവനത്തിലേയ്ക്കു കാലുകുത്തിയ കാലം മുതൽ, കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ വികാരങ്ങളുടെ വികൃതവിക്രിയകൾക്കടിമപ്പെട്ടതിന്റെ ഫലമായി അനുദിനം എത്രയെത്ര മോഹത്തിന്റെ മൊട്ടുകളാണ് വിരിയാതെ കരിഞ്ഞുകൊഴിഞ്ഞുപോകുന്നതു്.

കവിളൊട്ടി, കണ്ണുകുഴിഞ്ഞ, എല്ലുപൊന്തി, അരതേഞ്ഞ അവശരായി, അസംതൃപ്തിക്കടിമകളായി, സ്വപ്നസംഘലനം, ശീഘ്രസ്ഖലനം, ഉല്പാദനേന്ദ്രിയ ദൌർബല്യം, സ്വപ്നം മുതലായ കൂട്ടുകാരോട് കൂടി ജീവിക്കുന്ന എത്രയോ യുവാക്കന്മാരുണ്ട്. അവരുടെ ഒരിതാനുവേണ്ടിയിൽ നിന്നു മോചനം നേടുവാൻ ഞങ്ങളുടെ



വി. ഗംഗാധരൻവൈദ്യൻ

രമണൻ

എന്നേ വാജീകരണൌഷധം മാത്രംസേവിച്ചാൽമതി 20 ഡോസ് ബോട്ടിൽ 2 ക. 8ണ മാത്രം

ച്യവനപ്രാശം—

"ഞാനും ച്യവനപ്രാശം സേവിച്ചിട്ടുണ്ട്" എന്നു പറഞ്ഞതുകൊണ്ടായില്ല. ഞങ്ങളുടെ ച്യവനപ്രാശം നിങ്ങളും സേവിച്ചിട്ടില്ലെങ്കിൽ ഉടനെ സേവിക്കുവിൻ! അപ്പോൾ അനുഭവപ്പെടും അതിന്റെ പ്രത്യേകത

റാത്തൽ ഒന്നിനു 3 ക. 8 ണ.

N, B. പ്രധാനപ്പെട്ട എല്ലാ ആയുർവേദ ഔഷധങ്ങളും ശാസ്ത്രീയമായി സംസ്കരിച്ചു സംഭരിച്ചിരിക്കുന്നു. വിലയും പരിമിതമാണ്. വി. പി. ആയി ആവശ്യപ്പെടുന്നവർ ഫൈനാൻസിലോ വക്കിലോ ബ്രാഞ്ചിലോ എഴുതേണ്ടതാണ്.

സ്വതന്ത്ര ഫാർമസി [REGD.]

H. O. ചാലക്കുടി

ബ്രാഞ്ച്—ആയുർവേദകാളേജിനു മുൻവശം, പുത്തൻചന്ത, തിരുവനന്തപുരം.

കഴിഞ്ഞയാഴ്ച

(ശ്രീനി)

പശ്ചിമ ബംഗാളിലെ പ്രമുഖ കോൺഗ്രസ്സ് നേതാക്കന്മാരായ ഡാക്ടർ പി സി ഘോഷ് സുരേന്ദ്രനാഥ ബാനർജി തുടങ്ങിയുള്ള കോൺഗ്രസ്സ്‌വാൻ തോക്കുകളുടെ നേതൃത്വത്തിൽ കൃഷക് പ്രജാമസ്ദൂർ പാർട്ടി എന്നു് ഒരു പുതിയ സംഘടനയ്ക്കു രൂപീകരിച്ചിട്ടുണ്ട്. കൃപലാനിയും, മറ്റും കോൺഗ്രസ്സിനുള്ളിൽ നിന്നുകൊണ്ടു് ഡെമോക്രാറ്റിക് ഫ്രണ്ട് രൂപീകരിക്കുകയാണല്ലോ ചെയ്തതു് പക്ഷേ ഘോഷും ബാനർജിയും കോൺഗ്രസ്സിൽ നിന്നു പുറത്തുപോന്നിരിക്കുന്നു. ഈ പാർട്ടിക്കു് ബംഗാളിൽ വലിയ സ്വാധീനശക്തി ചെലുത്തുവാൻ സാധിക്കും. എന്തായാലും ഈ പേരിതിരിവുകളെല്ലാം അടുത്തതെരഞ്ഞെടുപ്പിനെ ഉദ്ദേശിച്ചുള്ളതാണു്. സുശക്തമായ ഇടതുപക്ഷ ഐക്യത്തിന്റെ അഭാവമാണു് മുതലാളിത്ത ജന്മിതപ്പേരിയിൽ ഇത്തരം പേരിതിരിവുകൾ സംജാതമാക്കുന്നതു്. ഇടതുപക്ഷ കക്ഷികൾ ഒരു ഐക്യമുന്നണി സൃഷ്ടിച്ചു കഴിഞ്ഞാലുടൻ ഇൻഡ്യൻനാഷണൽ കോൺഗ്രസ്സിലെ മന്ത്രശക്തന്മാരും പട്ടം താണുപിള്ളമാരും വീണ്ടും പട്ടേലിന്റെ കോൺഗ്രസ്സാകുന്ന കത്തോലിക്ക ദേവാലയത്തിൽപോയി കുംബസാരിക്കുവാൻ സന്നദ്ധരാകുകതന്നെ ചെയ്യും പുരുക്കത്തിൽ ഈ കക്ഷിതിരിയലുകളും പേരിപിടിപ്പുകളും മറ്റും സാധാരണക്കാരനെ മൂഷണം ചെയ്യുന്നതിനുള്ള അവകാശം ആർക്കുമഭികണമെന്നുള്ളതിനെപ്പറ്റിയാണു്. ഈ പരമാർത്ഥം വോട്ടർമാരായ നാം മനസ്സിലാക്കണം. പുതിയ തെരഞ്ഞെടുപ്പു നടത്തിയതുകൊണ്ടു നമുക്കൊന്നും ലഭിക്കുവാൻ പോകുന്നില്ലെന്നും നാം കാണിക്കണം. ഒരു പക്ഷേ തിരഞ്ഞെടുപ്പു അടുത്തെങ്ങും നടന്നില്ലെന്നുംവരും സംസ്ഥാനിക നിയമസഭകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പുകളും നടത്തുവാൻ കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്നതു് അതിന്റെ സൂചനയല്ലേ? ഏതായാലും തെരഞ്ഞെടുപ്പു സാധാരണക്കാരെ വിഡ്ഢികളാക്കുന്നതിനുള്ള വിദ്യകളാണു്. അതുകൊണ്ടു് തെരഞ്ഞെടുപ്പെന്ന വ്യാജവ്യവസായത്തിൽ വിശ്വസിച്ചു മൂഢസ്വർഗ്ഗത്തിൽ ജീവിക്കാതെ. മറ്റു മാർഗ്ഗങ്ങളിൽ കൂടി അവകാശങ്ങളും പിടിച്ചുപറ്റുന്നതിനു് അഭ്യുദയകാംക്ഷികളുടെ സഹായസഹകരണങ്ങൾ ശ്രമിക്കുകയാണു് വേണ്ടതു്.

ഘോഷിന്റെ കർഷക് പ്രജാ മസ്ദൂർ പാർട്ടിക്കും ഏറെക്കുറെ "സോഷ്യലിസ്റ്റ്" ആദർശങ്ങളാണുള്ളതു്. കൃപലാനിഗ്രൂപ്പുകൂടി ഈ പുതിയ പാർട്ടിയിൽ ലയിച്ചുകഴിഞ്ഞാൽ, ബ്രട്ടണിലെ തൊഴിലാളികക്ഷിയെപ്പോലെയുള്ള ഒരു സോഷ്യലിസ്റ്റ് പാർട്ടിയായി അതു വളർന്നു കൊണ്ടുവരും. അങ്ങിനെ ആത്മാർത്ഥതയില്ലാത്ത സോഷ്യലിസ്റ്റ് പ്രസംഗക്കാർക്കും, പരിഷ്കരത്തിനുവേണ്ടി സോഷ്യലിസം പറയുന്ന പണക്കാർക്കും, പെരികടിയും വാലുപിടിത്തവുംകൊണ്ടു സമരം ചെയ്യുന്ന വിപ്ലവകാരികൾക്കും, ശരീരത്തിനും മനസ്സിനും സ്വകാര്യസ്വത്തിനും, ക്ഷീണം തട്ടാതെ പ്രവർത്തിക്കുന്നതിനുള്ള ഒരു ഒന്നാം തരം പ്ലാറ്റ്ഫാറമായി അതിനെ വളർത്താവുന്നതാണു്. പക്ഷേ അങ്ങനെ വളർന്നുകഴിഞ്ഞാൽ ജയപ്രകാശ്, അശോക്മേത്താ തുടങ്ങിയ അഭിനവ കാൾമാർക്സുമാരുടെ സോഷ്യലിസ്റ്റ് സ്വപ്നസാക്ഷാത്കാരത്തിനു് ശ്രോതാക്കളെ ലഭിക്കാതെവരും ഈ വാസ്തവം സുവിദിതമായിരിക്കെ, ഘോഷിന്റെ പാർട്ടിയുടെ രൂപീകരണത്തെ സോഷ്യലിസ്റ്റ് പാർട്ടി സ്വാഗതം ചെയ്യുന്നതു് തികച്ചും അത്ഭുതകരമായിരിക്കുന്നു.

പട്ടം താണുപിള്ള "ഭൂവായെ" "സഖാവു്" പട്ടം താണുപിള്ളയാക്കി ആട്ടിൻതോലിടീപ്പിയ്ക്കുവാൻ കെൽപ്പുള്ള ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടി, നീപ്പാളിൽ റാണായ്ക്കു് എതിരായുള്ള ജനകീയ പ്രക്ഷോഭണത്തെ സ്വാഗതം ചെയ്തിരിക്കുന്നു നീപ്പാളം കോൺഗ്രസ്സ് ജയിച്ചു കഴിഞ്ഞാൽ, തങ്ങളുടെസഖികൾക്കു് അവിടെ സ്വാഗതംലഭിക്കുവാനുള്ള ഒരു 'സിമ്പിൾ'പണിയാണു് ഇതെന്നു് വ്യക്തമാണല്ലോ കൊറിയായിലും ടിബറ്റിലും ഏഷ്യയിലെ പുരോഗമനോന്മുഖമായ പൊതുജനാഭിപ്രായം ഏകകണ്ഠമായി ആംഗ്ലോ-അമേരിക്കൻ ആക്രമണത്തെ അധിക്ഷേപിക്കുമ്പോൾ സോഷ്യലിസ്റ്റ് പാർട്ടി ആയുദ്ധപ്രേമികളുടെ സ്തുതിഗീതംപാടുകയായിരുന്നു. കൊറിയായിലും ടിബറ്റിലും, തങ്ങൾക്കു് യാതൊരു "ചാൻസു"മില്ലെന്ന നിരാശയായിരിക്കാം ഈ നയത്തിന്റെ പിന്നിലുള്ളതു്. ആര

[ശേഷം 16-ാംപേജിൽ]

മേനോൻ:....ഇവരായിട്ടുള്ള ബന്ധം കൊള്ളില്ല, മിസ്റ്റർ മത്തായി മനുഷ്യപ്പറ്റില്ലാത്ത ജാതി ഇയുള്ളവർ എത്രത്തോളം താഴുന്നുവോ, അത്രത്തോളം അവർ തലയ്ൽ കയറും. ഇവരുമായി ഞാനിനി യാതൊരേർപ്പാടിനും പോവില്ല.

മത്തായി:—എന്താ മേനോൻ സംഭവിച്ചതു്? ഇതെന്തു് എടങ്ങാറാണു്?

മോനോൻ:....പറയിയതൊന്നും പറയണ്ട മേലിൽ ഇവരായിട്ടു് യാതൊരെടപാടിനും ഞാനില്ല;

മത്തായി:—ഇങ്ങുകായ്യം എടങ്ങാറായല്ലോ!.....(അല്പനേരത്തേയ്ക്കു് നിശ്ശബ്ദത. മേനോൻ സിഗരറ്റു പെട്ടിയെടുത്തു് മത്തായിയുടെ നേരെ നീട്ടുന്നു. രണ്ടുപേരും സിഗരറ്റു കത്തിച്ചു് വലിക്കുന്നു) ഇനിയെന്താ ചെയ്യാ മേനോൻ?

മേനോൻ:—(ആലോചിച്ചിട്ടു്) അതിനൊരു വഴിയുണ്ടു്, മിസ്റ്റർ മത്തായി, വേറെ ഒരാളെക്കൊണ്ടു് ഞാൻ മന്ത്രിസ്സഭയ്ക്കു് പറയിക്കാം.

മത്തായി:—അതുമതി! കായ്യം നടന്നാൽ മതി, മത്തായിക്കു്!

മേനോൻ:—പക്ഷേ.....(ഇടയ്ക്കു നിർത്തി സിഗരറ്റു വലിക്കുന്നു)

മത്തായി:—എന്താ, മേനോൻ, 'പക്ഷേ'ന്നു്?

മേനോൻ:—ഞാൻ പറഞ്ഞ തരത്തിൽ പോകണമെങ്കിൽ കാച്ച ചിലവുണ്ടു്. അയ്യാം ഒരു 'അങ്ങനത്തോനാ'ണു്.

മത്തായി:—മത്തായിക്കാവുന്നതു് ചിലവു ചെയ്യാൻ ഒരുക്കമാണു് കിട്ടുന്ന 'വഹേല' ഒരോഹരി.....

മേനോൻ:—നാളെ ഒരു കാറു് ഏർപ്പാടു ചെയ്താൽ ഞാൻ പോകാം;

[മത്തായിയോടു് അടുത്തിരിക്കാൻ ആംഗ്യം കാണിക്കുന്നു. മേനോൻ താഴ്ന്ന സ്വരത്തിൽ എന്തോ രഹസ്യമായി മന്ത്രിക്കുന്നു.....]

രംഗം 6

[കരുണാകരമേനോവന്റെ വീട്ടിന്റെ ഉമ്മാം. മൻരംഗത്തിലെ സംഭവങ്ങളും നടക്കുന്ന സമയംതന്നെ. കഞ്ഞൻപണിക്കർ ഉടുമുണ്ടു് കുത്തിപ്പിടിച്ചു ഒരു ഭാഗത്തിലിരിക്കുന്നു. ഒരലക്കിയ മുണ്ടുടുത്തു് ഒരു രണ്ടാംമുണ്ടു് അരയിൽ കെട്ടിയിരിക്കുന്നു. നെറ്റിയിലും, മാറിടത്തിലും സ്നേഹിയും, ചന്ദനക്കുറിയും ഉണ്ടു്. ഇടയ്ക്കിടക്കു് അക്ഷമനായി അയ്യാം അടച്ചിട്ടിരിക്കുന്ന ഉമ്മാത്തെ വാതിലിന്റെ നേരെ നോക്കുന്നുണ്ടു്. വേലക്കാരൻ കിട്ടുണ്ണി വാതിൽ തുറന്നു പുറത്തേയ്ക്കു് വരുന്നു.]



പത്മാദേവി

സി.വി. കുഞ്ഞുരാമൻ

15 ാം അദ്ധ്യായം
(തുടർച്ച)

കഥ:—ഗംഗാധരൻ, സുകുമാരൻ തുടങ്ങിയ തന്റെ ചില സുഹൃത്തുക്കളെമൊന്നിച്ച് ഒരു വിനോദയാത്രയായി സീലോണിൽ എത്തിയിരിക്കയാണ്. അവിടെവച്ച കുലശേഖരന്റെ പുത്രി പത്മാദേവിയിൽ ഗംഗാധരൻ അനുരക്തനാകുന്നു. ഈ വസ്തുത തനിക്കു സൗകര്യമായി കിട്ടിയ സന്ദർഭം വിനിയോഗിച്ച ഗംഗാധരൻ പത്മയെ ധരിപ്പിക്കുന്നു. ഗംഗതന്നിലെ ഹൃദംപോലെ നിർമ്മല ഹൃദയയായ പത്മ, അവനിൽ സമ്മതംമൂളി ആഥ്യാദം കൊള്ളുകയും, അവം മനസാ പൂണ്ണമായി അവനു വിധേയമാകുകയും ചെയ്യുന്നു അവരിരുവരുടേയും അനന്തര പെരുമാറ്റങ്ങളിൽനിന്നും സംഗതികളുടെ നിജസ്ഥിതി ഊഹിച്ചറിഞ്ഞ കുശാഗ്രബുദ്ധിയായ കുലശേഖരൻ, ഗംഗാധരനെ സകുടുംബമായി വീട്ടിലേയ്ക്കു ക്ഷണിച്ച് സംഭവബഹുലവും, ഗോപ്യവുമായ തന്റെ അതീതകാലചരിത്രം അവനെ പറഞ്ഞുധരിപ്പിക്കുകയും, അനന്തരം പത്മയേയും, ഗംഗാധരനേയും അകമഴിഞ്ഞാശീർവ്വദിക്കയും ചെയ്തു

—ഇനി തുടർന്നു വായിക്കുക]

ഈ സമയത്തു് ഗംഗാധരന്റെ വാസഗൃഹത്തിൽ അയാളെയും പത്മാദേവിയേയും സംബന്ധിച്ചു് ഒരു സംഭാഷണം നടക്കുന്നുണ്ടായിരുന്നു. സുകുമാരനും, പത്മനാഭനും ഗോവിന്ദനും മുൻവശത്തു് ഒരു വെറിയ വട്ടമേശയ്ക്കു ചുറ്റും ചായകുടിച്ചും, പുകവലിച്ചും, വെടിപറഞ്ഞു വിനോദിച്ചിരുന്നു സുകുമാരനൊഴിച്ചു രണ്ടുപേർക്കും ആ ദിവസത്തെ താമസത്തിൽ മുഷിഞ്ഞുകഴിഞ്ഞു കണ്ടു, ന്യൂഡേലിയ മുതലായ ഹിൽ സ്റ്റേഷൻസും, അനുരാധപുരം മുതലായ പ്രാചീനവും ചരിത്രപ്രസിദ്ധവുമായ നഗരങ്ങളുടെ നഷ്ടശിഷ്ടങ്ങളും, ഇനി അവർക്കു കാണേണ്ടിയിരുന്നതിനാലും പത്മനാഭനു് ഒരു മനുഷ്യകേതി പെട്ടെന്നു് ഉണ്ടായി; കേരളത്തിലേക്കു മടങ്ങിപ്പോകണമെന്നു് തോന്നിയതിനാലും, ലങ്കാദർശനത്തിന്റെ ഒരു സാമാന്യപര്യവലോകനം അവർ നടത്തുകയായിരുന്നു എന്നേയുള്ളു. അങ്ങനെ പത്മാദേവിയും കുലശേഖരനും സംഭാഷണവിഷയമാകയും ഒടുവിൽ പത്മാദേവി—ഗംഗാധരന്മാരുടെ പേരുകളും അവർ കൂട്ടിക്കുഴയ്ക്കുമാണുണ്ടായതു് പത്മനാഭനും ഗോവിന്ദനും ചില സംശയങ്ങളും തോന്നിയിരുന്നു എന്നല്ലാതെ, കാര്യങ്ങളും ഇതു കടന്നുപോയി എന്നു്, സുകുമാരൻ സൂചിപ്പിക്കുംവരെ അവർ ഉൽപ്രേക്ഷിച്ചുപോലും പെയ്തിരുന്നില്ല. സുകുമാരൻ സ്വതന്ത്രചിന്തയിലായിരുന്ന ഗംഗാധരന്റെ പ്രണയകഥയുടെ രഹസ്യഭേദനം ചെയ്തതു്.

പുകവലിച്ച വിട്ടുകൊണ്ടും, അശ്രദ്ധമായെന്നപോലെ അയാളം പറഞ്ഞു:—

"മന്ദമാരുതൻ സൂക്ഷിച്ചുകൊള്ളു; പത്മാ

പ്രതിപ്പു—

കൊണ്ടു പറഞ്ഞു:—"അതേ! എങ്കിലും അതിനെ ഭ്രാന്തെന്നു് ആക്ഷേപിയാം? ആ പ്രണയകേസിനൂർ ആരെ ഭ്രാന്തെടുപ്പിക്കയില്ല?"

പത്മനാഭൻ ഹൃദയസ്പോടത്തോടെ പറഞ്ഞു:—"ഗംഗാധരനു് പെരുത്തമനുഷ്യന്റെ മിടുക്കുണ്ടു്. ഒരു സുന്ദരസ്ത്രീധി, ഒരു സുമനകമണി വിലയറിയാതെ ഇതു ടിക്കിൽ ഇങ്ങനെ കിടന്നതു്, ഗംഗാധരൻ വന്നു് തപ്പിയെടുക്കാൻ തന്നെയായിരുന്നു; നിശ്ചയം!"

പല തവണ തലകുലുക്കിക്കൊണ്ടു്, ഗോവിന്ദൻ പറഞ്ഞു:—"ഗംഗാധരനെ ഇനി നമ്മുടെ സെറ്റിൽനിന്നു പുറംതള്ളേണ്ടിവരും. അൽപ്പമൊരു അസൂയ ആ സമത്വനോടു് എനിക്കും തോന്നുന്നുണ്ടു്. പക്ഷേ, ഇതിലൊക്കെ ഇടപെടുക്കാൻ എന്തിരിക്കുന്നു? അവിവാഹിതന്റെ സുഖവും സ്വാതന്ത്ര്യവും എല്ലാം ഈ ഏടാകൂടത്തിൽ ചാടിയാൽ പിന്നെ കിട്ടുക്കില്ലേ? ഏയ്! എനിക്കു വേണ്ട വിവാഹമൊന്നും തുലാമഴ എന്റെ കഴുത്തിനു ചുറ്റും! മാർത്താണ്ഡവർമ്മയിലെ ശങ്കരാശാൻ പറയുംപോലെ, ഒന്നു നോക്കിയാൽ ഈ തമ്മനത്വവും കിമ്മനത്വവും ഒന്നും ഇല്ലാതിരിക്കുന്നതുതന്നെ തൊക്കം. പക്ഷേ, ഈ തൊക്കുംകൊണ്ടു് അവിടെന്നു പോകുമാണു് പത്മാദേവി ഗംഗാധരനോടു പറഞ്ഞിരിക്കുന്നതു്. കൈയ്യും കാലിനും പിണലയിട്ടു് തുരങ്കിലടയ്ക്കുന്ന ഒരു ഇപ്പോടാണു് വിവാഹം, പക്ഷേ, ആ തുരങ്കിന്റെ സൂക്ഷിപ്പു് പത്മാദേവിയെപ്പോലെ ഒരു സൗന്ദര്യദേവതയ്ക്കുണ്ടെ

കഴിഞ്ഞയാഴ്ച

(14-ംപേജിൽനിന്നും തുടർച്ച)

ശ്രമം തത്പരമോ, ആശയമോ ആണ് സോഷ്യലിസ്റ്റ് പരിപാടികൊണ്ട് പ്രയോജനം നൽകുന്നതെങ്കിൽ, സോഷ്യലിസ്റ്റ്പാർട്ടി ഇന്നത്തെപ്പോലെ അവസരസേവകന്മാരുടേയും പട്ടംതാണുപിള്ളമാരുടെയും അധികാരദല്ലാളന്മാരുടെയും സുഖവാസസങ്കേതമായിത്തീരുമായിരുന്നില്ല.

നീപ്പാളിൽ ഇൻഡ്യൻ സോഷ്യലിസ്റ്റ് കാരുടെ പിന്തുണകൊണ്ടും വലിയ രക്ഷയൊന്നുമില്ലെന്നാണ് തോന്നുന്നത്. നീപ്പാൾ കാൺഗ്രസ്സിന്റെ സേനകൾ പരാജയപ്പെട്ടുകൊണ്ടിരിക്കുന്നതായി വാർത്തയുണ്ട്. ഇൻഡ്യ അത്ഭുതമായ നിഷ്പക്ഷത തുടരുന്ന കാലത്തോളം, നീപ്പാളിലെ ജനായത്ത ശക്തികൾ പരാജയപ്പെട്ടുകൊണ്ടിരിക്കും നീപ്പാളിനെയും അവിടത്തെ റാണാദ്രോഹപ്രഭുതന്ത്രത്തെയും നിലനിർത്തണമെന്നുള്ളത് ആംഗ്ലോ—അമേരിക്കരുടെ താല്പര്യമാണ്. ഒരുപക്ഷേ കമ്മ്യൂണിസ്റ്റും ചൈനയുടേയും, ഇൻഡ്യയുടേയും മദ്ധ്യേ ഒരു തടയായി ഒരു സ്വതന്ത്രരാജ്യം ഇൻഡ്യയും ഇഷ്ടപ്പെടുന്നുണ്ടാവാം. പക്ഷേ സോച്ചാധിപത്യവും മർദ്ദനവും വിപ്ലവശക്തികളെ വളർത്തുകയാണ് ചെയ്യുന്നതെന്ന ചരിത്രസത്യം വിസ്മരിക്കാവതല്ലല്ലോ. പ്രതിരോധം, ഗതാഗതം, വിദേശകാര്യം എന്നീ മൂന്നു കാര്യങ്ങളും ഇൻഡ്യാഗവണ്മെന്റ് ഏറ്റെടുത്തുകൊണ്ട്, തദ്ദേശീയ സ്വയംഭരണമുള്ള ഒരു സാമന്തരാജ്യമായി നീപ്പാളിനെ പുനഃസംഘടിപ്പിച്ച്, സ്നേഹത്തിന്റെ പ്രവാചകനായ ബുദ്ധൻ ജനിച്ച പുണ്യഭൂമിയിൽനിന്നും കാടത്വത്തിനെ ആട്ടിയോടിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ഇൻഡ്യാഗവണ്മെന്റും പണ്ഡിറ്റ് നെഹ്റുവും കൈക്കൊള്ളേണ്ടിയിരിക്കുന്നു.

പലപ്പോഴും തലനാരിഴകീറുന്ന നിയമജ്ഞരുടെ പേരിൽ പണ്ഡിറ്റ് നെഹ്റുവിന്റെ വിദേശനയം വഴിപിഴിച്ച പോകുന്നതിന് ഒരു ഉദാഹരണമാണ് നീപ്പാളിനോട് അനുവർത്തിക്കുന്ന നയം ഇൻഡ്യാഗവൺമെന്റിനെപ്പറ്റി ഒരു ഏഷ്യൻ കാൺഫറൻസു വിളിച്ചുകൂട്ടുന്നതിനുള്ള മൻകൈ പണ്ഡിറ്റ് നെഹ്റു എടുത്തു. പക്ഷേ കൊറിയയെപ്പറ്റി അത്തരം ഒരു സമ്മേളനം നടത്തുന്നതിന്റെ പ്രയോജനത്തെപ്പറ്റി അദ്ദേഹത്തിന് വിശ്വാസമില്ല ഏഷ്യയിൽ പാശ്ചാത്യർ നടത്തുന്നകൂട്ടക്കൊലയെയും ആക്രമണത്തെയും പ്രതിഷേധിക്കുന്നതിനുവേണ്ടി, ചൈനയുടേയും ഇൻഡ്യയുടേയും നേതൃത്വത്തിൽ ഒരു ഏഷ്യൻസംഘടന രൂപീകരിക്കുകയാണ് ഇന്ന് ലോകസമാധാന സ്ഥാപനത്തിന് അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നത്. സിയാളിൽ നിന്നും ഉത്തരകൊറിയൻ ഗവണ്മെന്റ് പിടിച്ചെടുത്ത രേഖകൾ വെളിവാക്കുന്നത്, അമേരിക്കയ്ക്ക് ചൈനയെയും, റഷ്യയെയും, ആക്രമിക്കുന്നതിനുള്ള പ്ലാനുകൾ ഉണ്ടെന്നാണ്. ഈ രേഖകളുടെ വെളിച്ചത്തിൽ വടക്കൻ കൊറിയയിൽ യുദ്ധംചെയ്യുന്നത്, ചൈനയെ ആക്രമിക്കുകയില്ലെന്ന ട്രൂമൻ ഉറപ്പുനൽകിയിരിക്കുന്നു. 38-ം സമാന്തരരേഖ കടക്കുകയില്ലെന്ന ഉറപ്പു നൽകപ്പെട്ടിരുന്നു. മഞ്ചൂറിയായ്ക്കും കൊറിയായ്ക്കും മദ്ധ്യേ ഒരു നിഷ്പക്ഷ മേഖല സൃഷ്ടിച്ച് ചൈനയുടെ ഭീതി കുറയ്ക്കുവാനും, അമേരിക്കസന്നദ്ധമാകുമെന്നു തോന്നുന്നു. പക്ഷേ ഈ ഉറപ്പുകളെല്ലാം പൊള്ളയാണ്. പരിപാലിക്കപ്പെടുവാൻ ഉദ്ദേശിക്കപ്പെട്ടവയല്ല ആംഗ്ലോ—അമേരിക്കൻ കൂട്ടുകെട്ടിന്റെ ആത്മാർത്ഥത മറ്റൊരുദ്ദാഹരണമേ വേണ്ടതില്ലല്ലോ. ചിയാങ് കൈഷക്കിനെ ചവിട്ടി പുറത്താക്കിയിട്ട് കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിനെ ഐക്യരാഷ്ട്രസഭയിൽ പ്രവേശിപ്പിച്ചുവെങ്കിൽ മാത്രമേ ഈ ഉറപ്പുകളെയും വാഗ്ദാനങ്ങളെയും വിശ്വസിക്കുവാൻ നിർവ്വാഹമുള്ളൂ.

* * *

ക്രിസ്തുവിന്റെ മാതാവായ മേരി ഉടലോടെ സ്വർഗ്ഗത്തു പോയി എന്നു വിശ്വസിക്കുന്ന അജ്ഞന്മാർ ഈ ഇരുപതാംനൂറ്റാണ്ടിലും ജീവിച്ചിരിക്കുന്നുണ്ട്.

* * * *

മലയയിൽ കലാലംപൂരിലുള്ള ഇൻഡ്യൻ മുസ്ലീം കഴിഞ്ഞ മൂന്നു വർഷമായി സംസാരിച്ചിട്ടില്ല. തൻമൂലം, അവൻ ജനകീയ മന്ത്രിപദത്തിനു അർഹനല്ലാതായിത്തീർന്നിരിക്കുന്നു.

* * *

ലണ്ടനിലെ പോളിഷ് പ്രതിപുരുഷനായ മൈക്കലോവ്സ്കിയെ പോളണ്ടിലേയ്ക്ക് തിരിച്ചുവിളിച്ചശേഷം വധിക്കുകയുണ്ടായി എന്ന് കമ്മ്യൂണിസത്തിനു് എതിരായി പ്രചരണം നടത്തുന്ന "വായിസ് ഓഫ് അമേരിക്ക" എന്ന പ്രക്ഷേപണത്തിൽ പ്രസ്താവിച്ചിരുന്നുവെന്നും, ലണ്ടനിൽ തിരിച്ചുവന്നശേഷം, താൻ മരിച്ചില്ല എന്നും സ്നേഹിതരെ വിശ്വസിപ്പിക്കുവാൻ വളരെ പണിപ്പെടേണ്ടി വന്നുവെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്ന "അമേരിക്കയുടെ ശബ്ദം!"

* * *

"ഓർമ്മശക്തി വർദ്ധിപ്പിക്കുക" എന്നു പേരുള്ള ഒരു പുസ്തകം ന്യൂയോർക്കിലുള്ള ഒരു വയസ്സനായ ഡോക്ടർ എഴുതുകയും, ആറു വർഷങ്ങൾക്കുശേഷം പോസ്റ്റുവഴി തിരിച്ചയച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു.

x x x

കൊറിയൻയുദ്ധം ക്രിസ്തുമസ്സിനുമുമ്പ് വിജയകരമായി പര്യവസാനിക്കുമെന്ന് മക്കാർത്തർ പ്രസ്താവിച്ചുവത്രെ. പക്ഷേ കൊറിയയിലെ ഒളിപ്പോരും, ശീതകാലസമരവും, അമേരിക്കരെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

* * * *

ആറ്റംലി റഷ്യയെ അനുകരിച്ച് ഒരു "ഇരുമ്പുകർട്ടൺ" നിർമ്മിച്ചിരിക്കുന്നു. ഇംഗ്ലണ്ടിൽ വച്ചു ലോകസമാധാനസമ്മേളനം നടത്തുവാൻ അദ്ദേഹം അനുവദിച്ചില്ല. അമേരിക്കയുടെ ഉത്തരവനുസരിച്ചാണ് അങ്ങനെചെയ്തതെന്ന് കാൻറർബറിയിലെ ഡീനായ ഡാക്ടർ ഹ്യൂലിറ്റ് ജാൺസൺ പ്രസ്താവിക്കുകയുണ്ടായി. സമാധാനസമ്മേളനം പോളണ്ടിന്റെ തലസ്ഥാനമായ വാർസായിൽ വച്ചുകൂടി രണ്ടായിരത്തിൽപരം പ്രതിനിധികൾ അതിൽ പങ്കെടുത്തിരുന്നു. ഇൻഡ്യയിൽ നിന്നും വർക്കേഴ്സ് ആൻഡ് പെസൻറസ് പാർട്ടിയുടെ ജനറൽ സിക്രട്ടറിയായ മോറിനു് വിദേശയാത്ര ചെയ്യുന്നതിനുള്ള പാസ്സ്പോർട്ട് ബോംബെഗവണ്മെന്റ് നിഷേധിക്കുകയുണ്ടായി.

* * *

കമ്മ്യൂണിസത്തിനെതിരായ യുദ്ധം ലോകത്തെ ഫാസിസത്തിലേക്ക് നയിക്കുമെന്ന് ബ്രിട്ടണിലെ ഒരു മന്ത്രിയായ കെന്നത്ത് യംഗർ പ്രസ്താവിച്ചിരിക്കുന്നു

ങ്കിൽ കുറച്ചുകാലംവരെ ആ തുറങ്കിൽ കിടക്കാൻ ഞാൻ സന്നദ്ധനാണ്."

സുകുമാരൻ ചന്ദ്രപരവശനായിരുന്നു പത്മനാഭനോ നിസ്സംഭ്രമനായി ഗോവിന്ദൻ ചോദിച്ചു:—"സുകു, അവർ പ്രണയബദ്ധരാണെന്നേയുള്ളോ? അതോ, ഈ കളിക്കാര്യത്തിൽ അവസാനിക്കാൻ പോകുന്നോ? വിവാഹസുഖിനവും തീർച്ചപ്പെട്ടോ?"

സുക:—"അതൊന്നും എനിക്ക നിശ്ചയം പോരാ. അവർ പരസ്പരാനുരാഗംമൂലം സ്വർഗ്ഗസീമയും കടന്ന് ഇപ്പോൾ നിൽക്കയാണെന്നും എനിക്ക നിശ്ചയമുണ്ട്."

പെട്ടെന്ന് പത്മനാഭൻ ഒന്നു പൊട്ടിച്ചിരിച്ചു. അയാളുടെ കണ്ണുകൾ കസ്തൂരികുട്ടികളായി രൂപാന്തരപ്പെട്ട തെളിഞ്ഞു

"അപ്പോൾ സുകു, നമ്മുടെ ധർമ്മസ്ഥാപകൻ ഈ വിവരം അറിയുമ്പോൾ അയാളുടെ മുഖത്തെ ഭാവം കാണണേ നല്ലനേരംപോക്കായിരിക്കും അയാൾ, ആ തിരുമേനി പത്മാദേവിയെപ്പോലെ, ഗംഗാധരനെ ശപിച്ച മുടിക്കാതിരിക്കയില്ല"

സുക:—"ആ സ്ത്രീ ഒരു തടകത്തന്നെയായിരുന്നു. അവൾ അങ്കക്കലികൊള്ളാൻ എന്തു ഹേതുവെന്നു് എനിക്ക ഇനിയും മനസ്സിലായിട്ടില്ല"

ഗോവി:—"അതോ! ഞാൻ പറയാം. അവൾ പട്ടകിഴവിയും, വിരൂപയുമാണ്. പത്മാദേവി, യുവതിയും സുന്ദരിയുമാണ്, അതുപോരെ അസൂയയ്ക്കും കലശലിനും ഹേതു?"

പത്മ:—"അല്ലാ, അ[illegible] നല്ലേ വ

—ക

രുന്നത്? സുകു, നാം വിചാരിച്ചതുപോലെ ഏകകണ്ഠമായി അങ്ങ് അനുമോദിക്കയല്ലെ?"

സുകു:—"വിരോധമില്ല ഗംഗാധരനും അതു വിരോധമായിരിക്കയില്ല"

ഗംഗാധരൻ വന്നകയറിയ ഉടൻതന്നെ അനുമോദനങ്ങളും അട്ടഹാസങ്ങളും ആയി, എല്ലാവരുടെയും നാഡിപരീക്ഷണം കഴിച്ചുകൊണ്ട്, അയാൾ തുടർന്നു:—"സത്യം പറഞ്ഞാൽ, ഞാൻ എന്നെ തന്നെ അനുമോദിക്കുന്നു. ഒരു ഭാഗ്യക്കുറി എനിക്കുകിട്ടി എന്നേയുള്ളു എനിക്കതിനു് എന്തർഹത എന്നു് ഞാൻ ആലോചിക്കയാണു്. ഇന്നു് പത്മാദേവിയുടെ അച്ഛനോടു് ഞാൻ എന്റെ പ്രണയവൃത്താന്തം തുറന്നു പറഞ്ഞു. അദ്ദേഹം സമ്മതം തന്നു് ഞങ്ങൾക്കു രണ്ടാളേയും അനുഗ്രഹിച്ചു. അതുപോകട്ടെ, അറിഞ്ഞില്ലേ വിശേഷം? ഈ നിൽക്കുന്ന സുകുമാരൻ പത്മയ്ക്കു് ആരെന്നാണെന്നു് നിങ്ങളുടെ വിചാരം? പത്മ സുകുമാരന്റെ മുറപ്പെണ്ണാണു്; കലശേഖരൻ സുകുമാരന്റെ കണ്ണാതായ കാരണവരും."

ഗംഗാധരൻ പറഞ്ഞ പൂർവചരിത്രങ്ങൾ കേട്ട എല്ലാവരും ആശ്ചര്യപരതന്ത്രരായിപ്പോയി. വിശേഷിച്ചു സുകുമാരനും, സുകുമാരനു് ആ കഥാശ്രവണത്തിൽ വിഷാദമോ ആഹ്ലാദമോ എന്താണു് മുന്നിട്ടുവന്നതെന്നു് വ്യവച്ഛേദിക്കാൻ വിഷമമാണു്. വിഷാദമുണ്ടായെങ്കിൽ അതിനു് ഹേതു എന്തെന്നു് അയാൾക്കു തന്നെ തൃപ്തമുണ്ടായില്ല എന്തായാലും, അടുത്ത ദിവസം പ്രഭാതത്തിൽ എല്ലാവരുംകൂടി പത്മവിലാസത്തേക്കു പോകുവാനും സുകുമാരനെ ഔപചാരികമായി അവിടത്തെ അനന്തരവകാശിയാക്കുവാനും അവർ നിശ്ചയിച്ചു.

സുകുമാരൻ കുറേക്കഴിഞ്ഞു് സ്വന്തം മുറിയിൽ വാതായനത്തോടു ചേർന്നു വെളിക്കോട്ടു നോക്കി ചിന്താധ്രസ്തനായി നിന്നിരുന്നു. നിർമ്മലമായ നീലാകാശത്തിൽ രത്നങ്ങൾ പതിച്ചപോലെ നക്ഷത്രങ്ങൾ ശോഭിച്ചു. ഇളംകാറ്റു ശോകപൂരിതമായ ഒരു മൂളിഗാനം വെളിയിൽ ആലാപിച്ചിരുന്നു. വൃക്ഷങ്ങൾക്കിടയിൽകൂടി വെളിവിനെ വിളങ്ങിയ പല കെട്ടിടങ്ങളും, ദീപപ്രകാശങ്ങളും കാണാറുണ്ടായിരുന്നു.

പത്മാദേവിയും ആ സന്ദർഭത്തിൽ, വീട്ടിനു മുൻവശത്തെ പൂന്തോട്ടത്തിൽ, ഒരു ബഞ്ചിലിരുന്നു്, നീലാകാശവും, നക്ഷത്രങ്ങളും, ഇളംകാറ്റും പ്രകൃതിക്കു വരുത്തിയ ഭാവഭേദങ്ങളും നോക്കിക്കൊണ്ടു്, എന്തൊക്കെയോ ചിന്തിച്ചു നെടുവീർപ്പിടുകയായിരുന്നു. ശേഖരനും, അവിടെ സമീപം പൂർത്തകടിയിൽ ഇരുന്നു്, "നക്ഷത്രമെണ്ണുക"യായിരുന്ന അന്നു മുഴുവൻ അവൻ അടുത്തുള്ളകുറിക്കാടുകളിൽ പതിക്കിടന്ന സന്ധ്യകഴിഞ്ഞതോടെ, പത്മവിലാസത്തിനടുത്തു പറഞ്ഞുകേട്ടു അവൻ ഖേദം പ്രകടിപ്പിച്ചു, കരഞ്ഞു വിളിച്ചും പത്മാദേവിയോടു മാപ്പിരന്ന ലോകത്തിലേക്കും എറിഞ്ഞു രക്ഷിക്കുന്നതിനും മാപ്പുകൊടുക്കുന്നതിനുള്ള ഹൃദയസംവിധാനമായിരുന്നു അന്നു് വിശേഷിച്ചും അവർക്കുണ്ടായിരുന്നതു് പത്മയുടെ പാദങ്ങൾക്കടുത്തു് സ്വാമിഭക്തിയുള്ള ഒരു പട്ടിക്കുട്ടിയെപ്പോലെ അവൻ ഇരുന്നിരുന്നു അവന്റെ ചിന്താഗതി അവനു തന്നെ അപ്പോൾ ദുർഗ്രഹമായിരുന്നു.

പെട്ടെന്നു്, പത്മാദേവി അറിയാതെ അവളുടെ പിന്നാവു് അടുത്തുവന്നു്, ആ ബെഞ്ചിൽ ഇരുന്നും, ചിന്തകളിൽ നിന്നുണർന്നു്, പരിഭ്രമിച്ചു് അവർ, "അച്ഛാ!" എന്നു് വിളിച്ചുകൊണ്ടു് അദ്ദേഹത്തിന്റെ മുഖത്തുനോക്കി.

"കുഞ്ഞേ!, നിന്റെ ഹൃദയത്തിനു് അസുഖമൊന്നും തോന്നുന്നില്ലല്ലൊ" എന്നു് ഉൽക്കണ്ഠയുടെ ലാഞ്ഛനാസംഹൃഷ്ടമുഖത്തോടെ പത്മാദേവിയെ സൂക്ഷിച്ചുനോക്കിക്കൊണ്ടു വൃദ്ധൻ ചോദിച്ചു

അവർ ഒന്നു മന്ദഹസിച്ചു. അവളുടെ അപ്പോഴത്തെ മുഖഭാവം പരമാനന്ദനിർവൃതികൊണ്ടു് തിക്കുവാനും ദീപ്തമായിരുന്നു.

"ഇല്ലച്ഛാ; എന്റെ ഹൃദയം സമ്പൂർണ്ണസുഭാഗ്യം അനുഭവിക്കുന്നു"

പത്മാദേവിയുടെ മധുരസ്വരംകേട്ടു് ശേഖരൻ മുഖമുയർത്തിനോക്കി. അവന്റെ വലിയ കറുത്ത കണ്ണുകളിൽ അശ്രുക്കൾ നിറഞ്ഞിരുന്നു. തുഷ്ടിച്ച നിന്ന കൈകൊണ്ടു പത്മയുടെ സാരിത്തുമ്പിൽ പിടിച്ചു് അവൻ പോലിച്ചു:—"ദേവി ഞാൻ വേഗം മരിച്ചുപോകുമെന്നു് ദേവിക്കു തോന്നുന്നുണ്ടോ?"

ആ ശബ്ദത്തിൽ ലയിച്ചിരുന്ന വിഷാദംമൂലം ഞെട്ടി, അവർ സകരുണം അവനെ നോക്കി. കലശേഖരൻ സമ്മതമായി അവനെ പിടിച്ചു് മുകിൽ തലോടിക്കൊണ്ടു പറഞ്ഞു:—"വിധി വിധിച്ചതുപോലെ അല്ലാതെ ആരും മരിക്കാറില്ല! ശേഖരാ, പ്രാണപാശം എപ്പോഴാറുപേക്ഷിക്കുന്നു് ആർക്കും അറിയാൻ സാദ്ധ്യമല്ല പരലോകം കാണാൻ നിനക്കു കൊതിയായിത്തുടങ്ങിയോ?"

ശേഖരൻ സപത്നിലോലുപനെപോലെ തലയാട്ടി:—"അവിടെയുള്ളവർക്കു് എന്നെ മനസ്സിലാകും. അവർക്കു് എന്നോടു് ദയയും സ്നേഹവും കാണും. ഞാൻ നിങ്ങളിലും", ശക്തനും ധീരനുമായി അവിടെ വളരും. ദേവി അവിടെവച്ചു് എന്നെ കണ്ടുമുട്ടിയാൽ ദേവി എന്നെ സ്നേഹിക്കാതിരിക്കയില്ല., അല്ലേ?"

അവർ കരുങ്ങി പറഞ്ഞുകിടന്ന അവന്റെ തലമുടിച്ചുരുളുകളിൽ തലോടിക്കൊണ്ടു് പറഞ്ഞു:—"ഞാൻ ഇപ്പോഴും ശേഖരനെ സ്നേഹിക്കുന്നുണ്ടല്ലോ. പക്ഷേ പരലോകത്തിലേക്കു നമ്മെല്ലാം പരസ്പരം ഇപ്പോഴത്തേക്കാൾ കൂടുതലായി സ്നേഹിക്കുമായിരിക്കും"

"അതേ, അതേ"! അവളുടെ കരപല്ലവം വാത്സല്യപൂർവ്വം തലോടിക്കൊണ്ടു് ശേഖരൻ പറഞ്ഞു:—"അതേ, നാമെല്ലാം മരിച്ചു് മണ്ണടിഞ്ഞശേഷം! നമ്മുടെ എല്ലും ശരീരം ദ്രവിച്ചു് പൊടിഞ്ഞു് പുഷ്പങ്ങളും പക്ഷികളും ചിത്രശലഭങ്ങളുമായി രൂപാന്തരപ്പെട്ടു്, നമ്മുടെ ആത്മാക്കൾ വെളുത്തും ചുമന്നും ഉള്ള തീനാളങ്ങൾ പോലെ ബഹിർഗ്ഗമിക്കുമ്പോൾ, അന്നു് നാം പരസ്പരം സ്നേഹിച്ചു് അതുത്തുതകരങ്ങളായ കാര്യങ്ങളും കഥകളും പറഞ്ഞു പറഞ്ഞു് കേവലസുഖം സമാശ്വസിച്ചു് അങ്ങനെ കഴിയും!"

അല്പനേരം മൗനമായിരുന്നശേഷം ഉച്ചത്തിൽ അത്മഗതമായി അവൻ ഒന്നു ചിരിച്ചു. വീണ്ടും അവന്റെ ശബ്ദം പതിഞ്ഞു് വിഷാദപൂർണ്ണമായി ഭവിച്ചു:—"ദേവി ദേവി പാവപ്പെട്ട ശേഖരനെ ചിത്രവധം ചെയ്യുകയാണു്!"

പത്മാദേവിയുടെ മുഖം ഉൽക്കണ്ഠാകുലമായി, ആത്മാർത്ഥമായി അവർ പോലിച്ചു:—"എന്നോടു് നീ മുഷിഞ്ഞിരിക്കുകയാണോ? എന്താണു് നിന്നെ വിഷമിപ്പിക്കുന്നതെന്നു് എന്നോടു തുറന്നു പറയൂ."

അവർപ്പോലുമായ നിരാശനിറഞ്ഞ ഒരു നോട്ടത്തോടുകൂടി ശേഖരൻ തലകുലുക്കിക്കൊണ്ടു പറഞ്ഞു:—"എനിക്കു പറയാൻ കഴിവില്ല എന്റെ ചിന്തകളെല്ലാം മഹാബലിഗംഗയുടെ അഗാധതോയങ്ങളിൽ ഒന്നൊന്നായി മുങ്ങിച്ചാകുവാൻ പൊയ്ക്കഴിഞ്ഞിരിക്കുന്നു. എന്റെ ഹൃദയം ഇന്നുവരെ കഴിച്ചുകൂടിയപ്പോലുള്ള ശവപ്പെട്ടിയിൽ അതിനെ ആണിതറച്ചു് അടക്കുന്നതു് ഞാൻകണ്ടു. എന്റെ അല്പമേതാണ്ടു് ശേഷിച്ചിട്ടുണ്ടു്. ഒരു തീനാളംപോലെ എപ്പോഴും എന്റെ മുമ്പിൽ നൃത്തം ചെയ്യുന്ന അല്ലാതെന്തോ പക്ഷേ—അതു് എന്നെ അനുസരിക്കുന്നില്ല ഞാൻ അതിനെ വിളിക്കുന്നു. പക്ഷേ അതു് വരുന്നില്ല. ദേവി ഞാൻ മുഷിഞ്ഞുകൂടങ്ങിയിരിക്കുന്നു, വളരെ വളരെ മുഷിഞ്ഞുകഴിഞ്ഞിരിക്കുന്നു."

അവന്റെ ശബ്ദം അടഞ്ഞു. ഒരു നേരിയ തേങ്ങൽമാത്രം ഹൃദയം വലിച്ചുപറിച്ചുകൊണ്ടെന്നപോലെ അവനിൽനിന്നു് വിമുക്തമായി. പത്മാദേവിയുടെ സാരിത്തുമ്പിൽ അവൻ മുഖം മറച്ചു് കരഞ്ഞു. അനുകമ്പാകുലനായി കലശേഖരൻ ആ പാവപ്പെട്ട മനുഷ്യജീവിയെ നോക്കി പതിഞ്ഞസ്വരത്തിൽ അയാൾ പുത്രിയോടു് പറഞ്ഞു: "അവന്റെ ബുദ്ധി എവിടെ എല്ലുമോ പതറി നടക്കുന്നു. അതു് അലഞ്ഞു് അകലുന്നു. കൊടുംകാറ്റിൽ ചിന്നിയ മഴവില്ലുപോലുള്ള ഒരു മനസ്സാണതു്. വേഗം അതു തേഞ്ഞുമാഞ്ഞുപോകും. കുഞ്ഞേ ഒരുസുഖവും അവനുണ്ടാകുന്നതു്. വളരെ നാളത്തേക്കു് വേണ്ടി വരികയില്ല"

ശേഖരൻ പ്രസന്നമായി മുഖമുയർത്തിക്കൊണ്ടു പറഞ്ഞു:—"ഇല്ല, വളരെ നാളത്തേക്കു വേണ്ടിവരില്ല അതു ശരിയാണു്—വളരെ നാളത്തേക്കു് വേണ്ടിവരില്ല ദേവി നാളെ പൂക്കാലം പറിക്കാൻ എന്നോടു് ഒന്നിച്ചു് വരുമോ. ഈ പാവപ്പെട്ട ശേഖരനുമൊന്നിച്ചു് ഈ കുന്നുകളിലും തടങ്ങളിലും അലഞ്ഞുനടക്കുവാൻ ദേവിക്കു് എന്തിഷ്ടമായിരുന്നു! പക്ഷേ അതെല്ലാം ഇ.

—തുടരുന്നതാണ്—

പത്രാധിപരോട് സംസാരിക്കുക



[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം പോസ്റ്റ്കാർഡിൽ പത്രാധിപർക്കു എഴുതുക. കവറിനു മുകളിൽ "പോഴ്സ്" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ പോസ്റ്റുകാർഡിനു അഞ്ചുരൂപാ സമ്മാനം ലഭിക്കും. പത്രാധിപർ]

ഏ കെ. മാരാർ, കരുനാഗപ്പള്ളി.

സോവിയറ്റ് യൂണിയന്റെ ഭരണഘടന ഒന്നു വായിക്കാൻ സൗകര്യമുണ്ടാക്കിത്തരുമോ?

അതു പുസ്തകരൂപത്തിൽ പുറത്തുവന്നിട്ടുണ്ട്. വാങ്ങി വായിക്കുന്നതിനു ഒരു തടസ്സവുമില്ല.

പി. ഗോപാലൻ, ആലപ്പുഴ

സ: ശ്രീകണ്ഠൻനായർ ജയിലിൽ നിരാഹാരവ്രതം തുടങ്ങാൻപോകുന്നതായി കേട്ടു. എന്താ ഒത്തുതീർപ്പിനു പോകുന്നില്ലേ?

എന്താ? സ: ശ്രീകണ്ഠൻനായർ ഒത്തുതീർപ്പില്ലാതെ നിരാഹാരവ്രതം തുടരണമെന്നു വലിയ താല്പര്യമാണോ? സ. ടി. വി. തോമസിന്റെയും, എം. എൻ. ഗോവിന്ദൻനായരുടെയും നിരാഹാരവ്രതത്തിനു ഒത്തുതീർപ്പുണ്ടാക്കാൻ ഞാൻ പോയിട്ടുണ്ട്, പക്ഷെ സ: ശ്രീകണ്ഠൻനായരെക്കൊണ്ടു നിരാഹാരവ്രതം തുടങ്ങിച്ചേ അടങ്ങൂ എന്നു സർക്കാരിനു നിർബന്ധമുണ്ടെങ്കിൽ ആ നിരാഹാരവ്രതം വിജയിപ്പിച്ചേ അടങ്ങൂ എന്നു എനിക്കും എന്നെ നയിക്കുന്ന പാർട്ടിക്കും നിർബന്ധമുണ്ട്. എന്തു തീക്കളിയിൽപ്പെടുന്നതിനും അതുവല്ല മടിയൊന്നുമില്ല.

പി. കെ. വാര്യർ, കോട്ടയം.

നിങ്ങൾ ഈ അടുത്ത കാലത്തു വായിച്ചു ഏറ്റവും നല്ല ഫലിതം എന്താണു?

"എത്രതവണ വേണമെങ്കിലും" രാജിവക്കാമെന്നു ശ്രീ. പനമ്പിള്ളിപ്പെയ്ത പ്രസംഗം, പണ്ടത്തെ ശീലാവതികഥകളിൽ "നിനക്കവേണ്ടി എത്രതവണ വേണമെങ്കിലും മരിക്കാം" എന്നു ചില നായകന്മാർ പറയുന്നതുപോലെ തോന്നി അതു വാചകം ഗംഭീരമായിരുന്നെന്നാണു് കോൺഗ്രസ്സുകാർ പറയുന്നതു്.

പി. കെ. നാരായണക്കുറുപ്പ്, ചെറായി

കൃഷ്ണൻ ചന്ദ്രന്റെ "പൂനിലാവിൽ" എന്ന

പ്പോൾ ദേവി വിസ്മരിക്കുന്ന ദേവിയെപ്പോലും ഒരൊറ്റ പുഞ്ചിരികൊണ്ടു കീഴടക്കുവാൻ എനിക്കു കഴിയുന്നില്ല ദേവിക്കുടി വരുത്തപക്ഷം അവയൊന്നുംതന്നെ എന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുകയില്ല എന്റെ ജീവനും ആത്മാവും ആനന്ദസ്പർശവുമായ ദേവി! ദേവിക്കുടി വരുമോ?"

ഒരുത്സാഹവായ്പ് അവനുണ്ടായിക്കണ്ടതിൽ സന്തോഷിച്ചു് മന്ദഹസിച്ചുകൊണ്ടു് അവൾ പറഞ്ഞു:—"അതേ ശേഖരാ, ഞാൻ വരാം നാളെ അതിരാവിലെ നമുക്കു രണ്ടാൾക്കുംകൂടിപോയി കുണുന്നിടത്തോളം പൂക്കളെല്ലാം ഇറുത്തുകൊണ്ടുപോരാം, അപ്പോൾ ശേഖരനു് സന്തോഷമാകുമോ?"

അവളുടെ വസ്ത്രാഞ്ചലം എടുത്തു മൂടുവായി ചുംബിച്ചുകൊണ്ടു്. അവൻ പറഞ്ഞു:—"അതേ അതിൽപ്പരം ഒരു പരമാനന്ദം എനിക്കുണ്ടാകാനില്ല ഞാൻ അനുഭവിക്കുന്ന ഒടുക്കത്തെ പരമാനന്ദം!"

പെട്ടെന്നു് അവൻ എണീറ്റു. അതിദൂരെ ആരോ അവനെ വിളിക്കുംപോലെ അവൻ ശ്രദ്ധിച്ചുകൊണ്ടു് അല്പനേരം നിന്നു. ഒരു ഗൗരവം, ഒരന്യപിന്ത അവനെ ഗ്രസിച്ചപോലെ, അതി മൃദുലമായി അദൃശ്യമായ ഒരു മധുരസംഗീതത്തിന്റെ സൂക്ഷ്മതാനത്തിനു് വിച്ഛിത്തിവരുത്തുവാൻ ഭയന്നിട്ടെന്നപോലെ അവൻ വിരലുകൾ മാത്രം ഊന്നി സാവധാനത്തിൽ അവിടെ നിന്നും നടന്നുപോയി. അവൻപോയി മറയുന്നതു കണ്ടു കുലശേഖരൻ നെടുതായി ഒന്നു ശ്വസിച്ചു:—"കഷ്ടം! ആ കുട്ടിയുടെവിധി നിശ്ലേഷം ചിതറിപ്പോയിരിക്കുന്നു. ഒരു രക്ഷയും അവനില്ല"

അനന്തരം തിരിഞ്ഞു് മകളുടെ തലയിൽ നിശ്ശബ്ദമായി വാൽസല്യപൂർവം തലോടിക്കൊണ്ടു് അയാൾ പറഞ്ഞു:—

"മകളേ! നിന്നെ പ്രതീക്ഷിക്കുന്ന നൂതന സൗഭാഗ്യങ്ങൾക്കിടയിൽ നിന്റെ വൃദ്ധനായ പിതാവു് നിന്നെ എത്രമാത്രം സ്നേഹിച്ചിരുന്നുവെന്നുള്ളതു് നീ വിസ്മരിക്കയില്ലല്ലോ നേരം വളരെയായി ഇനി പ്പോയിക്കിടന്നാലും."

പത്മയും കുലശേഖരനും വീട്ടിലേക്കു കടന്നു. വളരെവേഗംതന്നെ സംപൂർണ്ണമായ നിശബ്ദതയിലും ശാന്തിയിലും ആ ഭവനം മുഴുകി. അനന്തകോടി നക്ഷത്രങ്ങൾ ഉജ്ജ്വലിച്ച ആകാശമണ്ഡലം മാത്രം പ്രപഞ്ചത്തിന്റെ കണ്മുമ്പാക്ഷിയായി ശേഷിച്ചു. സകലതും നിദ്രയിൽ ആമഗ്നമായി ശേഖരൻ മാത്രം ഉണർന്നിരുന്നു അത്യന്തമായ ഒരു അരയാലിന്റെ ചുവട്ടിൽ മലർന്നുകിടന്നു് അതിന്റെ ഇരുണ്ട ശാഖകളും ഇലകളും നിർമ്മിച്ചിരുന്ന ചിത്രവേലയിൽക്കൂടി അവൻ നക്ഷത്രപഥത്തിലെ അത്ഭുതങ്ങൾ ആരായുകയായിരുന്നു. ഇടക്കും മുറക്കും ഏതോ ദിവ്യ ഒർശനം ഉണ്ടായപോലെ അവൻ സ്വയം മന്ദഹസിച്ചുകൊണ്ടിരുന്നു ചിലപ്പോൾ അവന്റെ തൃണശയ്യയിൽ ഉരുണ്ടു പിരണ്ടു് വളരെ പതിഞ്ഞസ്വരത്തിൽ വിഷാദപൂർണ്ണമായ ഒരു ഗാനം അവൻ നീട്ടിപ്പാടിയിരുന്നു. അവന്റെ മസ്തിഷ്ക്കമദ്ധ്യപ്രദേശത്തു് വിളറിയ പ്രേതങ്ങൾപോലെ ചലിച്ചുകൊണ്ടിരുന്നു. അവന്റെ ഉടഞ്ഞ ചിന്തകൾ. അവ്യക്തഭാവനകളും, പകുതി പറന്ന അഭിലാഷങ്ങളും ദൈവത്തിനു മാത്രമേ അറിവുണ്ടായിരുന്നുള്ളൂ അവന്റെ വിഷാദങ്ങളുടെ പൊരുൾ ഭാവിയല്ലാതെ ദൈവത്തിനുപോലും വിശദീകരിച്ചു അവന്റെ ആത്മാവിന്റെ അന്ധകാരത്തിൽ വെളിച്ചം വിതറുവാൻ സാധ്യമാകുമായിരുന്നില്ല.

കഥ തർജ്ജമ ചെയ്തതാരാണ്?

കെ. ബാലകൃഷ്ണൻ.

പി. സി. ശങ്കരനാരായണൻ, മാല.

ഇന്നത്തെ കരിഞ്ചന്തയും മന്ത്രിഭേണവും തമ്മിലുള്ള വ്യത്യാസമെന്ത്?

ഒന്ന സാധനങ്ങളുടെ കരിഞ്ചന്ത. മറ്റേതു രംഷ്ട്രീയ കരിഞ്ചന്ത. രണ്ടിന്റെയും ഫലം ചിലപ്പോൾ ഒന്നായിരിക്കും.

കെ. രാമചന്ദ്രൻ, തൊടുപുഴ

പനമ്പിള്ളിയുടെ പുതിയ വിദ്യാഭ്യാസ പദ്ധതിയെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?

ഇതിനു മുൻപുണ്ടായിരുന്ന പദ്ധതിയേക്കാൾ മെച്ചമാണ്. പക്ഷെ അടിസ്ഥാനപരമായി ഒരു വ്യത്യാസവും പഴയതും പുതിയതും തമ്മിൽ ഉണ്ടെന്നുതോന്നുന്നില്ല.

കെ. കേശവൻ, കൊല്ലം.

പുതിയ വിദ്യാഭ്യാസപദ്ധതിയെപ്പറ്റി അസംബ്ളിയിൽ നടന്ന ഏറ്റവും നല്ല പ്രസംഗമേതാണ്?

ഏറ്റവും നല്ലവാചകം ശ്രീ. തൈതീൻകുഞ്ഞാണുപയോഗിച്ചത്. കത്തോലിക്കപുരോഹിതന്മാർ പഠിയുന്ന മലയിക വകാശം അനുവദിക്കുകയാണെങ്കിൽ കരിഞ്ചന്തക്കാർക്കും മലയിക വകാശമുണ്ടെന്നു.

പി. വി. പീതാംബരൻ, കോട്ടയം

ഏടയത്തിന്റെ വിശപ്പിനാണോ വയറിന്റെ വിശപ്പിനാണോ തീക്ഷ്ണതക്കൂടുതൽ?

വയറു നിറഞ്ഞിരിക്കുന്നവർക്ക് ഹൃദയത്തിന്റെ വിശപ്പിനായിരിക്കും കൂടുതൽ തീക്ഷ്ണത.

പി. കുട്ടിഅയ്പു, അയ്മനം.

നിങ്ങൾ മാർക്സിസം മുഴുവൻ പഠിച്ചിട്ടുണ്ടോ?

ഇല്ല. പഠിച്ചുതുടങ്ങിയപ്പോഴാണ് അതു ഞാൻ ധരിച്ചുവച്ചിരിക്കുന്നതിനേക്കാൾ അർത്ഥവത്തും ആശയഗംഭീര്യമുള്ളതുമായ ഒരു വിഷയമാണെന്ന മനസ്സിലാക്കിയതു. ഒരു സുഹൃത്തു എന്നോടു പറയുന്നതു ഹൈഡലിന്റെയും കാൻറിന്റെയും തത്വശാസ്ത്രം ശരിക്കു പഠിക്കാതെ ഡയലാറ്റിക് മെറ്റീരിയലിസമെന്താണെന്നു മനസ്സിലാക്കാൻ സാദ്ധ്യമല്ലെന്നാണ്. ഇവരെ രണ്ടുപേരെയും ഞാൻ പഠിച്ചിട്ടില്ല.

"പൊരുതുന്ന സാഹിത്യകാരൻ" എന്നു പറയുന്നതു ആരെയാണ്?

ഒരു തോക്കിന്റെ ശക്തിയോടുകൂടി വർഗ്ഗസമരത്തിനു പ്രചോദനം നൽകത്തക്കവിധം ഉപയോഗിക്കാൻ കഴിവുള്ളവൻ.

കെ. സെബാസ്റ്റ്യൻ, കോട്ടയം.

റഷ്യയിലെ പുതിയ ഇംപീരിയലിസത്തെ കാര്യകാരണ സഹിതം എതിത്തുകൊണ്ടു മാർക്സിസം പഴകിപ്പോയെന്നു സ്ഥാപിക്കുന്ന ദേവിന്റെ അഭിപ്രായത്തെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണ്?

ആ അഭിപ്രായം ദേവ് "പ്രഭാത"ത്തിൽ എഴുതുംമുൻപു അമേരിക്കയിലെ പ്രോഗ്രസീവ് പ്രസിദ്ധീകരിച്ച "New imperialism-Bolshevism" എന്ന പുസ്തകത്തിൽ ഞാൻ വായിച്ചിട്ടുണ്ട്. ഇപ്പോൾ നോബൽ സമ്മാനംകിട്ടിയിരിക്കുന്ന ബർട്രൻസ് റസ്സലും ദേവിന്റെ അഭിപ്രായം കുറേക്കൂടി ബുദ്ധിപൂർവ്വകമായ ഭാഷയിൽ വളരെ മുൻപേ എഴുതിയിട്ടുണ്ട്. അതൊക്കെ വായിച്ചിട്ടും മാർക്സിസത്തെപ്പറ്റി എനിക്കെന്തെങ്കിലും എഴുതുവാൻ തോന്നുകയില്ല. ദേവ് ഇതൊരു പുതുപരക്കായി എഴുതിയിരിക്കുന്ന തൊലിക്കട്ടിയിലേ എനിക്കു കൗതുകമുള്ളു. കാലം കഴിഞ്ഞുപോയതു മാർക്സിസമല്ല. മുരടിച്ച യാഥാസ്ഥിതികന്മാർ വളരുവാൻ വിടാതെ ഉയർത്തിപ്പിടിച്ചതും ദേവ് ഏറ്റുപാടുന്നതുമായ കഥയില്ലാത്ത മാർക്സിസ്റ്റ് വിരുദ്ധവാദങ്ങളാണ്. മാർക്സിസം ഒരു ശാസ്ത്രമാണ്. കൂടുതൽ നൂതനവും അംഗീകരിക്കാവുന്നതുമായ ഒരു ശാസ്ത്രത്തിന്റെ ആവിർഭാവത്തോടെ മാർക്സിസം പഴകിയതായിത്തീരുമെന്നില്ല. ആ പുതിയ ശാസ്ത്രം ഏതാണെന്നു ദേവിനു തുണ്ടിക്കാണിക്കാമെങ്കിൽ ഒരു വാദപ്രതിവാദത്തിനു ഞാൻ തയ്യാറാണ്.

പി. എസ്. ഗോപാലൻനായർ, പൊൻകുന്നം.

ടാറാപുരം സുകുമാരന്റെ മേൽവിലാസം അറിയിക്കുമോ?

കെ. ഏ സുകുമാരൻ ടാറാപുരം.

കെ. കുര്യൻ, പാലാ.

നിങ്ങളുടെ ആഴ്ചപ്പതിപ്പു ഇൻഡ്യയിൽ ഏവിടൊക്കെ പോകുന്നുണ്ട്?

മലയാളികൾ അധിവസിക്കുന്ന മിക്കവാറും എല്ലാഭാഗത്തും പോകുന്നുണ്ട്. നിങ്ങൾക്കു പ്രത്യേകതാല്പര്യമുണ്ടെങ്കിൽ മാനേജർക്കെഴുതുക. ഞങ്ങളുടെ ഏജൻസിനില വ്യക്തമാക്കുന്ന ലിസ്റ്റ് അയച്ചുതരും.

കെ ഗോപാലൻ, പട്ടം

മാർഇവാനിയോസ് കാളേജിൽ കുറുമുടി ആഴ്ചപ്പതിപ്പുമായി ചെന്നാൽ വിദ്യാർത്ഥികളെ പുറത്താക്കുന്നതായറിയുമോ?

അതായിരിക്കാം പട്ടത്തെ ഏജൻറ് കഴിഞ്ഞ ഏതാനും ആഴ്ചകളായി ആഴ്ചപ്പതിപ്പു ക്രമമായി കൂട്ടിവരുന്നതു.

[illegible]ഴ്ചപ്പതിപ്പ്—

രവീന്ദ്രൻ, കാവനാട്.

"കൗമുദി"യും ഓ. എൻ. വി. കുറുപ്പുമായി പിണങ്ങിയ കാരണമെന്ത്? യൂണിവേഴ്സിറ്റി കാമ്പസുണ്ടിൽ വച്ചുണ്ടായ കുറുപ്പിന്റെ പ്രസംഗമല്ലേ കാരണം? 'ആത്മസഖി' എന്ന കവിതയ്ക്ക് കുറുപ്പിന് എന്ത് പ്രതിഫലം നൽകി?

യൂണിവേഴ്സിറ്റി കാളേജിൽവച്ച കുറുപ്പ് "കൗമുദി"യെപ്പറ്റി എന്താണ് പറഞ്ഞത്? പിണങ്ങാനോ ഇണങ്ങാനോ ഒന്നും പറഞ്ഞില്ല. അല്ലെങ്കിലും ഞാൻ പ്രസംഗിക്കുന്ന സ്ഥലത്ത് എന്നെ എതിർക്കുന്നവരോട് മല്ലിടാൻ എനിക്ക് കൗമുദിയും ഒരു പത്രവും വേണ്ട. എന്റെ നാക്കുമതി. "ആത്മസഖി"ക്ക് മറ്റു കവിതകൾക്ക് നൽകിയ പ്രതിഫലം തന്നെ അയച്ചുകൊടുത്തിട്ടുണ്ട്.

കെ. സഖറിയ, കുത്തിയതോട്

തിങ്കളാഴ്ച പ്രസിദ്ധീകരിക്കുന്ന കൗമുദി "ഞായറാഴ്ച" എല്ലാ സ്ഥലത്തും എത്തിക്കുന്നതെന്താണ്?

"കൗമുദി" എപ്പോഴും നാളെയുടെ സന്ദേശവുമായാണെത്തുന്നത്.

വി. കെ. ബാലൻ, ചെറായി.

കൃഷ്ണൻചന്ദർക്ക് "പൂനിലാവിൽ" പോലുള്ള കഥകളെഴുതാമോ? അതു മറന്നുവല്ലവരുമാണെഴുതിയതെങ്കിൽ ഇവിടത്തെ പുരോഗമനസാഹിത്യകോടാലികൾ ഇട്ടേക്കുമായിരുന്നോ?

ഇവിടെ പുരോഗമനസാഹിത്യത്തിന്റെ കാരണവർ സ്ഥാനം വഹിച്ചു നടക്കുന്ന പലർക്കും വായിച്ചുകേൾക്കുക എന്ന "ഋ:സ്വഭാവം" ഇല്ലെന്നാണ് തോന്നുന്നത്. ഇല്ലെങ്കിൽ അവരിൽ ചിലർ പറയുന്ന പരമ്പരാ വിഡ്ഡിത്തങ്ങൾ "സോഷ്യലിസ്റ്റ് റിയലിസ"ത്തിന്റേയും "പൊരുതുന്ന സാഹിത്യ"ത്തിന്റേയും പേരിൽ തട്ടിവിടുകയില്ലായിരുന്നു. "അല്പജ്ഞാനം അപകടമാണ്" എന്ന പഴമൊഴി ഏറ്റവും യോജിക്കുന്നത് ഇവർ കൂട്ടുക്കാണ്. ശരിയേത് തെറ്റേത് എന്നവർ അളക്കുന്നത് "എഴുതിയതാര്?" എന്ന അളവുകോൽവച്ചാണ്.

കെ. കൃഷ്ണൻ, ചേർത്തല

നിങ്ങൾ ഒരു രാഷ്ട്രീയക്കാരനാണ് എന്നുപറഞ്ഞാൽ എന്ത് മറുപടി പറയും?

അങ്ങനെ ആരെങ്കിലും പറഞ്ഞാൽ ഉടൻ മറുപടിപറയണമെന്നു എനിക്ക് താല്പര്യമില്ല. പിന്നെ എങ്ങനെയൊക്കെയോ മറുപടി പറയിക്കാനായി അരയും തലയുംമുറുക്കി വരുന്നവരോട് വളരെ ലഘുസംഭാഷത്തിൽ "പോടാ പട്ടീ" എന്നുപറയും.

വി. വി. കൊച്ചുവേലു, ചേർത്തല.

മരണം ജീവിതത്തിന്റെ പൂർണ്ണവിരാമമാണെങ്കിൽ യുക്തിവാദവും, വാല്മീകിയും എന്തിന്?

വളർച്ചയുടെ രണ്ടു ഘട്ടങ്ങൾ.

കെ. കെ. രാമകൃഷ്ണൻ, കൊളമ്പ്.

പരിഷ്കൃതലോകത്തിനു ലജ്ജാകരമായ വിധത്തിൽ രണ്ടു "കൊറിയൻ" സഹോദരി സഹോദരന്മാരെ നിർബന്ധിച്ചു് ലൈംഗികത്തിലേർപ്പെടുത്തുകയും, ഒരു യുവസുന്ദരിയെ തന്റെ മൃഗീയകാമസംതൃപ്തിക്കു് ബലികഴിക്കുകയുംചെയ്ത ജനറൽ മക്ആർതറുടെ ഈ പ്രവൃത്തിക്കു് താങ്കൾ എന്തുപേരാണു് കല്പിക്കുക?

മുതലാളിത്ത സംസ്കാരം.

ഭാസി, പീരുമേട്.

"കരിഞ്ചന്തക്കാരെ എല്ലായിടത്തും അറസ്റ്റു ചെയ്യുന്നു." പത്രവാർത്ത. ഇതു് വരുന്ന തെരഞ്ഞെടുപ്പിനുവേണ്ടി സാധുക്കളെ പ്രീണിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമല്ലെ?

ഇതോടൊപ്പം നടക്കുന്ന മറ്റുപല കാര്യങ്ങളും ചില പത്രങ്ങളിലെങ്കിലും വരുന്നതുകൊണ്ടു പ്രീണിപ്പിക്കാൻ അത്ര എളുപ്പമായിരിക്കയില്ല.

വി. കെ. വിക്രമൻ, കാഞ്ഞൂർ.

നമ്മുടെ രാജ്യത്തു് ഒരു "സോഷ്യലിസ്റ്റു് വ്യവസ്ഥിതി" വന്നാൽ ഇന്നത്തെ കാൺഗ്രസ്സ് നേതാക്കന്മാരെപ്പോലെ അധികാരദുർവ്യയം ചെയ്യുകയില്ലെന്നും, കരിഞ്ചന്ത നടത്തുകയില്ലെന്നും വല്ല ഗാരണ്ടിയും അവർ തരുമോ?

ഗാരണ്ടി മതിയെങ്കിൽ നൂറു തവണ തരും. പക്ഷേ ആ ഗാരണ്ടി ഫലിക്കപ്പെട്ടുമോ എന്നുള്ളതു ജനസമുദായത്തിന്റെ വളർച്ചയെ ആശ്രയിച്ചിരിക്കും.

പി. ഭാരതി, കുമാരപുരം.

1. കമ്യൂണിസത്തെപ്പറ്റി ഒരു ചുക്കും അറിയാൻ പാടില്ലാത്തവരാണു് ഇവിടത്തെ കമ്യൂണിസ്റ്റുകൾ എന്നു പറയുന്നതു ശരിയാണോ?

കുറെപ്പേരെ സംബന്ധിച്ചിടത്തോളം ശരിയാണു്.

2. ചേർത്തലവച്ചു നടന്ന സമാധാനസമ്മേളനം ഉൽഘാടനംചെയ്തതു് കട്ടിയാട്ട ശിവരാമപ്പണിക്കരാണെന്നു കാണുന്നു. പ്രസ്തുത സമ്മേളനത്തിനു വിജയാശംസാസന്ദേശം അയച്ചുകൊടുക്കണമെന്നു യോഗപ്രവർത്തകർ സർ സി. പി. രാമസ്വാമി അയ്യരോടു അപേക്ഷിച്ചിരിക്കുമെന്നു വിശ്വസിക്കുന്നതിൽ പിശകുണ്ടോ?

സർ സി. പി.ക്കും സമാധാനം [ആവശ്യമാണെങ്കിൽ അവർ ക്ഷണിക്കും.

സിനിമാലോകം

(വി. പി. സാനു)

"ഫൻസ്റ്റേ അൻസു" എന്ന ചിത്രം ബാംബെ ഗവൺമെൻറ് സംസ്ഥാനത്തിലാകമാനം നിരോധിച്ചിരിക്കുന്നുവെന്ന വാർത്ത സിനിമാ വ്യവസായത്തെ ഉൽകണ്ഠാകുലമാക്കിയിരിക്കുന്നു. വ്യവസ്ഥല ഒരുർലുത്തെപ്പറ്റിയുള്ള ഈ ചിത്രത്തിന് ആദ്യം അനുവാദം നൽകുകയുണ്ടായി. ഈ ചിത്രം നവംബർ 24-ാം തീയതി റിലീസുചെയ്യുവാനാണ് ഉദ്ദേശിക്കപ്പെട്ടിരുന്നത് അതിനു പത്തുദിവസം മുമ്പുള്ള ഈ നിരോധനം മൂലം നിർമ്മാതാക്കൾക്കും, ഡിസ്ട്രിബ്യൂട്ടർമാർക്കും ഭീമമായ നഷ്ടമാണുണ്ടായിരിക്കുന്നത്.

നഷ്ടത്തിനു പുറമെ, സെൻസർബോർഡിന്റെ തീരുമാനത്തെ ബാംബെ ഗവൺമെൻറ് നിരാകരിച്ചിരിക്കുന്നതിൽനിന്നും, ബോർഡിന്റെ അന്തഃശത്രുതയാണ് വെളിവാകുന്നത് ചലച്ചിത്രങ്ങളെപ്പറ്റി പ്രസ്ഡൻറ രാജേന്ദ്രപ്രസാദ് പുറപ്പെടുവിച്ച അഭിപ്രായവും ഈ നിരോധനവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു ഏതായാലും പുതുതായി രൂപീകരിക്കപ്പെട്ടിരിക്കുന്ന കേന്ദ്ര സെൻസർബോർഡിന്റെ പ്രവർത്തനം ഉടനടി ആരംഭിക്കുന്നതു നന്നായിരിക്കും. ബാംബെ ഗവൺമെൻറ് ഈ ചിത്രത്തിന്റെ മേലുള്ള നിരോധനം ഉടനടി നീക്കുമെന്നു പ്രതീക്ഷിക്കാം.

ഒരു പുതിയ താരം

മേജർ വർമ്മായുടെ ഭാര്യയായ രൂപാ സിനിമാലോകത്തിലെ ഏറ്റവും പുതിയ താരമാണ്. രണ്ടു കൊച്ചു പെൺകുട്ടികളുടെ മാതാവാണ് രൂപാ. രൂപാവർമ്മൻ എന്നായിരിക്കും അവളുടെ ചലച്ചിത്രനാമം. നവകേതന്റെ "ബാസി" എന്ന ചിത്രത്തിലാണ് അവൾ ആദ്യമായി അഭിനയിച്ചിട്ടുള്ളത്.

കൃശഗാത്രയായ ഈ സുന്ദരി ആഫ്രിക്കയിൽ നയിറോബിയിലാണ് ജനിച്ചത് 22 വയസ്സു പ്രായമുണ്ട്. ആഫ്രിക്കയിൽ കുറച്ചുകാലം പഠിച്ചശേഷം ലാഹോറിൽവന്നു ബി എ, യ്ക്കുപഠിക്കുമ്പോഴാണ് വിവാഹിതയായത്. വൻമല ബി. എ, ബി ഠി. "സിക്കന്ദർ" എന്ന ചിത്രത്തിൽ അഭിനയിച്ച കണ്ടുമുതല്ലാണ് സിനിമയിൽ അഭിനയിക്കുന്നതിനുള്ള അഭിനിവേശം രൂപായ്ക്കുണ്ടായത്. ഒൻപതു വർഷങ്ങൾക്കുശേഷം ആ ആഗ്രഹം സഫലമായിത്തീർന്നിരിക്കുന്നു.

പ്രഥമദിവസത്തെ അഭിനയത്തിനുശേഷം അവൾ പറഞ്ഞത്, അവളെ പാണ്ഡവം, മേക്കപ്പും ക്യാമറായും ഭയപ്പെടുത്തിയില്ലെന്നാണ് വിവാഹിതകളായ കലാനൈപുണികൾ സിനിമയിൽ അഭിനയിക്കണമെന്നാണ് അവളുടെ അഭിപ്രായം. വിലകൂടിയ വസ്ത്രങ്ങളും, അവൾക്കു പ്രിയതരങ്ങളാണ്. അതുപോലെ നല്ല ഒരു പാചകവിദഗ്ധയാണെന്നുള്ളതിൽ അവൾ അഭിമാനം കൊള്ളുന്നു ചിത്രങ്ങളെപ്പറ്റി അവൾ പറഞ്ഞതു കഥ നന്നായിരുന്നെങ്കിൽമാത്രമേ, നടന്മാർക്ക് ശരിയായി അഭിനയിക്കുവാനും ചിത്രം പൊതുവേ നന്നാകുവാനും സാധിക്കുകയുള്ളുവെന്നാണ് "ഷഹീദ്" ആണ് അവൾക്കു വളരെ ഇഷ്ടപ്പെട്ട ചിത്രം കാമിനികൗശൽ, ദിലീപ്കുമാർ, ചന്ദ്രമോഹൻ മുതലായവരാണ് അവളുടെ പ്രിയപ്പെട്ട സിനിമാതാരങ്ങൾ. ഒരു ചരിത്രകഥയിൽ നായികയായി അഭിനയിക്കണമെന്നുള്ളതാണ് അവളുടെ ആഗ്രഹം.

ഈ ആഴ്ചയിലത്തെ ചിത്രം

"ഹം ഏക് ഹെ" "ശേണായി" തുടങ്ങിയ ചിത്രങ്ങളുടെ നിർമ്മിതിയ്ക്കുശേഷം സന്തോഷി സുന്ദരനായ ഒരു കഥാകൃത്തും സംഗീതരചയിതാവും, ഡയറക്ടർത്രയമായി കരുതപ്പെട്ട പോന്നിരുന്നു. പക്ഷേ സന്തോഷിയും മ്യൂസിക് ഡയറക്ടർ സി. രാമചന്ദ്രയുംകൂടി നിർമ്മിച്ചിട്ടുള്ള "സംഗീത" എന്ന ചിത്രം തികച്ചും നിരാശാജനകമാണ്. ഗ്രാമീണനായ ഒരു കവി ഒരു സിനിമാതാരത്തിൽ അ

റ്റി. ജി. രവീന്ദ്രൻ, പെരുമ്പാവൂർ.

തൊഴിലാളിക്കും മുതലാളിക്കും മതഭ്രാന്തനും, കരിഞ്ചന്തരക്കാരനും അവരവരുടെ സ്വന്തമായി പത്രങ്ങൾതുടങ്ങാമെങ്കിൽ, എന്തുകൊണ്ട് കേരളത്തിലെ മദ്യപാനികൾക്കു അവരവരുടെ അവകാശവാദത്തിനുവേണ്ടി ഒരു പത്രം തുടങ്ങാൻ പാടില്ല. അവരുടെ അവകാശങ്ങൾക്കുവെണ്ടി "കുടിയൻ" എന്നൊരു മാസിക ഞാൻ തുടങ്ങുകയാണെങ്കിൽ താങ്കളുടെ അഭിപ്രായമെന്താണ്?

എല്ലാവരെയുംപോലെ നിങ്ങളും നിങ്ങളുടെ മദ്യലികാവകാശം സംരക്ഷിക്കുന്നതിൽ തെറ്റില്ല.

കൃഷ്ണൻ. ഏ. ജി. ആലപ്പുഴ.

വിവാഹമണ്ഡപത്തിൽ ഇരിക്കുന്ന ഒരു വധുവിന്റെ വികാരങ്ങൾ എന്തെല്ലാം ആയിരിക്കും?

വിവാഹം കഴിക്കുന്ന പുരുഷനെ ആശ്രയിച്ചിരിക്കും വികാരങ്ങൾ.

കുമാർ, അഞ്ചുതെങ്ങ്.

തൊഴിലാളികൾക്കുവേണ്ടി പ്രവർത്തനം നടത്തുന്ന ഒരു മുതലാളിയുടെ മകനു ആഹാരംകൊടുക്കാതെ അടിച്ചു പുറത്താക്കിയതിനുശേഷം താങ്കളെ അയൽപ്രാപിച്ചാൽ താങ്കൾ അവനു എന്തുനൽകും?

അവന്റെ പ്രവർത്തനം തുടരാനുള്ള രംഗം കാണിച്ചുകൊടുക്കും.

കെ. എൻ. സത്യൻ, കോട്ടപ്പുറം.


ഭർത്താവില്ലാത്ത സ്ത്രീയെ പ്രധാനമന്ത്രിയോടു് ഉപമിക്കാമെങ്കിൽ ഭാര്യ ഇല്ലാത്ത താങ്കളെ എന്തിനോടു ഉപമിക്കാം?

റിക്ഷായില്ലാത്ത റിക്ഷാക്കാരനോടു്.

സമ്മാനം

ഈ ആഴ്ചയിലെ സമ്മാനം റ്റി. ജി. രവീന്ദ്രൻ, പെരുമ്പാവൂരിനു നൽകുന്നു.

തുടർച്ച പേജ്—



സ്വപ്നസാമ്രാജ്യങ്ങൾ തകരുന്നു

[കെ. എ. അബ്ബാസ്]

കമ്മ്യൂണിസ്റ്റാക്രമണത്തെ ഭേദിച്ചാർ ടിബറ്റിലേയ്ക്കു കടക്കുകയും നിപ്പാളിൽ ആഭ്യന്തരയുദ്ധം ആരംഭിക്കുകയും ചെയ്തതോടുകൂടി കാറ തിരിഞ്ഞുനിന്ന മനുഷ്യനുമായി ബന്ധമില്ലാത്ത മേഘങ്ങളോട് സല്ലപിച്ചു കഴിഞ്ഞ രണ്ടു സ്വപ്ന സാമ്രാജ്യങ്ങളുടെ അടിസ്ഥാനവും ആട്ടിയുടച്ചി യിരിക്കുകയാണ്. ചൈതന്യവും തീക്ഷ്ണതയുമുള്ള ആൾക്കൂട്ടങ്ങളുടെ അപ്രതിഹതമായ മുന്നേറ്റം തടയുവാൻ ലോകത്തിലെ ഏറ്റവും ഉന്നതങ്ങളായ പർവ്വതശിഖരങ്ങളുടെ ഇടയിൽ ഒതുങ്ങിനിന്ന ഈ രണ്ട് യാഥാസ്ഥിതിക ഹിമാലയൻ രാജ്യങ്ങൾക്കും കഴിഞ്ഞില്ല. കാറ തിരിഞ്ഞുനിന്ന ഈ പരദീസകളുടെ മുകളിൽ പെട്ടെന്നു ഒരു പുതിയ പ്രകാശം പുതിയ ചിന്താഗതികൾ ആവിഷ്കരിച്ചുകൊണ്ട് പ്രസരിച്ചു. നൂതനമായ ഈ മുന്നേറ്റത്തിന്റെ ആഘാതമേറ്റ് ഹിമാലയാപർവ്വതംപോലും നടുങ്ങിയിരിക്കണം. ഇപ്പോൾ ഈ രണ്ടു രാജ്യങ്ങളിലുണ്ടായിരിക്കുന്ന സംഭവവികാസങ്ങൾ റോമാൻറിസ്റ്റിസിസ്റ്റുമായ എസ്കേപിസ്റ്റുമായ സാഹിത്യകാരന്മാർക്കു ഭൂമിയിൽ കണ്ടെത്താൻ കഴിഞ്ഞ പരദീസാ അനേകായിരം വർഷക്കാലമായി പട്ടിണിയിലും പരാധീനതയിലും കഴിഞ്ഞ ഒരു ജനസമുദായത്തെ ആത്തിരാത്ത അധികാരികളാണ് അമർത്തിവച്ചിരുന്ന ചിത്രമാണെന്നു വീണ്ടും പുറത്തുകൊണ്ടുവരുന്നു, എത്ര നിർഭാഗ്യമായാണ് ഭൂമിയിലുള്ള ഈ തിളങ്ങുന്ന ദീപികകളെയും ഇവരുടെ ലോകപരദീസായേയുംപറ്റിയുള്ള ചിത്രങ്ങളും യഥാർത്ഥ്യത്തിന്റെ കഠോരകഠിനം കൊത്തിക്കീറുന്നത്.

കവികൾ കാഷ്മീരിനെപ്പറ്റി പാടി "ഭൂമിയിൽ ഒരു പരദീസായുണ്ടെങ്കിൽ അതു് ഇവിടെയാണ്", അതിവിടെയാണോ" എന്നു് ഷേക്സ്പിയർ ചോദിച്ചു. നേപ്പാളിനെപ്പറ്റി പാടിയിട്ടുള്ള കവികളും ഇതുപോലെ തന്നെയാണ്. കാഷ്മീരിനെപ്പോലെ നേപ്പാളും ഒരു കൃത്രിമവും അസാധാരണവുമായ ഈ കഥയിൽ നടിച്ച നിഗൂഢം, ശൃംഗാരം അവരുടെ അഭിനയത്തിൽ വളരെ പരാജയപ്പെട്ടു പോയിട്ടുണ്ടെങ്കിൽ അതിൽ അതിശയിക്കാനില്ല. ഗോപം, യാഷ്ടിബും സുപ്രസിദ്ധ നർത്തകരായ മുംതാസ് അലിയും, സുരയ്യാ ചൗധരിയും, വിശ്രുതകാലാകാരന്മാരായ പ്രാണും, രാംസിങ്ങും ഉണ്ടായിരുന്നിട്ടുപോലും ഈ ചിത്രം നന്നായിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ, "സംഗീത" എന്ന ചിത്രത്തോടും ഇതു രസാത്മകമായ ഒരു ചിത്രം നിർമ്മിക്കപ്പെട്ടിട്ടില്ല.

ശാന്താറാമിന്റെ പുത്രി

ശാന്താറാമിന്റെ കുടുംബം മുന്നൂറ്റാണ്ടായി സിനിമാവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. സഹോദരൻ മി. അവധൂത് ഒരു കുന്നാംതലമുറ പടമെടുപ്പുകാരനാണ്; മറ്റൊരു സഹോദരനായ മി. കുങ്കുമാഗൻ മദ്ധ്യഭാരതത്തിലും മദ്ധ്യപ്രദേശത്തുള്ള തിരുവനന്തപുരത്തെ ഏറ്റവും കേമന്മാരായ നടീനടന്മാരുടെ ഉടമസ്ഥനാണ്. ഭാര്യ ജയശ്രീ വിശ്രുതയായ ഒരു താരമാണല്ലോ.

ശാന്താറാമിന്റെ മൂത്ത പുത്രനായ കുമാർ 'ഉഷേജി'ന്റെ നിർമ്മാണത്തിനുശേഷം അദ്ദേഹത്തിന്റെ അസിസ്റ്റന്റായി ജോലിചെയ്തുവരികയാണ്. ഇപ്പോൾ അദ്ദേഹത്തിന്റെ മൂത്തപുത്രി ബേബി "പർച്ചൈയ്ൻ" എന്ന ഒരു ചിത്രത്തിൽ അഭിനയിക്കുന്നതാണ്. ആറു വർഷത്തിനു മുമ്പ് "പ്രഭാത് പി അപ്നാ ദേശ്" എന്ന ചിത്രത്തിൽ നൃത്തംചെയ്ത് അവർക്ക് സിനിമാനടനവുമായി പരിചയം സിദ്ധിച്ചിട്ടുണ്ട്. "അപ്നാദേശ്" "ദേഹേജ്" എന്നീ ചിത്രങ്ങളിലും അവർ നൃത്തം ചെയ്തിട്ടുണ്ട്. കാഴ്ചയിൽ ജയശ്രീയേക്കാൾ സുമുഖിയും ദീർഘകായയുമായ അവർ നല്ലവണ്ണം ഇംഗ്ലീഷ് സംസാരിക്കും. "പർച്ചൈയിൻ" എന്ന ചിത്രത്തിൽ ഒരു പ്രധാന ഭാഗമായിരിക്കും അവർ അഭിനയിക്കുന്നത്. മീനാക്ഷി, സുരേന്ദൻ, ലളിതപവ്വർ, വസന്തി മുതലായവരാണ് മറ്റു താരങ്ങൾ.

മലയാളചിത്രങ്ങൾ

മദ്രാസ് ശ്രീകൃഷ്ണാപ്രൊഡക്ഷൻസ് (ചന്ദ്രികയുടെ നിർമ്മാതാക്കൾ) "തുഗ്ലസീമ" എന്ന ഒരു പുതിയ മലയാളചിത്രത്തിന്റെ നിർമ്മാണം സംബന്ധിച്ച പ്രാരംഭനടപടികളാരംഭിച്ചിരിക്കുന്നു. ശ്രീ കെ. ബാലകൃഷ്ണനാണ് കഥയും സംഭാഷണവുമെഴുതുന്നത്. ശ്രീ. വി. നാഗയ്യാ ചിത്രം ഡയറക്ട് ചെയ്യുന്നതും സംഗീതത്തിന്റെ മേൽനോട്ടം വഹിക്കുന്നതുമാണ്. ശ്രീ. സി. എം. പരമേശ്വരൻപിള്ള ഈ ചിത്രത്തിന്റെ പ്രധാനഭാഗം അഭിനയിക്കുന്നതാണെന്നറിയുന്നു. ചിത്രം മദ്രാസിൽ നിർമ്മിക്കുന്നതാണ്. ഇതേ കമ്പനിക്കാർതന്നെ കല്യാണിയുടെ "കാഞ്ചനസീത" എന്ന സുപ്രസിദ്ധ നോവൽ ഒരു തമിഴ് ചലച്ചിത്രമായെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

നവലോകം

കോട്ടയത്തെ പാപ്പുലർ പ്രൊഡക്ഷൻസ് ശ്രീ. പൊൻകുന്നം വർക്കിയുടെ "നവലോകം" എന്ന മലയാള ചിത്രത്തിന്റെ നിർമ്മാണം ആലപ്പുഴ ഉദയാസ്റ്റുഡിയോയിൽ ആരംഭിച്ചിരിക്കുന്നു. ശ്രീ. എ വി. ജോർജാണ് ചിത്രത്തിന്റെ നിർമ്മാണ പരിപാടികളും ഉൽഘാടനം ചെയ്തത്. തിക്കുറിശ്ശി ഈ ചിത്രത്തിൽ ഒരു പ്രധാനഭാഗം അഭിനയിക്കുന്നു.

പേച്ചി

സേലം രത്നാസ്റ്റുഡിയോയിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കൈലാസ് ചിക്കുഴ്സിന്റെ "പേച്ചി" എന്ന ചിത്രത്തിന്റെ നിർമ്മാണം മിക്കവാറും പൂർത്തിയായിരിക്കുന്നതായറിയുന്നു. കുമാരി, കൊട്ടാരക്കര ശ്രീധരൻനായർ മുതൽപേർ ഈ ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്.

ജീവിതനൗക

കെ ആൻഡ് കെ പ്രൊഡക്ഷൻസിന്റെ "ജീവിതനൗക" എന്ന ചിത്രത്തിന്റെ നിർമ്മാണം ആലപ്പുഴ ഉദയാസ്റ്റുഡിയോയിൽ മിക്കവാറും പൂർത്തിയായിരിക്കുന്നതായറിയുന്നു. മുതുകുളം രാഘവൻപിള്ളയാണ് ഈ ചിത്രത്തിന്റെ കഥ എഴുതിയിട്ടുള്ളത്. തിക്കുറിശ്ശി ഇതിൽ ഒരു പ്രധാനഭാഗം അഭിനയിക്കുന്നുണ്ട്.

വിനമാല.

വി ആൻഡ് സി പ്രൊഡക്ഷൻസിന്റെ "വനമാല" എന്ന ഒരു മലയാളചിത്രത്തിന്റെ ഗാനങ്ങളെല്ലാം റിക്കാർഡുചെയ്തുകഴിഞ്ഞിരിക്കുന്നു. വിശ്വനാഥനാണ് ഈ ചിത്രം ഡയറക്ട് ചെയ്യുന്നത്.

ക്ക് അബ്ദുള്ളയുടെ ജനകീയ മുന്നേറ്റപ്രസ്ഥാനം കൃഷിവലരേയും ആട്ടിടയന്മാരെയും പ്രമുഖരാക്കി അവരുടെ പട്ടിണിയും അവരുടെ മേൽ നടത്തുന്ന ചൂഷണവും പ്രത്യക്ഷമാക്കിക്കൊണ്ടുവരുന്ന ഇവരെ ഈ പരദേശിസാഹചര്യങ്ങളാകാം തുടർന്നുകൊണ്ടേയിരുന്നു. റോമൻറിക് സാഹചര്യത്തിൽനിന്നു കാഷ്മീരിനെ താഴ്ത്തിക്കി അസുഖകരങ്ങളായ ജീവിതസത്യങ്ങളുടെ ചിത്രം വ്യക്തമാക്കുവാൻ കാഷ്മീരിൻറെ നേരെ നടന്ന പാകിസ്ഥാൻ ആക്രമണവും സഹായിച്ചു.

പാസഫിക്കിലുള്ള ഹവായി തുടങ്ങിയ "ചുരുടി സാദേശികം" പഞ്ചസാര രാജാക്കന്മാരുടേയും വാൾസ്ട്രീറ്റ് മുതലാളികളുടേയും ഇടതടവില്ലാത്ത ചൂഷണരംഗങ്ങളാണെന്നും നിത്യേന വികസിച്ചുകൊണ്ടിരിക്കുന്ന അമേരിക്കൻ സേനയുടെ യുദ്ധത്താവളങ്ങളാണെന്നും വളരെ മുമ്പ തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്.

ദക്ഷിണസമുദ്രത്തിലെ ബാലി, ജാവാ, സുമാത്ര തുടങ്ങിയ മനോഹരങ്ങളായ ദ്വീപുകളും ഇന്നലെവരെ ഡച്ച് ഇമ്പീരിയലിസത്തിൻറെ ആസ്ഥാനവും പരദേശിക കലാബോധത്തിൻറെ മുദ്രിതമാതൃകകളുംപോലെ വിളങ്ങുന്ന ദേവാലയങ്ങളുടെ ഇരിപ്പിടവും ശബളാത്മകമായ വേഷവിധാനങ്ങളും അണിഞ്ഞ നർത്തകവൃന്ദത്തിൻറെ വിലാസരംഗങ്ങളുമായിരുന്നു. നർത്തകികളുടെ പാദവിന്യാസത്തിൻറെ നികഷണം ഇൻഡോനേഷ്യൻ സ്വാതന്ത്ര്യസമരത്തിൻറെ ആയുധമേന്തിയ "ഗമർദേകാ" വിപ്ലവധ്വനിയിൽ മുങ്ങിപ്പോയി.

"അന്നയും സയാംരാജാവും" എന്ന പുസ്തകത്തിലെ ചിന്താപ്പകിട്ട് വരച്ച ചിത്രങ്ങളും ഇന്ന് വിപ്ലവകരമായ ഒരു ജനകീയ മുന്നേറ്റത്തിൻറെ തിരശ്ശീലയായി മാറിയിരിക്കുന്നു. മലയാളിയിലെ പ്രകൃതിമനോഹരങ്ങളായ പച്ചക്കാടുകളിൽ ഇന്ന് ചെമ്പടയുടെ ഗർജ്ജനം മുഴങ്ങുന്നു. ഹോ-ചി-മീൻറെ വിപ്ലവകാരികളും ഇൻഡോചൈനയുടെ വിശ്രുതമായ "മാനവപത്രത്തിൽ" കൈവച്ചിരിക്കുകയാണ്.

പഴയ അമേരിക്കൻ കാലുകളും കാടിക്കൊണ്ടിരിക്കുന്ന പൊടിനിറഞ്ഞ ഒരു പട്ടണമാണ് ബാഗ്ദാദ്. ഹാരിവുഡ്ഡിൻറെ അറേബ്യൻനൈറ്റിൽ കാണുന്ന കണ്ണഞ്ചിപ്പിക്കുന്ന ശബളിമയൊന്നും അവിടെയില്ല. ലോകംപുററി ഓടുന്ന വിമാനങ്ങളും പിരമിഡ്ഡുകളും മകളിൽ തങ്ങിനിന്നിരുന്ന നിതാന്തമായ നിശബ്ദതയ്ക്കു ഭംഗം വരുത്തുന്നു. നാട്ടിലെ മലവർഗ്ഗത്തിൻറെ കേളിയാട്ടത്തിന് ആഫ്രിക്കൻ വനങ്ങളിൽ മുഴങ്ങിയിരുന്ന ചെണ്ടകൊട്ട് ഇന്ന് ആട്ടവും കൂത്തും നടത്തുവാനല്ല വെള്ളക്കാരൻറെ ഇമ്പീരിയലിസം ചെറുക്കുവാൻ കൂടുന്ന രാഷ്ട്രീയ സമ്മേളനത്തിൻറെ നോട്ടീസ് പ്രചരിപ്പിക്കുവാൻ ആണ് മുഴങ്ങുന്നത്.

വിചിത്രനാമധേയങ്ങളും, ലോകത്തിലെ അജ്ഞാതമായ കോണുകളെപ്പറ്റിയുള്ള റൊമാൻറിക്ക് ഭാവനകളും ലോകം കടഞ്ഞെടുത്തുകൊണ്ടിരിക്കുകയാണ്. അതേ വേഗത്തിൽ ജനകീയമുന്നേറ്റം ഇംപീരിയലിസത്തിൻറെ നെടുംകോട്ടകളും തകർത്തുകൊണ്ടിരിക്കുന്നു. ഒരു ജനസമുദായത്തിൻറെ ആചാരങ്ങളെയും മര്യാദകളേയും പറ്റിയുള്ള രക്ഷാകർത്തൃതമനോഭാവം നിറഞ്ഞ കല്പനകളും അവരുടെ "ബാലിശതയെ"ത്തെപ്പറ്റി ലോകത്തിനു തെറ്റിദ്ധാരണ ഉണ്ടാക്കുവാനും അവരെ ആക്രമിച്ച മൃഗീയരായ വെള്ളക്കാരെ സംസ്കാരത്തിൻറെ ദീപസ്തംഭങ്ങളായി പ്രതിഷ്ഠിക്കുവാനും നാട്ടുകാർ സ്വയംഭരണത്തിനു് അയോഗ്യരാണെന്നു് വരുത്തിക്കൂട്ടുവാനും ആവശ്യമായിരുന്നു.

ജെയിംസ് ഹിൽട്ടൻ എന്ന വിശ്രുതനായ സാഹിത്യകാരൻറെ "Lost Horizon" എന്ന നോവലിനു് പശ്ചാത്തലമായി ഗ്രന്ഥകാരൻ തെരഞ്ഞെടുത്തതു് ടിബറാണു്. ടിബറിനെപ്പറ്റി ലോകത്തിനായാവുന്നതു് ഏറക്കുറെ ആ നോവൽ തന്നെയാണു്. ഹിൽട്ടൻറെ "ഷാംഗ്രിലാ" എന്ന മനോഹരമായ കലാസൃഷ്ടി സമാധാനവും ശാന്തിയും നിറഞ്ഞ ഒരു വിശ്രമകേന്ദ്രത്തിൻറെ പര്യായംപോലും ആയിത്തീർന്നിട്ടുണ്ട്. ലോകത്തിലെ ഏറ്റവും ശാന്തതനിറഞ്ഞ പ്രദേശമായി ഹിൽട്ടൺ ചിത്രീകരിച്ച ടിബറിൻറെ ചിത്രം ഇരുപതു വർഷംകൊണ്ടു് എത്രയേറെ മാറിപ്പോയിരിക്കുന്നു. പ്രസ്തുത പുസ്തകത്തിൽ ഒരു ഭാഗത്തു് ഹെഹലാമാ ഇപ്രകാരം പറയുന്നു:—"ഒരു ശത്രുസൈന്യത്തിൻറെ ആക്രമണം ഭയപ്പെടേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. ഈ രാജ്യത്തിൻറെ കിടപ്പും വിസ്തൃതിയും കൊണ്ടാൽ ഒരിക്കലും അതു് സാധ്യവുമല്ല. അങ്ങേയറ്റം പ്രതീക്ഷിക്കാവുന്നതു് കുറെ വഴിതിരിഞ്ഞ യാത്രക്കാരെയാണു്. അവരുടെ കയ്യിൽ ആയുധമുണ്ടായിരുന്നാലും അതു് ഒരാപത്തായി രൂപാന്തരപ്പെടുകയില്ല."

1933 - ലാണു് ഇതു് എഴുതിയതു്. 1950-ൽ ഒരു പട്ടാളം മുഴുവൻ ടിബറിലേക്കു മാർച്ചു ചെയ്തിരിക്കുന്നു.!!

ചൈനീസ് അക്രമണത്തിനു് ഇന്നോ ഇന്നലെയോ ഉണ്ടായ കാരണങ്ങളും എന്തുതന്നെയായിരുന്നാലും ചൈനയും ടിബറുമായുള്ള ശരിയായ ബന്ധം എങ്ങനെ തീരുമാനിക്കപ്പെട്ടാലും അതു് ചൈനയുടെ പരമാധികാരമോ ടിബറിൻറെ സ്വയംഭരണാവകാശമോ ആയിക്കൊള്ളട്ടെ, ഇല്ലെങ്കിൽ രണ്ടുമാകട്ടെ ഒരു കാര്യം തീർച്ചയാണു്. ലോകത്തിൽനിന്നും ഒറ്റപ്പെട്ട ടിബറിൻറെ കാറതിരിഞ്ഞുള്ള ജീവിതം അവസാനിച്ചിരിക്കുന്നു. "ലോകത്തിൻറെ മേൽക്കൂര" ലോകത്തിൻറെ ഒരു ഭാഗമായിത്തീർന്നിരിക്കുന്നു. ഭൂമിയുമായാണു് വിട്ടുരമായ ആകാശവുമായല്ല ടിബറിൻറെ ഇനിയുള്ള ബന്ധം. പുതിയ ചിന്താഗതികളും വിമാനങ്ങളും ടിബറിൻറെ നിഗൂഢമായ ശ്രീകോവിലുകൾക്കുള്ളിലേക്കു കടക്കുവാൻ പോകുകയാണു്. ഹിൽട്ടൻറെ ഷാംഗ്രിലായിലേക്കും ഈ ചിന്താഗതി കടക്കാതെ തരമില്ല.

ലോകത്തിൽ അവശേഷിച്ചിട്ടുള്ള ഏകപരദേശമായിലേക്കു മാത്സര്യങ്ങളും കലാപങ്ങളും നിറഞ്ഞടുതികലോകത്തിൻറെ നേരില്ലായ്മകളും പരത്തുന്ന നിർഭാഗ്യകരമായ സംഭവങ്ങളായി ഈ പുതിയ കാര്യങ്ങളും റൊമാൻറിസ്റ്റുകൾക്കു തോന്നിയേക്കാം. പക്ഷേ ഷാംഗ്രിലാകൾക്കും അവിടെ പ്രചരിച്ചിരുന്ന പഴഞ്ചൊല്ലുകൾക്കും സഹിഷ്ണുതയുടെ തത്വചിന്തകൾക്കുമിടയിൽ സത്യത്തിനും ശാസ്ത്രത്തിനും വിരുദ്ധമായ ഒരു മതാധിഷ്ഠിത രാഷ്ട്രം നിലനിന്നിരുന്നു എന്നമാത്രമല്ല അവിടത്തെ ജനങ്ങളും ഭൂതികമായതെല്ലാം മിഥ്യയാണെന്ന വാദത്തിനുള്ളിൽ അമേരിക്കൻ നിരന്തരമായ മർദ്ദനത്തിനും ചൂഷണത്തിനും വിധേയരായുമിരുന്നു.

ലാസ്റ്റർ ഹൊറൈസനിൽ ഹിൽട്ടൻ ചിത്രീകരിച്ചിരിക്കുന്നപോലെ ആത്മീയച്ഛായയുള്ള ഒരു പ്രാകൃത കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ കഴിയുന്ന സംതൃപ്തരായ ജനങ്ങളല്ല ടിബറിലെ ജനങ്ങളും. ചില ലോലയങ്ങളെങ്കിലും അഴിമതിയുടെ കൂടുകളായിരുന്ന ചില ലാമാ മാരെങ്കിലും ചൂഷകവർഗ്ഗത്തിൻറെ ഏജൻറുമാരായിരുന്ന ചിലരെങ്കിലും ചൂഷകർത്തന്നെയുമായിരുന്നു. നൂറാണ്ടുകളായി ബ്രിട്ടീഷ് ഇമ്പീരിയലിസത്തിൻറെ പ്രേരണാശക്തി അവിടെ നിലനിന്നുപോന്നിരുന്ന ഇൻഡ്യയിലെ ബ്രിട്ടീഷ് സാമ്രാജ്യത്തിൻറെ അതിർത്തിദേശത്തെ കാവൽപ്പുരയായാണ് ടിബറ് കരുതപ്പെട്ടിരുന്നതു്. കമ്മ്യൂണിസം ലോകത്തിനു പൊതുവെ സഹകാരുമോ അസഹകാരുമൊന്നുമായ ഒരു രാഷ്ട്രീയ സാമ്പത്തിക ഘടനയായിരിക്കാം. പക്ഷേ കമ്മ്യൂണിസം ഇംപീരിയലിസ്റ്റും ഫ്യൂഡലിസ്റ്റുമായ ഭൂതപ്രേതങ്ങളിൽനിന്നു് ചൈനയെ രക്ഷിച്ചു എന്നും ചുവപ്പുചൈന ഗതിവേഗത്തിൽ പുരോഗതിയിലേക്കു കുതിച്ചുപായുന്നുണ്ടെന്നുമുള്ളവസ്തുതകൾ നിഷേധിക്കാവുന്നതല്ല. ടിബറിൻറെ മേലുള്ള ചൈനയുടെ പരമാധികാരം പ്രാകൃതമായ അന്ധവിശ്വാസങ്ങളുടെ മയക്കത്തിൽ കിടക്കുന്ന ടിബറൻ ജനതയ്ക്കു് അവയിൽ നിന്നു് മോചനം നൽകി ഒരു പുതിയ ജീവനും ചൈതന്യവും നൽകി ഉറങ്ങിക്കിടക്കുന്ന ആ ജനതയുടെ സംസ്കാരികവും സാമ്പത്തികവുമായനില അഭിവൃദ്ധിപ്പെടുത്തുന്നുമെന്നതീർച്ചയാണ്. ഒരു ദിവസം രണ്ടുനേരത്തെ ആഹാരം ലഭിക്കുന്നതും എഴുത്തും വായനയും പഠിക്കുന്നതും തങ്ങളുടെ സമ്മതിദായാവകാശം സമ്മതിക്കുന്നതും ബാഹ്യലോകവുമായി ബന്ധം പുലർത്തുന്നതും ഒറ്റതിരിഞ്ഞു് ലോകത്തിൻറെ മേൽക്കൂരയിൽ അയഥാർത്ഥമായ ഒരു സ്വപ്ന സാമ്രാജ്യത്തിൽ ജീവിക്കുന്ന എന്ന ബാഹ്യമതിയെക്കാൾ തീർച്ചയായും മെച്ചപ്പെട്ടതുതന്നെയാണ്.

———

"സഖാവ്"

[മാക്സിം ഗോർക്കിയുടെ അതിമനോഹരമായ ഒരു ലേഖനമാണ് താഴെ ചേർക്കുന്നത്.

വിവ: കെ. ബാലകൃഷ്ണൻ]

ഈ പട്ടണത്തിൽ സകലതും അസാധാരണവും ഏർമ്മഹവും ആയിരുന്നു. ഇവിടെ പല പള്ളികളും ഉണ്ടായിരുന്നവയുടെ വിവിധവർണ്ണത്തിലുള്ള കപ്പേളകളും ആകാശവീഥിയിലേക്ക് ഉയർന്നിരുന്നു. എന്നാൽ ഫാക്ടറികളുടെ ഭീതികളും, പുകക്കുഴലുകളും മണിഗോപുരങ്ങൾക്കും മേലായി കപ്പുങ്ങിനിന്നു. വ്യവസായസ്ഥാപനങ്ങളുടെ മാരിച്ച ബഹിർമുഖങ്ങൾമൂലം മറഞ്ഞ പള്ളികളും, കോടിയും ചവറും കൂമ്പൽകൂടി, അതിനിടയിൽ വിടർന്ന വിചിത്രപുഷ്പങ്ങൾപോലെ, കൗമതിലുകളുടെ നിർജ്ജീവമായ ഗഹനതയിൽ മുങ്ങിക്കിടന്നു. പള്ളിമണികളും പ്രാർത്ഥനാസമയം സൂചിപ്പിക്കുന്നോരും, അവയുടെ ലോഹമയമായനാദംമേൽക്കൂരകളിലെ ഇരുമ്പിൽ പതിച്ച്, ഭവനങ്ങൾക്ക് മധ്യേയുള്ള ഇടുങ്ങിയ ഇടനാഴികൾക്കിടയിൽ ലയിച്ചു.

കെട്ടിടങ്ങളും ഭീമങ്ങളും, ഇടയ്ക്കിടെ രമുങ്ങളും എന്നാൽ ജനങ്ങൾ വൃത്തിഹീനരും എപ്പോഴും നിസ്സാരരും ആയിരുന്നു. പ്രഭാതം മുതൽ രാത്രിവരെ അവർ ചാരനിറമുള്ള ചുണ്ടെലികളെപ്പോലെ തിരക്കുകൂട്ടുകയും, പട്ടണത്തിലെ ഇടുങ്ങിവളഞ്ഞ തെരുവുകളിൽ കൂടി ഉദ്വിഗ്നത്തിൽ സഞ്ചരിച്ച് അത്യാർത്തിപൂണ്ട കണ്ണുകളോടെ ചിലർ ജീവസന്ധാരണത്തിനും, മറ്റു ചിലർ വിനോദത്തിനുംവേണ്ടിയുള്ള മാർഗ്ഗം അന്വേഷിക്കുകയും ചെയ്തു. പിന്നെയും ചിലർ കവലകളിൽ നിലയുറപ്പിച്ച്, അശക്തന്മാരുടെ മേൽ, അവർ വിനീതരായി ശക്തന്മാർക്ക് വഴങ്ങിക്കൊടുക്കുന്നുണ്ടോ എന്നറിയാൻ സൂക്ഷ്മദൃഷ്ടികളും ശത്രുതയോടെ പതിച്ചിരുന്നു. ശക്തർ ധനികരായിരുന്നു. പണം മാത്രമാണ് മനുഷ്യന് അധികാരവും, സ്വാതന്ത്ര്യവും നൽകിയതെന്ന് സകലരും വിശ്വസിച്ചു. അവരെല്ലാം അധികാരം മോഹിച്ചും എന്തുകൊണ്ടെന്നാൽ, എല്ലാവരും അടിമകളായിരുന്നു. ധനികരുടെ ആഡംബരങ്ങളും പാവപ്പെട്ടവരുടെ അസൂയയേയും വിദ്വേഷത്തേയും ഇളക്കി അവർക്കാകെ സപ്പന്നത്തിന്റെ കിലുക്കത്തേക്കാൾ മധുരമായ സംഗീതം ഉണ്ടായിരുന്നില്ല. അതിനാൽ ഏതൊരുവനും മറ്റൊരുവന്റെ ശത്രുവായിരുന്നു. സകലരും ക്രൂരതയാൽ ഭരിക്കപ്പെട്ടവരും ആയിരുന്നു.

ചിലപ്പോൾ ആ പട്ടണത്തിലും സൂര്യൻ പ്രകാശിച്ചു. പക്ഷേ ജീവിതം എപ്പോഴും ഇരുണ്ട്, ജനങ്ങൾ നിഴലുകൾപോലിരുന്ന രാത്രിയിൽ അവർ പ്രകാശത്തിനുള്ള ലക്ഷ്യം ദീപങ്ങൾ കൊളുത്തി. പക്ഷേ, അപ്പോഴേയ്ക്കും വിശന്ന സ്ത്രീകൾ പണത്തിനുവേണ്ടി തങ്ങളുടെ ആശ്ലേഷങ്ങൾ വിൽപ്പാൻ തെരുവുകളിലേയ്ക്ക് വരികയായി. വിവിധതരത്തിലുള്ള വിലകൂടിയ ഭക്ഷണസാധനങ്ങളുടെ മണം നാസികകളെ അസഹ്യപ്പെടുത്തുകയായി. സർവ്വത്ര, വിശന്നവലയുന്നവരുടെ വാദോഷം നിറഞ്ഞകണ്ഠകം നിശ്ശബ്ദമായി, ആത്മീയതയോടെ ജ്വലിച്ചു. വേദനമൂലം ഉച്ചത്തിൽ പുറപ്പെടാൻ അശക്തമായി, അമർത്തപ്പെട്ട ഒരു ദീനരോദനം അസ്പഷ്ടമായി ആ പട്ടണംമുഴുവൻ പ്രതിധ്വനിച്ചു.

ജീവിതം ശൂന്യവും, ഉൽക്കണ്ഠാകുലവും ആയിരുന്നു. സകല മനുഷ്യരും ശത്രുക്കളായിരുന്നു. സകല മനുഷ്യർക്കും തൊഴുപാറായിരുന്നു. പുരുഷം ചിലർക്ക് മാത്രമെ അവർ ചെയ്യുന്നതു ശരിയെന്നും തോന്നിയിരുന്നുള്ളൂ. പക്ഷേ അവർ മൃഗങ്ങളെപ്പോലെ നികൃഷ്ടരും മറെറല്ലാവരേയുംകാൾ ക്രൂരചിത്തരും ആയിരുന്നു.

എല്ലാവർക്കും ജീവിക്കണമായിരുന്നു പക്ഷേ എങ്ങനെ ജീവിക്കണം എന്നു് ആർക്കും അറിവുണ്ടായില്ല. ആർക്കും അവരുടെ അഭിലാഷങ്ങളുടെ മാർഗ്ഗം സ്വതന്ത്രമായി അനുവർത്തിക്കുവാൻ കഴിഞ്ഞില്ല. ഭാവിയിലേക്കുള്ള ഓരോ ചുവടും വർത്തമാനത്തിലേക്ക് സ്വയംഅറിയാതെ പിന്തിരിഞ്ഞൊന്നു് നോക്കുവാൻ ഹേതുവായി അതു് ബുദ്ധിക്ഷുവായ ഒരു രാക്ഷസന്റെ ശക്തവും നിഷ്ക്കരുണവുമായ കരങ്ങൾകൊണ്ടു് മനുഷ്യനെ അവന്റെ മാർഗ്ഗങ്ങളിൽ തടഞ്ഞു നിറുത്തുകയും അതിന്റെ കുട്ടിപ്പിടിക്കുന്ന ആശ്ലേഷത്തിൽ അവനെ കരുക്കുകയുംചെയ്തു.

ജീവിതത്തിന്റെ മുഖത്തു് വികൃതമായ പരിഹാസച്ചിരികണ്ടു് മനുഷ്യൻ വേദനപൂണ്ടു് കഴുങ്ങി നിസ്സഹായനായി അറച്ചു നിന്നുപോയി. ജീവിതം ദുഃഖപൂർണ്ണവും, നിസ്സഹായവുമായ നിരവധി സഹസ്രം നയനങ്ങൾകൊണ്ടു് അവന്റെ ഹൃദയത്തിൽ ഉററുനോക്കുകയും, വാക്കുകൾ കൂടാതെ അവനോടു് യാചിക്കുകയുംചെയ്തു. അതോടെ ഭാവിയുടെ പ്രകാശമേറിയ പ്രതിബിംബങ്ങൾ അവന്റെ ആത്മാവിൽ ചരമം പ്രാപിച്ചു. മനുഷ്യന്റെ ശക്തിഹീനതയുടെ ഞരക്കം ജീവിതമാകുന്ന പീഡനയന്ത്രത്തിലിട്ട് ചിത്രവധം ചെയ്യപ്പെട്ട ഹതഭാഗ്യരായ ജനങ്ങളുടെ ആത്മനാദങ്ങളുടെ സമതാരഹിതമായ കോലാഹലത്തിൽ നിമഗ്നമായി.

ശൂന്യതയും ഉൽക്കണ്ഠയും എപ്പോഴും, ഭയവിഹ്വലത ചിലപ്പോഴും ഉണ്ടായിരുന്നു. ഇരുണ്ട് മ്ലാനമായ ആ നഗരം, ദേവാലയങ്ങളെ നിർമ്മാർജ്ജനം ചെയ്ത ആക്രാന്ത ക്ഷോഭമുണ്ടാക്കുന്നവിധം വടിവൊത്ത കൽക്കൂമ്പാരങ്ങളേയുംകൂടി ഒരു ജയിൽപോലെ ജനങ്ങളെ ചുറ്റി സൂര്യരശ്മികളെ പിന്തിരിപ്പിച്ച് നിശ്ചലമായി നിലകൊണ്ടു.

ജീവിതസംഗീതം കഠിനദുഃഖത്തിന്റേയും ഉഗ്രകോപത്തിന്റേയും സമ്മിശ്രിതമായ കരാക്രന്ദനം, ഗൂഢമായ വിദ്വേഷത്തിന്റെ മൂർച്ചയേറിയ ഫുൽക്കാരം, ക്രൂരതയുടെ വിപൽസൂചകമായ ഒരു ഗർജ്ജനം, അക്രമത്തിന്റെ ഒരു ഇന്ദ്രിയാക്രോശം.

II

ദുഃഖത്തിന്റെയും നിർഭാഗ്യത്തിന്റെയും വിഷണ്ണമായ കലാപത്തിനിടയിൽ ഉരാശയുടേയും ധാരിദ്ര്യത്തിന്റെയും സന്നിപോലുള്ള പിടിമുറുക്കത്തിൽ, കരുണാർഹമായ അഹംഭാവത്തിന്റെ ചെളിക്കുണ്ടിൽ, ആ നഗരത്തിന്റെ സ്രഷ്ടാവു് സൃഷ്ടിച്ച പാവപ്പെട്ട ജനങ്ങൾ ജീവിച്ച തറനിരപ്പിനു് താഴെയുള്ള താമസസ്ഥലങ്ങൾക്കു് സമീപം ചില സപ്രഭാനദർശികൾ ഏകരായി ആരും അറിയാതെ സഞ്ചരിച്ചിരുന്നു. തിരസ്കൃതരും, അവമാനിതരും ആണെങ്കിലും മനുഷ്യനിൽ പൂർണ്ണവിശ്വാസത്തോടുകൂടി അവർ വിപ്ലവം പ്രസംഗിച്ചു. സത്യത്തിന്റെ വിശ്വരജ്വാലയുടെ വിപ്ലവകരമായ സ്ഫുലിംഗങ്ങൾ ആയിരുന്നു അവർ. ഈ കൂടിലുകളിൽ അവർ എപ്പോഴും ലഘുവും എന്നാൽ മഹത്തും ആയ ഒരു ഉപദേശത്തിന്റെ ചെറുതെങ്കിലും എപ്പോഴും ഫലവത്തായ വിത്തുകൾ രഹസ്യമായി കൊണ്ടുവന്നിരുന്നു. ചിലപ്പോൾ അവരുടെ കണ്ണുകളിൽ ഒരു തണുത്ത പ്രകാശത്തോടുകൂടി ഉഗ്രമായും, ചിലപ്പോൾ സൌമ്യമായും, സ്നേഹപൂർവ്വമായും ധനാജ്ഞനത്തിന്റെ അന്ധവും, മൂകവുമായ ആയുധങ്ങളായി മൃഗതുല്യരും ഉരാഗ്രഹികളും ആയവരുടെ ഇരുമ്പുഹൃദയങ്ങളെപ്പൊട്ടിത്തിയിരുന്ന മനുഷ്യരുടെ, അടിമമനുഷ്യരുടെ ഭാരംകൂടിയ ഹൃദയങ്ങളിൽ പ്രകാശപൂർണ്ണമായി ജ്വലിക്കുന്ന ഈ സത്യം നട്ടു.

ഈ ഇരുണ്ട ചവിട്ടിതാഴ്ത്തപ്പെട്ട ജനങ്ങൾ ഈ പുതിയ വാക്കുകളുടെ സംഗീതം, അവരുടെ ക്ഷീണഹൃദയങ്ങൾ ദീർഘകാലം അവ്യക്തമായി അഭിലഷിച്ചിരുന്ന ഒരു സംഗീതം അവിശ്വാസപൂർവ്വം ശ്രവിച്ചു. ക്രമേണ അവരുടെ ശക്തരും ഉരാഗ്രഹികളും ആയ പീഡകന്മാർ അവരെ കുരുക്കിയിട്ടിരുന്ന കൌശലപൂർവ്വമായ കുരുക്കുകളുടെ വലയിൽനിന്നും മോചനം പ്രാപിച്ച് തല ഉയർത്തി.

നിസ്നേഹമായി അമർത്തിവച്ച വിദ്വേഷംകൊണ്ടു് പൂണ്ണമായിരുന്ന അവരുടെ ജീവിതത്തിൽ, ഒട്ടുവളരെ ദ്രോഹങ്ങൾമൂലം വിഷംകലർന്ന ഹൃദയങ്ങളിൽ, ശക്തരുടെ പൊലിമയാണ് വിജ്ഞാനംകൊണ്ടു് കലങ്ങിയ ചേതസ്സുകളിൽ, അഭിമാനഭഞ്ജനത്തിന്റെ തീക്ഷ്ണതകൊണ്ടു് ക്ലേശമായ ഈ കഠിനവും, ഉരിതപൂരിതവുമായ ജീവിതത്തിൽ ഒരു ലഘുവും പ്രസന്നവുമായ പദം വലിച്ചെറിയപ്പെട്ടു.

"സഖാവു്!"

അതു് അവർക്ക് പുതുതല്ലായിരുന്നു. അവർ അതു കേട്ടിരുന്നു, അവർ തന്നെ അതു് ഉച്ചരിച്ചിരുന്നു. എന്നാൽ അതുവരെ അതിലുംപിരിയരിതങ്ങളായി ധാരാളം പ്രയോഗിക്കപ്പെട്ട

—കുമ

വയും വിസ്മരിക്കുന്നതുകൊണ്ട് യാതൊന്നും നഷ്ടം വരാത്തവയും ആയ വാക്കുകളുടെ എല്ലാം ശൂന്യവും നിർജ്ജീവവുമായ അതേ ശബ്ദം മാത്രമെ ഉണ്ടായിരുന്നുള്ള.

എന്നാൽ ഇപ്പോഴോ അതിനു് ശക്തവും, സ്ഫുടവുമായ ഒരു നൂതനരണിതം ഉണ്ടായിരുന്നു. ഒരു നൂതനാർത്ഥത്തോടെ അതു് ഗാനം ചെയ്യും ഒരു വജ്രത്തെപ്പോലെ കഠിനമായി തിളങ്ങുന്നതായി വിവിധമുഖമായി എന്തൊ ഒന്നു് അതിലുണ്ടായിരുന്നു.

അവർ അതു് സ്വീകരിച്ചു. തൊട്ടിലിൽ ആടുന്ന ശിശുവിനെ ഒരു മാതാവെന്നപോലെ അവരുടെ ഹൃദയങ്ങളിൽ അതിനെ പരിമൃദുലമായി ലാളിച്ചു് ആ പദം സൂക്ഷിച്ചു് സൌമ്യമായി ഉച്ചരിച്ചു.

ആ പദത്തിന്റെ തേജോമയമായ ആത്മാവിന്റെ ആഴത്തിലേക്കു് അവർ തുളച്ചു് കയറിതോറും അതു് അവക്കു് കൂടുതൽ പ്രകാശകരമായും, മനോഹരമായും തോന്നി.

"സഖാവു്!" എന്നു് അവർ പറഞ്ഞു

ലോകത്തെ മുഴുവനും സംയോജിപ്പിക്കുന്നതിനു് സകല മനുഷ്യരേയും സ്വാതന്ത്ര്യത്തിന്റെ ശൃംഗങ്ങളിലേക്കു ഉന്നമിപ്പിക്കുന്നതിനു്, പരസ്പര ബഹുമാനം. മനുഷ്യസ്വാതന്ത്ര്യത്തോടുള്ള ബഹുമാനം ആകുന്ന ദൃഢശൃംഖലകൊണ്ടു്, നൂതനശൃംഖലകൊണ്ടു് അവരെ ശാശ്വതമായി ബന്ധിക്കുന്നതിനു് ഈ വാക്കു് വന്നിരിക്കുന്നു എന്നു് അവക്കു തോന്നി.

അടിമകളുടെ ഹൃദയങ്ങളിൽ ഈ വാക്കു് വേരുന്നിയതോടെ അവർ അടിമകൾ അല്ലാതായിത്തീർന്നു. ഒരു ദിവസം അവർ ആ നഗരത്തോടും അതിലെ സകല പ്രബലശാലികളോടും പ്രഖ്യാപനം ചെയ്തു..... "മതിയാക്കു. നിറുത്തു!"

അതോടെ ജീവൻ നിലച്ചു. എന്തുകൊണ്ടെന്നാൽ അതിനെ ചലിപ്പിച്ച ശക്തി അവരായിരുന്നു, അവരല്ലാതെ മറ്റാരും ആയിരുന്നതുമല്ല. വെള്ളം ഒഴുകാതെ ആയി. അഗ്നികൾ ശമിച്ചു. നഗരം ഇരുട്ടിൽ മുഴുകി. ശക്തജനങ്ങൾ ശിശുക്കളെപ്പോലെ നിസ്സഹായരായി.

മർദ്ദകരുടെ ആത്മാക്കളെ ഭയം ഗ്രസിച്ചു. സ്വാതന്ത്ര്യം പുരുഷത്തിന്റെ ദുർഗ്ഗന്ധത്തിൽ ശ്വാസം മുട്ടി വിപ്ലവകാരികളോടു് അവക്കുണ്ടായ വിദ്വേഷത്തെ അവരുടെ ശക്തിയിൽ തോന്നിയ ഭയത്തിലും, വിസ്മയത്തിലും അവർ തെരിച്ചു

വിശപ്പെന്ന ദുർഭൂതം അവരെ ആവേശിച്ചു. അവരുടെ കട്ടികം ഇരുട്ടിൽ കിടന്നു് ദീനമായി നിലവിളിച്ചു.

വീടുകളും പള്ളികളും ഇരുമ്പുകൊടി, കല്ലിന്റെയും ഇരുമ്പിന്റെയും ആത്മരഹിതമായ അലംകോലത്തിൽ ആണ്ടു; മരണത്തിന്റെ മക്കടമുഷ്ടിയിൽ അത്യുത്സുകമായ ഒരു നിശ്ശബ്ദത തെരുവുകളെ അമർത്തിവച്ചു ജീവിതം നിശ്ചലമായിനിന്നു എന്തെന്നാൽ അതിനു് ജനനം നൽകിയ [illegible] പ്രതിബോധം ഉണ്ടായിക്കഴിഞ്ഞിരുന്നു. അടിമമനുഷ്യൻ അവന്റെ ഇച്ഛയെ പ്രകടമാക്കാനുള്ള ഐന്ദ്രജാലികവും അജയ്യവുമായ പടം കണ്ടെത്തിയിരുന്നു. മർദ്ദനത്തിൽനിന്നു് അവൻ സ്വയം വിമുക്തനായി. അവന്റെ സ്വാതന്ത്ര്യം ശക്തി—സ്രഷ്ടാവിന്റെശക്തി കണ്ടുകഴിഞ്ഞിരുന്നു.

ആ ദിവസങ്ങൾ ബലശാലികൾക്കു്, ജീവിതത്തിന്റെ യജമാനന്മാരെന്നു് സ്വയം വിശ്വസിച്ചിരുന്നവക്കു് ദുരിതപൂരിതമായിരുന്നു. രാത്രി ഒരു ആയിരം രാത്രികൾപോലെ തോന്നി. ഇരുട്ടു് അത്യകഠിനവും നിർജ്ജീവമായ ആ നഗരത്തിൽ മിനുങ്ങിയ ദീപങ്ങൾ ഭയനീയമായവിധം അത്ര ചൂടുക്കവും, ത്രസ്തവുമായിരുന്നു. ശതാബ്ദങ്ങൾകൊണ്ടു് സംവിധാനം ചെയ്യപ്പെട്ട ആ നഗരം മനുഷ്യരുടെ രക്തം ഊറ്റിഎടുത്ത ആ ഘോരസത്വം അതിന്റെ ഗർഹണീയമായ സകല വിലക്ഷണതകളോടുംകൂടി കല്ലിനോടും തടിയോടും കരുണമായ ഒരു കുരുപോലെ അവരുടെ മുൻപിൽ ഉയർന്നിരുന്നു. ഭവനങ്ങളുടെ ദർശനമില്ലാത്ത ജാലകങ്ങൾ, ജീവിതത്തിന്റെ യഥാർത്ഥതത്ത്വത്തിലുള്ള യജമാനന്മാർ നൂതനമായ ഒരു ഉയർജ്ജസ്വലതയോടെ ഇപ്പോൾ നടന്നിരുന്ന നഗരവീഥികളിലേയ്ക്കു് ക്ഷുധിതമായും, ഭ്രാന്തമായും നോക്കിക്കൊണ്ടുനിന്നു. അവക്കും വിശപ്പുണ്ടായിരുന്നു. മറ്റുള്ളവരേക്കാൾ വിശപ്പുണ്ടായിരുന്നു. എങ്കിലും ആ അനുഭവം അവക്കു് പരിചയമുള്ള ഒന്നായിരുന്നു. അവരുടെ ശരീരക്ലേശം ജീവിതത്തിന്റെ യജമാനന്മാരുടെ ക്ലേശംപോലെ നിശിതമായിരുന്നില്ല. അവരുടെ ആത്മാക്കളിൽ പ്രകാശത്തോടെ എരിഞ്ഞ ജ്വാലയെ അതു് നിഷ്പ്രഭമാക്കിയും ചെയ്തില്ല. തങ്ങളുടെ ശക്തിയെപ്പറ്റിയുള്ള ഒരറിവുകൊണ്ടു് അവർ ത്രസിച്ചു, വരാൻപോകുന്ന വിജയത്തെക്കുറിച്ചുള്ള വാഗ്ദാനം അവരുടെ നയനങ്ങളിൽ തിളങ്ങി.

അവർ നഗരവീഥികളിൽ, അവരെ പുച്ഛിക്കയും നിന്ദിക്കയും ചെയ്തിരുന്നതും, അവരുടെ ആത്മാക്കളിൽ ഒട്ടേറെ ഹാനികരം വരുത്തിയതുമായ അവരെ തെരുക്കിനടുച്ചിരുന്ന ഈ ഭീഷണമായ തുറങ്കിൽ അവർ സൈരമായി സഞ്ചരിച്ചു. അവരുടെ പ്രഭാതത്തിന്റെ മാഹാത്മ്യം അവർകണ്ടു. ജീവിതത്തിന്റെ യജമാനന്മാരും, അതിന്റെ നിയമങ്ങളുടെ നിർമ്മിതാക്കളും, അതിന്റെ സൃഷ്ടികർത്താക്കളും ആയിരിക്കുന്നതിനു് അവക്കുള്ള പാവനമായ അവകാശത്തെക്കുറിച്ചുള്ള ബോധം ഇതു് അവക്കു വാക്കി. അനന്തരം ഒരു നൂതനശക്തിയോടുകൂടി, കണ്ണഞ്ചിപ്പിക്കുന്ന ഒരു പ്രഭയോടുകൂടി ജീവമായകമായ ആ സംയോജകപദം മുഴങ്ങി: "സഖാവു്!"

ഭാവിയെപ്പറ്റിയുള്ള സന്തോഷവാർത്തപോലെ—സകലരേയും പ്രതീക്ഷിച്ച നവജീവിതത്തി

"രണ്ടു വിദ്വത്കവികൾ"

വെള്ളത്തേരിൽ കേശവൻവൈദ്യർ!

ചെത്തന്നെല്ലിൽ കൃഷ്ണൻവൈദ്യർ!

(ജീവചരിത്രവും സാഹിത്യസേവനങ്ങളും)

ഗ്രന്ഥകർത്താ — മഹോപാദ്ധ്യായ, വിദ്വാൻ വി. കുഞ്ഞുകൃഷ്ണൻ.

"..... ശ്രീ ചട്ടമ്പിസ്വാമികളുടേയും ശ്രീനാരായണഗുരുസ്വാമികളുടേയും സഹവാസവും അന്തേവാസിത്വവുംകൊണ്ടു ഉദ്ബുദ്ധചൈതന്യരായ ഈ കവിവരന്മാരുടെ ജീവചരിത്രം കേരളോപാഖ്യാനചരിത്രത്തിൽ മാത്രമല്ല കേരളീയ സമുദായചരിത്രത്തിലും ഒരു സുപ്രധാന ഘട്ടത്തെ പൂർവ്വാധികം പ്രകാശമാനമാക്കുമെന്നുള്ളതിൽ സംശയമില്ല. ലളിതവും രുചിരവുമായ ഭാഷയിൽ പ്രതിപാദ്യം പ്രകാശിപ്പിക്കുന്നതിൽ പണ്ഡിതനായ ഗ്രന്ഥകർത്താവ് സർവ്വഥാ വിജയിച്ചിട്ടുണ്ടു്....."

ശ്രീ. എൻ. ഗോപാലപിള്ള എം. എ.

പ്രിൻസിപ്പൽ, സംസ്കൃതകോളേജ്.

"..... പ്രതികൂല പരിതഃസ്ഥിതികളിൽക്കൂടി രണ്ടു ദിവ്യനാളങ്ങൾപോലെ ഉയർന്നവന്ന ഈ വിദ്വത്കവികളുടെ ജീവിതകഥ ഇതുനാളും നിർദ്ദയമായി വിസ്മൃതമായിക്കിടന്നപോരായ്മയാണു് ശ്രീമാൻ വി. കുഞ്ഞുകൃഷ്ണന്റെ പരിശ്രമംകൊണ്ടു ഇപ്പോഴെങ്കിലും പരിഹൃതമാകുന്നതു്....."

ശ്രീ. കെ. കുത്തികേയൻ എം. എ.

ചീഫ് എഡിറ്റർ, "കേരളകൌമുദി"

സഹൃദയന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചതു്!!

വില തൃപ ഒന്നര—കച്ചവടക്കാക്കു പ്രത്യേക കമ്മീഷൻ.

Apply to:— വി. മാധവൻ, ആനപ്പുറത്തയിൽ

മുട്ടത്തറ, തിരുവനന്തപുരം

ന്റെ സന്തോഷവാർത്തപോലെ വർത്തമാനത്തിലെ പൊളിവാക്കുകൾക്കിടയിൽ അതു് മുഴങ്ങി ആ ജീവിതം, അതു് ദൂരത്തോ, അടുത്തോ, എവിടെ ആണു്. അവരാണതു് തീരുമാനിക്കേണ്ടതെന്നു് അവക്കു് തോന്നി. അവർ സ്വാതന്ത്ര്യത്തെ സമീപിക്കയായിരുന്നു. അവർ തന്നെ അതിന്റെ സമാഗമത്തെ വിളംബപ്പെടുത്തുകയായിരുന്നു.

iii

വൃത്തിഹീനമായ തെരുവിൽ ആരെങ്കിലും തന്റെ അടുക്കൽ വന്നു് ഒരു ചില്ലിക്കാശിനു് തന്റെ ലാളനകൾ ക്രൂരമായി വിലയ്ക്കുവാങ്ങുവാൻ കാത്തു് നിന്നു് മുഷിഞ്ഞ ഇന്നലെപ്പോലും ഒരു ജീർണ്ണപ്പട്ടിണിജന്തു ആയിരുന്ന വേശ്യാ—അവളും ആ വാക്കു് കേട്ടു അവൾ കഴങ്ങി മന്ദഹസിച്ചു. എങ്കിലും ആ വാക്കു് ആവർത്തിക്കുവാൻ അവൾ ധൈര്യപ്പെട്ടില്ല. ഒരു പുരുഷൻ അവൾക്കു സമീപം വന്നു ഇതിനു് മുൻപു് ഒരിക്കലെങ്കിലും അവളുടെ വഴിയെ കടന്നിട്ടില്ലാത്ത ഒരുവൻ അവന്റെ കൈ അവളുടെ തോളിൽ വച്ചുകൊണ്ടു് ഒരു ബന്ധുവിനോടെന്നപോലെ അവളോടു് സംസാരിച്ചു.

"സഖാവു്!" അയാൾ പറഞ്ഞു. മാരിവേറാ അവളുടെ ഹൃദയത്തിനു് അതിനു് മുൻപൊരിക്കലും അറിഞ്ഞിട്ടില്ലായിരുന്ന വിധത്തിലുള്ള ആനന്ദംകൊണ്ടു് കരയാതിരിക്കുവാൻ അവൾ മുഖം വായിൽ സ്ത്രീഭയായി പൊട്ടിച്ചിരിച്ചു. അശ്രുക്കൾ, വിശുദ്ധമായി പുതുജന്മമെടുത്ത ആനന്ദത്തിന്റെ അശ്രുക്കൾ ഇന്നലെ ലോകത്തെ ധിക്കാരപൂർവ്വം ക്ഷുഭിതമായി തുറിച്ചുനോക്കിയ അവളുടെ കണ്ണുകളിൽ തിളങ്ങി. ലോകത്തിലെ അജ്ഞാനികളുടെ മഹാകുടുംബത്തിൽ പ്രവേശിക്കപ്പെട്ടിരുന്ന ഭ്രഷ്ടരുടെ ഈ ആനന്ദം ആ നഗരത്തിലെ തെരുവുകളിൽ എല്ലായിടവും പ്രകാശിച്ചു, അവിടത്തെ വീടുകളുടെ മങ്ങിയ നയനങ്ങൾ വളർന്നവരുന്ന ഔഷ്ണ്യവിചാരത്തോടും, അന്ധസ്ഥയോടുംകൂടി ഇതു് നോക്കിനിന്നു.

യാചകൻപോലും ഈ വാക്കു് കേട്ടു. ഇന്നലെപോലും അവനെ ഒഴിച്ചുവിടാനും തങ്ങളുടെ മനസ്സാക്ഷിയെ രക്ഷിക്കാനും തുപ്പിവന്ന ആളുകൾ അവനു് ഒരു ചില്ലിക്കാശു് ഏറിഞ്ഞുകൊടുത്തിരുന്നു. ആനന്ദവും, കൃതജ്ഞതയുംകൊണ്ടു് അവന്റെ പാവപ്പെട്ട ദാരിദ്ര്യം കരണ്ട ഹൃദയം സ്പന്ദിക്കുവാൻ ഇടയാക്കിയ ആദ്യഭിക്ഷ അവനു് ആ പടമായിരുന്നു.

തനിക്കു് കിട്ടിയ ധനം തന്റെ പട്ടിണി കിടന്നു് തളർന്ന കതിരയ്യു് കൈമാറുവാൻ വേണ്ടിവാടകക്കാർ തുടുകുത്തു് തൊഴിച്ചിരുന്ന കഥയില്ലാത്ത വണ്ടിക്കാരൻ—താഡനങ്ങൾക്കു് പരിചിതനായി കർങ്കൽ റോഡുകളിൽ വണ്ടിച്ചക്രങ്ങൾ ഉരുളുന്ന ശബ്ദംകേട്ടു് ഇന്ദ്രിയമാന്ദ്യം ഭവിച്ച ഈ മനുഷ്യൻപോലും വഴിയേപോയ ഒരാളോടു് വെളുക്കെ മന്ദഹസിച്ചുകൊണ്ടു പറഞ്ഞു:—

"സഖാവേ, വരുന്നുണ്ടോ? കയറിക്കൊള്ളൂ"

"അതോടെ ആ വാക്കിന്റെ ശബ്ദംകൊണ്ടു ഭയന്നു് വേഗത്തിൽ ഓടിച്ചുപൊയ്ക്കളയാൻ സന്നദ്ധനായി. അവൻ കടിഞ്ഞാൺ കൂട്ടിപ്പിടിച്ചു് ചുവന്നു് വിശാലമായ അവന്റെ മുഖത്തുനിന്നു് സൌഭാഗ്യകരമായ ആ മന്ദഹാസം തുടച്ചുകളയാൻ അപ്രാപ്തനായി, ആ വഴിപോക്കനെ നോക്കി.

വഴിപോക്കൻ സ്നേഹപൂർവ്വം തിരിഞ്ഞുനോക്കി, തലയാട്ടിക്കൊണ്ടു് പറഞ്ഞു:—"സഖാവേ" വേണ്ട, ഉപകാരം എനിക്കു ദൂരെ ഒന്നും പോകാനില്ല.

അപ്പോഴും മന്ദഹസിച്ചുകൊണ്ടും കണ്ണുകൾ സൗഭാഗ്യപൂർവ്വം ചിമ്മിക്കൊണ്ടും ആ വണ്ടിക്കാരൻ സീറ്റിൽ ഒന്നു തിരിഞ്ഞിരുന്നു. ഒരു വലിയ കുച്ചുപ്പുടോടെ തെരുവിൽക്കൂടി ഓടിച്ചുപോയി.

ഒരുങ്ങിയ സംഘങ്ങളായിനിരത്തുകളിൽ ജനങ്ങൾ നടന്നു. ഒരു അഗ്നികണംപോലെ ലോകത്തെ സംയോജിപ്പിക്കുവാൻ വിധിക്കപ്പെട്ട ആ മഹത്തായപദം അവരുടെ ഇടയിൽ മുൻപിൽ വലിച്ചെറിയപ്പെട്ടു.

"സഖാവു്!"

ഒരു തെരുവിന്റെ മൂലയിൽ പ്രസംഗിച്ചുകൊണ്ടുനിന്ന ഒരു വൃദ്ധന്റെ ചുറ്റും കൂടിയിരുന്ന ജനക്കൂട്ടത്തിനു് സമീപം കുതിരവച്ചു് ഗൌരവവും പ്രാമാണ്യവും തികഞ്ഞുചെന്ന ഒരു പോലീസുകാരൻ ഏതാനും നിമിഷം ആ വൃദ്ധൻ പറയുന്നതു് ശ്രദ്ധിച്ചശേഷം സാവധാനത്തിൽ പറഞ്ഞു: —

"തെരുവുകളിൽ സഭകൂടുന്നതു്. നിയമവിരുദ്ധമാണു്. പിരിഞ്ഞുപോകൂ—മാനുഷ്യരേ!.....

ഒരു സെക്കൻറു നേരം സന്ദേഹിച്ചുനിന്നു ഷം അയാൾ കണ്ണുകൾ താഴ്ത്തി ശബ്ദമുയർത്തി പറഞ്ഞു, സഖാക്കളേ! എന്നുകൂടി.

ഈ പദം ഹൃദയത്തിൽ വഹിച്ചുപോരുടെ, തിനു് രക്തമാംസങ്ങളും, ഐകുത്തിനായു ആഹ്വാനകാഹളത്തിന്റെ പരുഷശബ്ദവും നകീയവരുടെ മുഖങ്ങളിൽ യുവസൃഷ്ടികർത്താടെ ഗർവ്വു് ഉജ്വലിച്ചിരുന്നു. ഈ പദത്തി അവർ കോരിവാരിച്ചൊരിഞ്ഞിരുന്ന ശക്തി നശ്വരവും, അക്ഷമയും ആയിരുന്നു എന്നു് കതമായിരുന്നു.

അവക്കെതിരായി നരച്ചു് അന്ധരായി ധധാരികളായ ആ കൂട്ടങ്ങളെ അതിനകം ചുത്തുകൊണ്ടിരുന്നു. അവർ നിശ്ശബ്ദരായി വരികളിൽ അണിനിരക്കുകയായിരുന്നു. മർദ്ദരുടെ കടുകോപം നീതിക്കായി സമരംചെകലാപകാരികളുടെ മേൽ നിപതിക്കുവാൻ കയായിരുന്നു.

ആ വലിയ നഗരത്തിലെ വളഞ്ഞിടുങ്ങിതെരുവുകളിൽ ആരെന്നാവിവില്ലാത്ത ശില്പികളുകൈകൾ കെട്ടിപ്പടുത്ത തണുത്തു് നിശ്ശബ്ദമായ ഭിത്തികൾക്കിടയിൽ മനുഷ്യസാഹോദരത്തിൽ ഒരു മഹാവിശ്വാസം പരന്നു് പാകമാകുകയായിരുന്നു.

"സഖാക്കളേ!"

അങ്ങുമിങ്ങും സകലമനുഷ്യരും സ്വാഭാവികമായുള്ള ശക്തവും പ്രസന്നവുമായ വികാരംകൊണ്ടു് ലോകത്തെ മുടുമനുള്ള ജാലയായി കത്തിക്കാളുവാൻ വിധിക്കപ്പെട്ടിരുന്ന അഗ്നി പൊട്ടിപ്പുറപ്പെട്ടു. അതു് ഈ ലോകത്തെ ആവരണം ചെയ്ത അതിനെ ദഹിപ്പിക്കും. നമ്മെ വിഭജിപ്പെടുത്തുന്ന ദുഷ്ടബുദ്ധിയേയും, വിദ്വേഷത്തേയും ക്രൂരതയേയും അതു് പാമ്പലാക്കും. സ്വാർത്ഥതൊഴിലാളികളുടെ അടുത്തുചേർന്ന ഒരു സ്നേഹിതകുടുംബത്തിൽ ബന്ധപ്പെട്ട ജ്ഞാനബുദ്ധികളും, ഉൽക്കൃഷ്ടരുമായ സ്ത്രീ പുരുഷന്മാരുടെ ഹൃദയമായി ഒരൊറ്റ ഹൃദയമായി അതു് സകല ഹൃദയങ്ങളേയും ഉരുക്കിച്ചേർക്കും.

മൃതമായ ആ നഗരത്തിന്റെ വീഥികളിൽ ക്രൂരതസർവ്വാധിപത്യം സ്ഥാപിച്ചിരുന്ന ആ നഗരവീഥികളിൽ അടിമകൾ മനുഷ്യനിൽ വിശ്വാസം കെട്ടിപ്പടുത്തു. തന്റെമേലും ലോകത്തെ തിന്മയുടെമേലും അവനുണ്ടായ വിജയത്തിൽ അതു് വളരുന്ന ശക്തി സംഭരിച്ചു.

അസ്വസ്ഥമായി ആനന്ദവിഹീനമായ ജീവിതത്തിന്റെ കഴക്കത്തിൽ പ്രഭാപൂർണ്ണമായി ആഹ്ലാദകരമായ ഒരു നക്ഷത്രംപോലെ ഭാവിയിലേക്കുള്ള ഒരു പന്ഥാംപോലെ ലഘുവും ഹൃദ്യംഗമവുമായ ആ പടം പ്രകാശിച്ചു.

"സഖാക്കളേ!

Visit!
Bharat Studios,
Trivandrum.

അനുഭവമാണു്—
വിശ്വാസപ്രമാണം
ഈ വിലാസം കുമ്മായത്തിൽ ഇരിക്കട്ടെ
മുടിമോണിയൽ ബ്യൂറോ
ചങ്ങനാശേരി
യോഗ്യതാനുസരണം വധൂവരന്മാരെ തെരഞ്ഞെടുക്കുവാൻ ഞങ്ങൾ ഏർപ്പാടുചെയ്യും. എഴുത്തുകുത്തുകൾ രഹസ്യം. മറുപടിക്കു സ്റ്റാമ്പു സഹിതം എഴുതുക.
മാനേജർ.

കൊടുങ്കാറ്റിനേ കാത്തു്

[കുന്നത്തൂർ കെ. പങ്കജാക്ഷൻ]

ഏകാധിപതുരഥത്തിൻ-ചക്രം
തച്ചടച്ചുവരും വേഗം
മന്നവേന്ദ്രന്മാരതികൾ-നിന്നു
ഖിന്നരായ് ദൂരെത്തെറിച്ചു.
സ്വച്ഛമ്പോയെങ്ങോ മറഞ്ഞാൻ-എന്നു
നിശ്ചയമാരും വരിച്ചു.
നൂറാണ്ടുഭരണ തന്ത്രിൽ-മാത്രം
ആറാടിനിന്നൊരാവഞ്ചന
സാർത്ഥകമായി ഭവിച്ചു-ക്രൂരം
ആസ്ഥയാകൈക്കൊണ്ടുനിന്നു.
മോടമോടേവരും വാർത്തീ-യതി
പൂതം ജനകീയമെന്നായ്.
തപിഗ്രഹം പ്രതിഷ്ഠിച്ചു-ഭേദ
സഭാസരം തന്നിലേയും.
ശാന്തിതൻ ശംഖൊലിനാട്ടിൽ-നീള
പ്പൊന്തിടുമെന്നു നാമോർത്തു

ഇല്ലായ്മയെല്ലാമകലും-സമ്പ
പൊല്ലായ്മയും പോയ്മറയും.
പൂങ്ങും പുലരും സമത്വം-നവ്യ
മംഗലംവയ്ക്കും മഹത്വം.
സ്വാർത്ഥത ദൂരത്തകലും-സൌഖ്യ
പൂത്തിയീനാട്ടിലുയരും.
പേശലമാശകളെന്തെ-ന്തേവം
വീശിയതില്ലയീ നമ്മിൽ.
എന്നാലവരാകളെല്ലാം-വേഗം
ഒന്നോടെ കഷ്ടം! നശിച്ചു.
സത്യമെന്നോർത്തവയെല്ലാം-വൈരം
മിഥ്യയായ്മാത്രം ഭവിച്ചു.
ആശകൾ നമ്മേ നയിച്ചു-ഘോര
നാശത്തിൻ ഗർത്തത്തിലേക്കായ്.

മന്നതസ്ഥാനം ലഭിച്ചോരവർ
ഉന്നയം കൈക്കൊണ്ടുനിൽപ്പൂ.
പൂഴിപോൽ പുച്ഛിച്ചു തള്ളീ-വൈരം
പാഴ്ശീ കർഷിപ്പോർനമ്മെ.
വേട്ടപുലത്തി വിത്തേശ-രൊത്തു
താഴ്യിൽ നമ്മെയമർത്തി.
ആയതിലുള്ളാരമർഷം-നമ്മിൽ
ന്യായമാകട്ടെ മേന്മേൽ.
ആസന്നമാം പരിവർത്ത-നത്തിൻ
ബീജൽസമാംകൊടുങ്കാറ്റായ്
രൂപം ധരിക്കട്ടെ നമ്മിൽ-ഉയർ-
ന്നാളുന്ന വിദ്വേഷവാതം.
ഉച്ചനീചത്വം തകർത്തിട്ടു
മെച്ചമാം ഭാവിരചിക്കാൻ
ആഞ്ഞടിച്ചീടുന്ന ചുഴറാം നമു-
ക്കഞ്ഞുമുന്നോടിമേറാം.

ശബ്ദിയ്ക്കുന്ന മണൽത്തരികൾ

(ഒന്നു്)

അടിമുടിയടിമുടി വിറകൊണ്ടീടും-
പടുതിരികത്തും മനതാരിൽ;-
അയ്യയ്യയ്യതിരുകവിഞ്ഞൊരു-
പോരും കേൾക്കാമാനാട്ടിൻ:-
"ഒരുതുണ്ടിലുള്ളികളെ തുക്കിക്കൊല്ലാൻ
മെഴിവാണുന്നവരിന്നുണ്ടോ?....."
അതിനുടെ ശബ്ദം "ഒന്നാംകിടകള്ള"-
ലതിലേകരമാം വെള്ളിടിയായ്.
അതിനുടെയാശയമെറിയും സൂചികം-
ചിതറിയിറങ്ങി "തലവരിയിൽ"
അതിനുടെ ചില്ലകം ചിതറം കിലുകില-
മുതിരും ചരിതം ചിരിയുകി.

(രണ്ടു്)

തരിമണൽ തരിമണലെങ്ങും പ്രകൃതിയിൽ-
വിരിയും പുഞ്ചിരി, മണൽമാത്രം!
അതിലേപോയാൽ നിങ്ങൾക്കെന്തുവക-
യരിശംവന്നു നിറഞ്ഞീടും.

(ഏലുവന്നാട്ടു്)

അതിലേനിങ്ങൾ നടന്നാൽ തോന്നും;-
"കണ്ണുകളച്ചുകതിരിവിടെങ്ങും."
അതിലേ നിങ്ങൾ നടന്നാൽ കേൾക്കും
കാതുപൊട്ടിക്കും പോർവിളികൾ;-
മോഹനസേനകൾ ചേർന്നവിളിക്കും
ചട്ടുപ്പഴപ്പൻ പോർവിളികൾ.
ചാട്ടകൾ വീശും കുട്ടിക്കുതിരയ്
അട്ടഹസിക്കും പോർവിളികൾ
ഞെക്കിക്കൊന്നു നടക്കുന്നവരെ
തുക്കിലിടും പടപോർവിളികൾ.

(മൂന്നു്)

തരിമണലാണാനാട്ടിൽച്ചെന്നാൽ
തെരുതെരെയീങ്ങിനെ പാടീടാൻ
തരിമണലാണനാട്ടിൽച്ചെന്നാൽ
കുതിരക്കഥകൾ പറഞ്ഞീടാൻ

തരിമണലാണാനാട്ടിൻചോര-
ച്ചെറുകളുമെല്ലാം കാട്ടീടാൻ
അറിയാതൊന്നു വിറയ്ക്കും നാമതി-
ലെരിയും ചരിതം കാണുമ്പോൾ
മീകരവാഴ്വിയിൽ വെട്ടിനുറുക്കിയ-
ജീവിതനാടകം കാണുമ്പോൾ
മാനം കാക്കാൻ കുതറുമതി-
പ്പോയവർ ചത്തതു കാണുമ്പോൾ.

(നാലു്)

ചിന്തകൾ നിറയെച്ചെന്നീക്കട്ടകൾ
ചിന്തിച്ചിന്തിക്കഥയെഴുതാൻ;
മണലിൻതരികൾ-പോരുകണികകൾ-
ക്കുണയോടിവിടെച്ചേരുന്നു!
രക്തപ്രളയം ചിത്രം നൽകും-
ശക്തിയിൽവളരും ജന്മത്തായ്
അബ്ദത്താളം പണിചെയ്യുന്നു
ശബ്ദിക്കുന്ന മണൽത്തരികൾ!!

മെൻസാണ

മുതൽതിരിയുള്ള ആർത്തവം, ആർത്തവരക്തതടസ്സം, അതിസ്രവണം, അതിവേദന, അസ്ഥിസ്രാവം, പൂയമേഹം (പഴപ്പുപോക്കു്) വയറുകത്തൽ, നടുവുവേദന, തലകറക്കം, കൈകാൽപുകച്ചിൽ എന്നിങ്ങനെയുള്ള രോഗങ്ങളിൽപെട്ടഴലുന്ന സ്ത്രീജനങ്ങൾ ഞങ്ങളുടെ "മെൻസാണ" സേവിക്കുക. ഗർഭാശയസംബന്ധമായും തജ്ജനുക്കളായുമുള്ള എല്ലാരോഗങ്ങളേയും ശമിപ്പിക്കുന്നു. ഗർഭാശയത്തെ ശുദ്ധവും ബലിഷ്ഠവുമാക്കിത്തീർക്കുന്നു. ആകർഷകമായ ആരോഗ്യവും സൗന്ദര്യവും ലഭ്യമാകുന്നു. പ്രസവരക്ഷയ്ക്കും ഉത്തമം.

കുപ്പി 1-ക്കു് 4 രൂ. 8 ണ. (പാക്കിംഗ് & പോസ്റ്റേജ് പുറമേ)

N. B. ഈ ഔഷധം മെൻസോളിൻ എന്ന പേരിൽ പരസ്യം ചെയ്തിരുന്നതാണു്.

എസ്. കെ. വി. ഫാർമസി,

പാലസ് റോഡ് :: ആലപ്പുഴ

d and Published by K. Balakrishnan, at the Indira Printing Works, Pettah, Trivandrum

Reg: T. 168. Reg: M. 5661

The Kaumudi Weekly

PUBLISHED EVERY MONDAY.

Vol. I MONDAY 27th NOVEMBER 1950 No. 37

പുതിയ പ്രസിദ്ധീകരണം



കൂടുതൽവിവരങ്ങൾ അടുത്തലക്കത്തിൽ.